34th Year of Service 2026

NOT OUR MERIT BUT HIS GRACE

KERALA EXPRESS

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 27, 2026 Vol. XXXIV No. 30



SUNNY FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor

Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:
- Financial Planning & Wealth Management
- Retirement Income Strategy
- 401(k) & IRA Investment Optimization
- Estate Planning & Trusts
- Risk Management & Insurance
- Tax Planning Strategies
- Business & Employee Benefits
- Social Security & Medicare

Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability

Let's Plan Your Brighter Financial Future
847-414-9116 tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services
DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

Free Electronic Filling



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients
Home Visits Available

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Steve Crifase
Steve@Crifaselaw.com



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ബസ് ഡിവൈഡറിൽ ഇടിച്ചു മറിഞ്ഞു പിളർന്നു

10 'കൂടുമാറ്റം' പദ്ധതി തുടങ്ങുന്നു

15 എ.കെ.എം.ജി. 47-ാം കൺവൻഷൻ

17 യുവജന സംഗമത്തിന് ഉജ്ജ്വല സമാപനം

23 നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമം

### പ്രൾഹാദ് ജോഷിക്ക് പുതിയ ചുമതല

## ധർമേന്ദ്ര പ്രധാൻ രാജിവെച്ചു; സിജെപിക്ക് വിജയം

ന്യൂഡൽഹി: യുവശക്തിക്കുമുന്നിൽ മുട്ടുകുത്തി നരേന്ദ്രമോദി സർക്കാർ. നീറ്റ് പരീക്ഷാ ക്രമക്കേടിനെതിരെ വിദ്യാർത്ഥികളും യുവജനങ്ങളും നടത്തിയ 36 ദിവസത്തെ സമരം ലക്ഷ്യം കണ്ടു. വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവെച്ചു.

പതിനെട്ടാം നൂറ്റാണ്ടിൽ ജയ്പുർ രാജാവ് സവായ് ജയ്സിങ് ജ്യോതിശാസ്ത്രാലയമായി നിർമിച്ച ജന്തർ മന്തർ, യുവഭാരതത്തിന്റെ സമരഭൂമികയായി മാറിയ അഞ്ചാഴ്ചകൾക്കൊടുവിലാണ് മോദി സർക്കാരിൽനിന്ന് ഒരു കേന്ദ്രമന്ത്രി രാജിവെച്ചൊഴിഞ്ഞത്. 12 വർഷത്തെ ഭരണത്തിനിടയിൽ ഇത്തരമൊരു സംഭവം ആദ്യം. 'പ്രധാൻ അല്ലെങ്കിൽ പ്രധാനമന്ത്രി'യെന്ന പ്രതിഷേധ മുദ്രാവാക്യം ഫലം കണ്ടു. അവസാനനിമിഷംവരെ രാജി ഒഴിവാക്കി ഒത്തുതീർപ്പിനുശ്രമിച്ച സർക്കാരിന്റെ നയതന്ത്രങ്ങൾക്കാണ് തിരിച്ചടിയേറ്റത്. രാജി രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ചു. കേന്ദ്ര ഭക്ഷ്യമന്ത്രി പ്രൾഹാദ് ജോഷിക്ക് വിദ്യാഭ്യാസമന്ത്രാലയത്തിന്റെ അധികച്ചുമതല നൽകി. ഉപഭോക്തൃകാര്യം, ഭക്ഷ്യ-പൊതുവിതരണം, പുനരുപയോഗ ഊർജം തുടങ്ങിയ വകുപ്പുകൾക്ക് പുറമെയാണ് വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ചുമതല.

സർക്കാരും സി.ജെ.പിയും തമ്മിലുള്ള മൂന്നാംഘട്ടം ചർച്ചയ്ക്ക് വേദിയൊരുക്കുന്നതിനു തൊട്ടുമുൻപ്, ജൂലൈ 25-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.18-നാണ് ഹിന്ദിയിൽ, രണ്ടു പേജുള്ള രാജിക്കത്ത് ധർമേന്ദ്ര പ്രധാൻ എക്സിൽ പോസ്റ്റുചെയ്തത്. മൂന്നാംഘട്ട ചർച്ചയിൽ മറ്റുപ്രധാന ആവശ്യങ്ങളും സർക്കാർ അംഗീകരിച്ചതോടെ സമരവേദികളിൽ ആഹ്ലാദം നിറഞ്ഞു. സമരങ്ങളെല്ലാം പിൻവലിക്കുന്നതായി സി.ജെ.പി. പ്രഖ്യാപിച്ചു.

നീറ്റ് ചോദ്യച്ചോർച്ചയുമായി ബന്ധപ്പെട്ട് ജീവനൊടുക്കിയ വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് ഒരുകോടി രൂപ നഷ്ടപരിഹാരം, പ്രതിഷേധക്കാർക്കെതിരെ നിയമനടപടി പാടില്ല എന്നീ ആവശ്യങ്ങളിലും സർക്കാർ ഉറപ്പുനൽകി. ചട്ടപ്രകാരം സാധ്യമായത്ര നഷ്ടപരിഹാരം നൽകുമെന്നും സമരക്കാർക്കെതിരെ കേന്ദ്രവും എൻ.ഡി.എ. ഭരിക്കുന്ന വിവിധ സംസ്ഥാന സർക്കാരുകളും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കുമെന്നും ഈ പ്രതിഷേധങ്ങളുടെ പേരിൽ ഭാവിയിൽ ആർക്കെതിരെയും നടപടിയെടുക്കില്ലെന്നുമാണ് വാഗ്ദാനം. പരീക്ഷാ നവീകരണത്തിനായി സി.ജെ.പി മുന്നോട്ടുവെച്ചിട്ടുള്ള അഞ്ചു നിർദേശങ്ങൾ പരിഗണിക്കാമെന്നുമറിയിച്ചു.




ധർമേന്ദ്ര പ്രധാൻ

നാലാഴ്ചയ്ക്കുശേഷം സി.ജെ.പി നേതൃത്വം വീണ്ടും സർക്കാർ പ്രതിനിധികളുമായി ചർച്ചനടത്തും. ഇക്കാര്യങ്ങളിൽ സർക്കാരിന്റെ രേഖാമൂലമുള്ള ഉറപ്പ് ജൂലൈ 28-നകം നൽകും. കേന്ദ്ര മന്ത്രിമാരായ ജെ.പി. നഡ്ഡ, ജിതേന്ദ്ര സിങ് എന്നിവരും സി.ജെ.പി. വക്താക്കളായ സൗരവ് ദാസ്, അശുതോഷ് റാങ്ക എന്നിവരുമാണ് ചർച്ചയിൽ പങ്കെടുത്തത്. തുടർന്ന് ഇവർ സംയുക്ത പത്രസമ്മേളനം നടത്തി തീരുമാനങ്ങൾ പ്രഖ്യാപിച്ചു.

പരീക്ഷാ ക്രമക്കേടുകളുടെ പേരിൽ സി.ജെ.പി. തുടങ്ങിയ സമരം വിദ്യാർത്ഥികളും യുവജനങ്ങളും ഇന്ത്യയാകെത്തന്നെയും ഏറ്റെടുക്കുകയായിരുന്നു. സാമൂഹികമാധ്യമ മുന്നേറ്റമെന്ന നിലയിൽ തുടക്കത്തിൽ സമരത്തെ അവഗണിക്കുകയും പിന്നീട് അടിച്ചൊതുക്കുകയും ചെയ്ത സർക്കാർ യുവജനരോഷത്തിനുമുന്നിൽ ഗത്യന്തരമില്ലാതെയാണ് കീഴടങ്ങിയത്. ദേശവിരുദ്ധ ശക്തികൾ സാഹചര്യം മുതലാക്കാതിരിക്കാൻകൂടി വേണ്ടിയാണ് രാജിവെക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിക്കയച്ച കത്തിൽ പ്രധാൻ പറഞ്ഞു.

## മത്സര പരീക്ഷകളുടെ ഘടന പരിഷ്കരിക്കുന്നു

ന്യൂഡൽഹി: യുവരോഷത്തിന്റെ മൂർച്ചയറിഞ്ഞ കേന്ദ്രസർക്കാർ, പരീക്ഷാക്രമക്കേടു വിവാദം തണുപ്പിക്കാനുള്ള 'രക്ഷാപ്രവർത്തനം' സജീവമാക്കി. ഇന്ത്യയിലെ മത്സരപ്പരീക്ഷകളുടെ ഘടനയും നടത്തിപ്പും പരിഷ്കരിക്കാൻ ഇൻഫോസിസ് സഹസ്ഥാപകൻ നന്ദൻ നിലേകനിയുടെ നേതൃത്വത്തിൽ ഉന്നതതല കർമസേനയെ കേന്ദ്ര സർക്കാർ നിയോഗിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇൻസ്റ്റഗ്രാം വീഡിയോയിലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. നീറ്റ്-യുജി ചോദ്യക്കടലാസ് വിവാദത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായിരുന്ന ധർമേന്ദ്ര പ്രധാന്റെ രാജിക്കു പിന്നാലെയാണു പുതിയ പ്രഖ്യാപനം. പരീക്ഷാ പരിഷ്കരണവുമായി ബന്ധപ്പെട്ട സിജെപിയുടെ ആവശ്യങ്ങൾ പരിഗണിക്കുമെന്നു സർക്കാർ ഈയിടെ ഉറപ്പു നൽകിയിരുന്നു.



നന്ദൻ നിലേകനി

ധർമേന്ദ്ര പ്രധാന്റെ രാജി ആവശ്യവുമായി കോക്രോച്ച് ജനത പാർട്ടി (സിജെപി)യുടെ നേതൃത്വത്തിൽ പാർലമെന്റിലേക്കു നടന്ന മാർച്ചിനു നേരെയുണ്ടായ ക്രൂരമായ പോലീസ് ആക്രമണം രാഷ്ട്രീയ ആയുധമാക്കാനും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ രാജി ആവശ്യപ്പെടാനും പ്രതിപക്ഷം തീരുമാനിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദി മാപ്പുപറയണമെന്ന ആവശ്യവും പാർലമെന്റ് സമ്മേളനത്തിൽ ഉയർത്തും. വിദ്യാർത്ഥികൾക്കു നേരെയുണ്ടായ ആക്രമണത്തിന്റെ ഉത്തരവാദിത്തം ആവശ്യപ്പെട്ടു പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് കത്തയച്ചു. (ശേഷം 34-ാം പേജിൽ)

## പെല്ലറ്റ് തോക്ക് ഉപയോഗിച്ച സംഭവം; വീഴ്ച സമ്മതിച്ച് ആർഎഎഫ് മേധാവി

ന്യൂഡൽഹി: കഴിഞ്ഞ 20-ന് നടന്ന പാർലമെന്റ് മാർച്ചിനിടെ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡം അനുസരിച്ചായിരുന്നില്ലെന്ന് റാപ്പിഡ് ആക്ഷൻഫോഴ്സ് (ആർഎഎഫ്) മേധാവി സമ്മതിച്ചതായി റിപ്പോർട്ട്. ആഭ്യന്തര മന്ത്രാലയം നടത്തിയ അവലോകനത്തിലാണ് ആർഎഎഫ് മേധാവി വീഴ്ച സമ്മതിച്ചത്. ആർഎഎഫ് ജവാനാണ് പെല്ലറ്റ് ഗൺ ഉപയോഗിച്ചത്. കൊണാട്ട് പ്ലേസിലെ ഡ്യൂട്ടിക്കിടെയാണ് പെല്ലറ്റ് ഗൺ ഉപയോഗിച്ചത്. ഏഴ് റൗണ്ട് പെല്ലറ്റ് ഉപയോഗിച്ചു. അഞ്ച് റൗണ്ട് പ്രതിഷേധക്കാരുടെമേൽ തറച്ചു. നാലു പേർക്ക് പരുക്കേറ്റു.

വിദ്യാർത്ഥികളെയും യുവാക്കളെയും നേരിടാൻ സുരക്ഷാ ഉദ്യോഗസ്ഥർ പെല്ലറ്റ് തോക്ക് ഉപയോഗിച്ചിരുന്നു. അതേസമയം, ഈ വിഷയത്തിൽ തുടർനടപടികൾ ഉണ്ടാകുമോ എന്നത് വ്യക്തമല്ല. കേന്ദ്ര റിസർവ് പോലീസ് സേനയ്ക്ക് (സിആർപിഎഫ്) കീഴിൽ 1992-ൽ രൂപം നല്കിയ ആർഎഎഫ്നെയാണ് കലാപം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ നേരിടാൻ നിയോഗിക്കുന്നത്.

### സിഎംആർഎൽ – എക്സാലോജിക് പണമിടപാട്

## പ്രതികളുടെ ആസ്തി കണ്ടുകെട്ടുന്നു

കൊച്ചി: സിഎംആർഎൽ - എക്സാലോജിക് സാമ്പത്തിക ഇടപാട് കേസിൽ പ്രതികളുടെ ആസ്തി പൂർണമായും കണ്ടുകെട്ടാനൊരുങ്ങി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി). കേസിന്റെ ഭാഗമായി സിഎംആർഎൽ ഡയറക്ടർമാരുമായി ബന്ധപ്പെട്ട 26 കോടിയുടെ ആസ്തികളും കേസിലെ 12 പ്രതികളുടെയും സ്ഥാപനങ്ങളുടേതുമായി ആകെ 29 കോടി രൂപയുടെ സ്വത്തുക്കളുമാണ് ഇഡി താൽക്കാലികമായി കണ്ടുകെട്ടിയിട്ടുള്ളത്.

പിണറായിയുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ പേരിലാണ് പണം നല്കിയതെന്ന് കർത്ത പറഞ്ഞതാണ് ഇപ്പോൾ കുരുക്കായിരിക്കുന്നത്. ഈ പണത്തിന് പകരം സേവനം നല്കിയിട്ടില്ല.

പിണറായി വിജയനും മകൾ വീണയ്ക്കും ചോദ്യം ചെയ്യലിനായി സമൻസ് അയയ്ക്കാനുള്ള നടപടി ഇഡി ആരംഭിച്ചതായാണ് സൂചന. ആദ്യം സിഎംആർഎലിനു സേവനം നല്കിയിരുന്നെന്നു പറഞ്ഞ വീണ കൃത്യമായ രേഖകളോ വിശദാംശങ്ങളോ നല്കിയിരുന്നില്ല. ബെംഗ്ലൂരുവിലെ എക്സാലോജിക് ഓഫീസിലെ സിസ്റ്റത്തിൽ ഇതു സംബന്ധിച്ച വിവരങ്ങളു





ണ്ടെന്നും എന്നാൽ ആ ഓഫീസ് പൂട്ടിപ്പോയെന്നുമായിരുന്നു വീണയുടെ വാദം. പിന്നീട് സേവനം നല്കിയില്ലെന്ന നിലപാടിലേക്ക് വീണതന്നെ എത്തിയതായി ഇഡി വ്യക്തമാക്കുന്നു.

മെയ് 27-ന് നടന്ന റെയ്ഡിൽ ഐഫോണിനു പുറമെ ചുവന്ന കവറുള്ള ഡയറിയും എ ഫോർ ഷീറ്റുകളും അന്വേഷണസംഘം പിടിച്ചെടുത്തിട്ടുണ്ട്. പണം എത്തിയതിനെക്കുറിച്ചും അത് ചെലവഴിച്ചതിനെക്കുറിച്ചുമുള്ള കൃത്യമായ രേഖകൾ (ശേഷം 34-ാം പേജിൽ)

# ബസ് ഡിവൈഡറിൽ ഇടിച്ചു മറിഞ്ഞു പിളർന്നു ഒരു മരണം; മൂന്നുപേരുടെ നില ഗുരുതരം

കുറ്റിപ്പുറം (മലപ്പുറം): കുറ്റിപ്പുറത്ത് ദേശീയപാതയിൽ നിയന്ത്രണം വിട്ട ബസ് ഡിവൈഡറിൽ ഇടിച്ചു തലകീഴായി മറിഞ്ഞു. അപകടത്തിൽ ഒരാൾ മരിക്കുകയും മൂന്നു പേർക്കു ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തു. കോഴിക്കോട് പെരുവയൽ ചെറുകുളത്തൂർ പാറ സ്വദേശി മാവന്നൂർ പടിക്കൽ വൈഷ്ണവ് (31) ആണ് മരിച്ചത്. ഡ്രൈവറും കണ്ടക്ടറും ഉൾപ്പെടെ ബസിലുണ്ടായിരുന്ന 26 പേർക്കു പരുക്കേറ്റു. ഇതിൽ ഡ്രൈവറടക്കം മൂന്നു പേരുടെ നില ഗുരുതരമാണ്.

ഇടിയുടെ ആഘാതത്തിൽ ബസിൽ നിന്ന് പുറത്തേക്ക് തെറിച്ചുവീണ വൈഷ്ണവ് അപകടസ്ഥലത്തു തന്നെ മരിച്ചു. ടൈൽസ് ജോലി ചെയ്യുന്ന വൈഷ്ണവ് സഹോദരൻ വൈശാഖിനൊപ്പം പരീക്ഷയ്ക്ക് പോകുകയായിരുന്നു. മറ്റൊരു വാഹനത്തെ ഓവർടേക്ക് ചെയ്യുന്നതിനിടെ നിയന്ത്രണം വിട്ട് ഡിവൈഡറിൽ ഇടിച്ചതാണ് അപകടത്തിനു കാരണമെന്നാണ് നിഗമനം.

ഇടിയുടെ ആഘാതത്തിൽ ബസിന്റെ ടയർ ഊരിത്തെറിക്കുകയും വാഹനം രണ്ടായി പിളരുകയും ചെയ്തു. ബസിന്റെ മധ്യഭാഗം ഒടിഞ്ഞു തൂങ്ങിയ നിലയിലായിരുന്നു. നേരത്തെയുണ്ടായ അപകടത്തെ തുടർന്ന് റോഡരികിൽ നിർത്തിയിട്ടിരുന്ന കാറിനു മുകളിലേക്കാണ് ബസ് മറിഞ്ഞത്. കാർ പൂർണമായും തകർന്നു. ബസിന്റെ അമിത വേഗവും മഴമൂലം റോഡ് നനഞ്ഞ് കിടന്നതും അപകടത്തിനു വ്യാപ്തി കൂട്ടി. ബസിന്റെ പിൻഭാഗം പൊളിച്ചാണ് ആളുകളെ പുറത്തെത്തിച്ചത്.



നിയന്ത്രണംവിട്ട ബസ് ഡിവൈഡറിലിടിച്ച് തലകീഴായി മറിഞ്ഞുണ്ടായ അപകടം.

# ആഴ്ചയിൽ അഞ്ച് ദിവസം ഇനി ഡ്രൈവിങ് ടെസ്റ്റ്

തിരുവനന്തപുരം: ഡ്രൈവിങ് ടെസ്റ്റിന് സ്ലോട്ട് കിട്ടുന്നില്ലെന്നും ടെസ്റ്റ് വൈകുന്നുവെന്നുമുള്ള പരാതി വ്യാപകമായതിനെ തുടർന്ന് എല്ലാ ജില്ലയിലും ആഴ്ചയിൽ അഞ്ച് ദിവസവും ഡ്രൈവിങ് ടെസ്റ്റ് നടത്താൻ മോട്ടോർവാഹന വകുപ്പ് തീരുമാനിച്ചു. നിലവിൽ മൂന്ന് മുതൽ അഞ്ച് വരെ ദിവസങ്ങളിലാണ് ടെസ്റ്റ് നടക്കുന്നത്.

ടെസ്റ്റ് സ്ലോട്ടുകളുട എണ്ണം 40-ൽ നിന്ന് 50 ആയും ഉയർത്തി. 28 പുതിയ അപേക്ഷകർക്കും റീ ടെസ്റ്റിനു ഹാജരാകുന്ന 20 പേർക്കും വിദേശത്ത് തൊഴിലിനോ പഠനത്തിനോ പോകുന്ന രണ്ട് പേർക്കുമാണ് ഒരു ദിവസം അവസരം ലഭിക്കുക. അടുത്ത മൂന്ന് മാസത്തേക്കാണ് പുതിയ നിർദേശമെന്ന് ഗതാഗത കമ്മീഷണറുടെ ഉത്തരവിൽ പറയുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് ഇപ്പോൾ നീക്കിയത്.

ബുക്കിങ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ടെസ്റ്റിനുള്ള സ്ലോട്ടുകൾ ലഭ്യമാക്കും. റീ ടെസ്റ്റ് എടുക്കുന്നവർക്ക് എട്ട് ദിവസത്തിനുള്ളിലും ലേണേഴ്സ് ടെസ്റ്റ് എടുക്കുന്നവർക്ക് മൂന്ന് ദിവസത്തിനുള്ളിലും സ്ലോട്ട് അനുവദിക്കും. ഒഴിവുള്ള സ്ലോട്ടുകളുണ്ടെങ്കിൽ അർഹരായ മറ്റ് അപേക്ഷകർക്ക് അവസരമുണ്ടാകും. ഓൺലൈൻ പരീക്ഷാ സെന്ററുകളുടെ എണ്ണം വർധിപ്പിക്കുന്നതനുസരിച്ച്, ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് എഴുതുന്നവർക്ക് ഫേഷ്യൽ റെക്കഗ്നിഷൻ ബേസ്ഡ് ഓതന്റിക്കേഷൻ (മുഖം തിരിച്ചറിയൽ) സംവിധാനവും നടപ്പാക്കും. പരീക്ഷയ്ക്കു മുൻപും പരീക്ഷ നടക്കുന്നതിനിടയിലും മുഖം തിരിച്ചറിയൽ പരിശോധനയുണ്ടാകും

# പട്ടാപ്പകൽ യുവാവിനെ വെട്ടിക്കൊലപ്പെടുത്തി

തിരുവനന്തപുരം: തലസ്ഥാനനഗരത്തിൽ കൈതമുക്കിനു സമീപം പട്ടാപ്പകൽ യുവാവിനെ വെട്ടിക്കൊലപ്പെടുത്തി. ചാമക്കട സ്വദേശി വിശാഖാണു കൊല്ലപ്പെട്ടത്. സംഭവത്തിൽ ബന്ധുവും അയൽവാസിയുമായ പ്രദീപും മറ്റു മൂന്നുപേരും പിടിയിൽ.

ദീർഘനാളായി നിലനിന്നിരുന്ന അതിർത്തിത്തർക്കമാണ് കൊലപാതകത്തിനു കാരണമെന്നു പോലീസ് പറഞ്ഞു. ജൂലൈ 26-ന് ഉച്ചയ്ക്ക് വീട്ടിൽ നിന്ന് പുറത്തേക്കിറങ്ങാൻ തുടങ്ങിയ വിശാഖിനെ വെള്ള മാരുതി ആൾട്ടോ കാറിലെത്തിയ സംഘം മാരകായുധങ്ങളുമായി ആക്രമിക്കുകയായിരുന്നു. കൈക്കും കാലിനും വയറിനും ഗുരുതരമായി വെട്ടേറ്റ വിശാഖിനെ നാട്ടുകാരും പോലീസുംചേർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും വഴിമധ്യേ മരിച്ചു.

ആക്രമണത്തിന് ശേഷം പ്രതികൾ രക്ഷപ്പെട്ട കാർ പുലയനാർകോട്ടയിൽ ഉപേക്ഷിച്ച നിലയിൽ പോലീസ് കണ്ടെത്തി. വാഹനത്തിൽ മദ്യക്കുപ്പികളും വെട്ടുകത്തികളുമുണ്ടായിരുന്നു. പിന്നീടാണ് നാല് പ്രതികളെയും പിടികൂടിയത്.

വിശാഖും പ്രദീപും തമ്മിൽ ദീർഘനാളായി അതിർത്തിത്തർക്കം നിലനിന്നിരുന്നു. പല തവണ ഇരുവരും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ട്. ഇതിന്റെ പേരിൽ കേസുകളുമുണ്ട്. ആറു മാസം മുമ്പ് പ്രദീപിനെ ആക്രമിച്ച കേസിൽ വിശാഖ് പ്രതിയാണ്.

പ്രശ്നങ്ങൾ ഒഴിവാക്കാനായി വിശാഖ് അടുത്തിടെ മലയൻകീഴിലെ ഒരു വീട്ടിലായിരുന്നു താമസം. ജൂലൈ 26-ന് ഭക്ഷണം കഴിക്കാനായി കൈതമുക്കിലെ വീട്ടിലെത്തിയപ്പോഴാണ് ആക്രമണം നടന്നത്. കൊല്ലപ്പെട്ട വിശാഖിന് ചെറിയ തോതിൽ മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നതായി നാട്ടുകാർ പറഞ്ഞു.

സിറ്റി പോലീസ് കമ്മീഷണൽ, എസിപി എന്നിവരുൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്തെത്തി പരിശോധന നടത്തി. സ്ഥലത്തെ സിസിടിവി ക്യാമറകൾ പ്രവർത്തനരഹിതമായിരുന്നെങ്കിലും പ്രതികളെയും അവർ സഞ്ചരിച്ച വാഹനത്തെയും സംബന്ധിച്ച് പോലീസിന് വ്യക്തമായ സൂചനകൾ ലഭിച്ചിരുന്നു. ഡെപ്യൂട്ടി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം നടത്തിയ തെരച്ചിലിലാണു പ്രതികളെ കണ്ടെത്തി കസ്റ്റഡിയിലെടുത്തത്.

# ഓപ്പറേഷൻ തൂഫാൻ: അദ്ധ്യാപകർക്കെതിരെ നടപടി

കോഴിക്കോട്: എംഡിഎംഎ വില്പനയുടെ പണമിടപാട് നടത്തിയ കേസിൽ ഓപ്പറേഷൻ തൂഫാനിൽ അറസ്റ്റിലായ അദ്ധ്യാപികമാർക്കെതിരെ വിദ്യാഭ്യാസ വകുപ്പിന്റെ നടപടി. പേരാമ്പ്ര മരുതോങ്കര സ്വദേശി കീർത്തന(28)യെ പിരിച്ചുവിട്ടു. സമഗ്ര ശിക്ഷ കേരളയിൽ പേരാമ്പ്ര ബിആർസിഇയിലെ സ്പെഷലിസ്റ്റ് എജ്യൂക്കേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിലാണ് ഇവർ ജോലി ചെയ്തിരുന്നത്.

വടകര സ്വദേശിയായ യുവാവിനെ എംഡിഎംഎ സഹിതം പിടികൂടിയ കേസിലെ അന്വേഷണമാണ് ഇവരിലേക്ക് എത്തിയത്. കഴിഞ്ഞമാസം 11-ന് കാവ്യയുടെ സുഹൃത്തു കൂടിയായ കീർത്തനയെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. കീർത്തനയുടെ അക്കൗണ്ട് കേന്ദ്രീകരിച്ച് നടത്തി അന്വേഷണമാണ് കാവ്യയിലേക്ക് എത്തിയത്. ഇരുവരും ലഹരി ഇടപാടിലെ കണ്ണികളാണെന്ന് പോലീസ് കണ്ടെത്തി. എംഡിഎംഎ ആവശ്യമുള്ളവർ കീർത്തനയുടെ അക്കൗണ്ടിലേക്കാണ് പണം അയച്ചിരുന്നത്. പണം ലഭിച്ചാൽ ഫോണിൽ ലൊക്കേഷൻ നല്കും. ഇവിടെ മറ്റൊരാൾ എത്തി എംഡിഎംഎ കൈമാറുകയാണ് പതിവ്. പലതവണയായി കീർത്തനയുടെ അക്കൗണ്ടിലെത്തുന്ന പണം വലിയ തുകയായാൽ കാവ്യയുടെ അക്കൗണ്ടിലേക്ക് കൈമാറുകയായിരുന്നു. എംഡിഎംഎ വിതരണക്കാരുമായി കാവ്യയ്ക്ക് ബന്ധമുണ്ടെന്നും പോലീസ് സംശയിക്കുന്നുണ്ട്.

# അജിത് ഡോവലിന് ലോകമാന്യതിലക് പുരസ്കാരം

മുംബൈ: ദേശീയസുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന് ലോകമാന്യതിലക് പുരസ്കാരം. ദേശീയ സുരക്ഷാമേഖലയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചാണിത്. ഓഗസ്റ്റ് ഒന്നിന് പൂണെയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പുരസ്കാരം സമർപ്പിക്കും. പൂണെയിലെ ഗുൽടെക്ഡിയിലുള്ള മഹാരാഷ്ട്ര മണ്ഡൽ മൈതാനത്താണ് പുരസ്കാരച്ചടങ്ങ് നടക്കുക.

പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ പ്രധാനമന്ത്രിമാരായ അടൽ ബിഹാരി വാജ്പേയി, മൻമോഹൻ സിങ്, കോൺഗ്രസ് നേതാവ് സോണിയ ഗാന്ധി, മുൻ രാഷ്ട്രപതി പ്രണബ് മുഖർജി, മുതിർന്ന രാഷ്ട്രീയ നേതാവ് ശരദ് പവാർ എന്നിവരുൾപ്പെടെ ഒട്ടേറെ പേർക്ക് ലോകമാന്യ തിലക് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

# ഇ20 ജനതാ പാർട്ടിയും

ന്യൂഡൽഹി: കോക്രോച്ച് ജനതാപാർട്ടിയുടെ സമര വിജയത്തിനു പിന്നാലെ കേന്ദ്ര സർക്കാരിനെതിരെ 'ഇ20 ജനതാപാർട്ടി' എന്ന പേരിൽ പുതിയ സമൂഹമാധ്യമ കൂട്ടായ്മ ആരംഭിച്ചു. നൂറ് ശതമാനവും ശുദ്ധമായ പെട്രോൾ വാങ്ങാനുള്ള പൗരന്റെ അവകാശത്തിനായി പോരാടുന്നു എന്നാണ് പാർട്ടിയുടെ സമൂഹമാധ്യമ അക്കൗണ്ടിന്റെ ബയോയിലുള്ളത്. എക്സിലും ഇന്റർനെറ്റിലും പ്രത്യക്ഷപ്പെട്ട അക്കൗണ്ടിന്റെ പിന്നിൽ ആരാണെന്നു വ്യക്തമല്ല. ഇന്റർനെറ്റിൽ ഫോളോവേഴ്സ് ഒരു ലക്ഷം കടന്നു. എക്സിൽ മുപ്പത്തിയെട്ടായിരവും.

സബ്സിഡിയോ സൗജന്യ ഇന്ധനമോ വേണമെന്നോ എഥനോൾ മിശ്രിത ഇന്ധനങ്ങൾ പിൻവലിക്കണമെന്നോ ആവശ്യപ്പെടുന്നില്ലെന്നും ഏതു തെരഞ്ഞെടുക്കണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഉപയോക്താക്കൾക്കു നല്കണമെന്നും അക്കൗണ്ടിൽ പറയുന്നു. പമ്പുകളിൽ നൂറു ശതമാനം പെട്രോൾ വാങ്ങാനുള്ള സംവിധാനം പുനഃസ്ഥാപിക്കുക, എന്താണ് വാങ്ങുന്നതെന്ന് ഉപയോക്താക്കൾക്ക് കൃത്യമായി അറിയാൻ സുതാര്യമായ ഇന്ധന ലേബലിങ് ഉറപ്പാക്കുക, വ്യത്യസ്ത ഇന്ധനങ്ങളുടെ ചെലവ്, നേട്ടങ്ങൾ, പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ഡേറ്റ പ്രസിദ്ധീകരിക്കുക എന്നീ ആവശ്യങ്ങളും ഉന്നയിക്കുന്നു. ഇ20 പെട്രോൾ നയം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഡൽഹിയിലെ ടാക്സി ട്രാൻസ്പോർട്ട് യൂണിയനുകൾ ഓഗസ്റ്റ് നാലിന് പാർലമെന്റ് മാർച്ച് പ്രഖ്യാപിച്ചിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 30
July 27, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani


*Special Correspondent*
Anil Pennukkara


DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

ജീവിതം ഹ്രസ്വമാണ്. അത് അശ്രദ്ധമായി ചെലവഴിച്ച് അതിനെ പിന്നെയും നാം ഹ്രസ്വമാക്കുന്നു. **വിക്ടർ ഹ്യൂഗോ**

മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ഉയർത്തുന്ന ശബ്ദകോലാഹലത്തിൽ, നിങ്ങളുടെ മനസ്സ് പറയുന്നത് മുങ്ങിപ്പോകാൻ ഇടയാകരുത്. **സ്റ്റീവ് ജോബ്സ്**


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## അധികാരത്തിന്റെ ധാർഷ്ട്യത്തെ തിരുത്തിയ യൗവനം: ഇന്ത്യൻ രാഷ്ട്രീയത്തിലെ പുതിയ വഴിത്തിരിവ്

ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിൽ ജനങ്ങളുടെ തെരുവ് പ്രക്ഷോഭങ്ങൾക്ക് മുന്നിൽ ഭരണകൂടം മുട്ടുമടക്കിയ സന്ദർഭങ്ങൾ അപൂർവ്വമല്ല. എന്നാൽ, ഡിജിറ്റൽ യുഗത്തിലെ 'Gen Z' തലമുറ സംഘടിപ്പിച്ച നവവഴികളിലൂടെയുള്ള ഒരു പ്രമുഖനായ കേന്ദ്ര മന്ത്രിസഭയിലെ പ്രമുഖനായ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാനെക്കൊണ്ട് രാജി എഴുതിപ്പിച്ചു എന്നതും അഴിമതി ആരോപണ നിഴലിൽ നിന്ന നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ (NTA) വലിയ പരിഷ്കാരങ്ങൾക്ക് നിർബന്ധിതരാക്കി എന്നതും സമാനതകളില്ലാത്ത ചരിത്രസംഭവമാണ്.

മാസങ്ങളോളം നീണ്ട തെരുവ് പോരാട്ടങ്ങൾക്കും 37 ദിവസം നീണ്ടുനിന്ന നിരാഹാര-പ്രതിഷേധങ്ങൾക്കുമൊടുവിൽ 'കോക്രോച്ച് ജനതാ പാർട്ടി' (CJP) ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ഭാഗികമായി അംഗീകരിച്ച് കേന്ദ്ര ഭരണകൂടം ഒത്തുതീർപ്പിലെത്തിയതോടെ ഒഴിഞ്ഞത് വെറുമൊരു മന്ത്രിസ്ഥാനം മാത്രമല്ല; ഭാരതീയ ജനതാ പാർട്ടിയുടെ സർവ്വാധിപത്യ ധാർഷ്ട്യത്തിന്റെ പടച്ചട്ട കൂടിയാണ്. ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും ജീവിതവും ഭാവി പ്രതീക്ഷകളും വെച്ചാണ് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) കളിച്ചത്. NEET-UG പരീക്ഷയിലെ തുടർച്ചയായ ചോദ്യപേപ്പർ ചോർച്ചയും ക്രമക്കേടുകളും പുറത്തുവന്നപ്പോൾ 'സംവിധാനത്തിന് കുഴപ്പമില്ല' എന്ന മട്ടിൽ ന്യായീകരിക്കാൻ ശ്രമിച്ച കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാന്റെ നിലപാട് ജനരോഷം വാനോളമുയർത്തി. സമരം ഇന്ത്യയിൽ വ്യാപകമാകുകയും പ്രതിപക്ഷം പാർലമെന്റിൽ വിഷയം കത്തിക്കുകയും ചെയ്തതോടെ പ്രതിരോധത്തിലായ മോദി സർക്കാരിന് ഒടുവിൽ മന്ത്രിയുടെ രാജി ചോദിച്ചുവാങ്ങേണ്ടി വന്നു. ജന്തർ മന്തറിലെയും മറ്റ് തെരുവുകളിലെയും പ്രക്ഷോഭം രാജ്യവിരുദ്ധ ശക്തികൾ മുതലെടുക്കാതിരിക്കാനാണ് രാജിയെന്ന ന്യായീകരണത്തോടെ ധർമ്മേന്ദ്ര പ്രധാൻ പടിയിറങ്ങിയത്. പരീക്ഷാ സമ്പ്രദായങ്ങളിലെ വൻ അഴിമതിയും കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷകളിലേക്കുള്ള പെട്ടെന്നുള്ള ചുവടുമാറ്റവും ഏജൻസികളുടെ വീഴ്ചകൾ മറയ്ക്കാനുള്ള ഭരണകൂടത്തിന്റെ ശ്രമമായി വേണം കരുതാൻ. സാമൂഹികപ്രവർത്തകരെയും ഉദ്യോഗാർത്ഥികളെയും അധിക്ഷേപിച്ചുകൊണ്ട് സുപ്രീം കോടതിയിൽ നിന്നു വന്ന പരാമർശങ്ങളിൽനിന്നാണ് 'കോക്രോച്ച് ജനതാ പാർട്ടി' എന്ന വേറിട്ട പേരിൽ ചെറുപ്പക്കാരുടെ മുന്നേറ്റം തുടങ്ങിയത്. "പരിഹാസങ്ങളിൽ നിന്നും ഓൺലൈൻ മീമുകളിൽ നിന്നും ഉയർന്നുവന്ന ഒരു മൂവ്മെന്റ്, ലഡാക്കിലെ വിദ്യാഭ്യാസ പ്രവർത്തകൻ സോനം വാങ്ചുകിന്റെ 26 ദിവസം നീണ്ട നിരാഹാര സമരവുമായും രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള പ്രതിപക്ഷ നേതാക്കളുടെ പിന്തുണയുമായും കൈകോർത്തപ്പോൾ, കേന്ദ്ര സർക്കാരിന് സമരം ഒത്തുതീർപ്പാക്കുകയല്ലാതെ വേറെ വഴികളില്ലാതായി." സിജെപിയുമായി നടത്തിയ ചർച്ചയിൽ മന്ത്രിയുടെ രാജിയും പരീക്ഷാ സുതാര്യതയും ഉറപ്പുനൽകിയതോടെയാണ് Gen Z നയിച്ച ഈ സമരം ഒത്തുതീർപ്പിലെത്തിയത്.

ഈ യുവജന പ്രക്ഷോഭത്തിന്റെ ഒത്തുതീർപ്പും മന്ത്രിയുടെ രാജിയും ഇന്ത്യയുടെ രാഷ്ട്രീയ ഭൂമികയിൽ ഉണ്ടാക്കാൻ പോകുന്ന മാറ്റങ്ങൾ നിസ്സാരമല്ല. പരമ്പരാഗത വോട്ട് ബാങ്ക് രാഷ്ട്രീയത്തിനപ്പുറം തൊഴിൽ, വിദ്യാഭ്യാസം, അഴിമതി വിരുദ്ധത എന്നിവ മുൻനിർത്തി ചിന്തിക്കുന്ന ഒരു പുതിയ രാഷ്ട്രീയ ശക്തിയായി 'Gen Z' ഉയർന്നുവന്നിരിക്കുന്നു. ഭരണകൂടത്തിന്റെ ധാർഷ്ട്യത്തെ വീഴ്ത്താൻ ഡിജിറ്റൽ യുഗത്തിലെ ഈ ജനകീയ ഐക്യത്തിന് കഴിയുമെന്ന് തെളിഞ്ഞു. അപരാജിതർ എന്ന പ്രതിച്ഛായയോടെ വാണിരുന്ന രണ്ടാം-മൂന്നാം മോദി ഭരണകൂടത്തിന് ജനകീയ സമരങ്ങൾക്ക് മുന്നിൽ വഴങ്ങേണ്ടി വരുന്നത് ഇതാദ്യമല്ലെങ്കിലും വിദ്യാർത്ഥി സമൂഹത്തിന്റെ രോഷത്തിന് മുന്നിൽ മന്ത്രിയെ ബലികൊടുക്കേണ്ടി വന്നത് ബിജെപിയുടെ പ്രതിച്ഛായയ്ക്ക് വലിയ തിരിച്ചടിയാണ്. തൊഴിലില്ലായ്മയും വിദ്യാഭ്യാസ മേഖലയിലെ പരാജയങ്ങളും വരും ദിവസങ്ങളിൽ സംസ്ഥാന-ദേശീയ തെരഞ്ഞെടുപ്പുകളിൽ പ്രധാന ചർച്ചാവിഷയമാകും. രാഹുൽ ഗാന്ധിയുടെയും പ്രതിപക്ഷത്തിന്റെയും സാന്നിധ്യം ഈ പ്രക്ഷോഭങ്ങൾക്ക് രാഷ്ട്രീയ അടിത്തറ നൽകാൻ സഹായിച്ചിട്ടുണ്ട്. NTA പോലുള്ള പരമോന്നത ഏജൻസികളുടെ സുതാര്യത തകർന്നത് വരുംകാലങ്ങളിൽ കേന്ദ്ര ഭരണകൂടത്തിന് വലിയ തലവേദനയാകും. മറ്റ് ഉദ്യോഗാർത്ഥി പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കുക എന്നത് പുതിയ വിദ്യാഭ്യാസ മന്ത്രിക്കും സർക്കാരിനും വലിയ വെല്ലുവിളിയായിരിക്കും.

ഡൽഹിയുടെ തെരുവുകളിൽ കേട്ട അടിച്ചമർത്തപ്പെട്ട യുവത്വത്തിന്റെ ശബ്ദം, ഭരണകൂടങ്ങൾ എത്ര ശക്തമായാലും ജനകീയ കൂട്ടായ്മകൾക്ക് മുന്നിൽ തോൽവി സമ്മതിക്കേണ്ടി വരും എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്. ഒരു മന്ത്രിയുടെ രാജികൊണ്ടുമാത്രം NTA എന്ന മാഫിയാ സിസ്റ്റത്തിന്റെ അഴിമതി ഇല്ലാതാകില്ല. എങ്കിലും, ജനാധിപത്യ രാജ്യത്ത് ചെറുത്തുനിൽപ്പുകൾക്ക് ഇന്നും മൂർച്ചയുണ്ടെന്ന് തെളിയിച്ചുകൊണ്ട് ഈ 'Gen Z' വിപ്ലവം ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു പുതിയ അധ്യായം എഴുതിച്ചേർത്തിരിക്കുന്നു.

# ഉറപ്പുകൾ പാലിക്കുംവരെ കോൺഗ്രസ് സമരരംഗത്ത്

ന്യൂഡൽഹി: വിദ്യാഭ്യാസ മന്ത്രിയുടെ രാജിയുടെയും സർക്കാർ നല്കിയ ഉറപ്പുകളുടെയും അടിസ്ഥാനത്തിൽ ക്രോക്രോച്ച് ജനതാ പാർട്ടി (സിജെപി) സമരം അവസാനിപ്പിച്ച സ്ഥിതിക്ക് ഇനി പ്രതിപക്ഷത്തിന്റെ ആവശ്യങ്ങൾ എങ്ങനെ മുന്നോട്ടു കൊണ്ടുപോകണമെന്ന കാര്യത്തിൽ കോൺഗ്രസിൽ ആലോചന തുടങ്ങി. പരീക്ഷാ ക്രമക്കേടുകളെക്കുറിച്ച് രാഹുൽ ഗാന്ധി ഏതാനും വർഷമായി ആരോപണമുന്നയിക്കുന്നതിനാൽ മന്ത്രിയുടെ രാജിയെ രാഹുലിന്റെ രാഷ്ട്രീയ വിജയമായി എടുത്തുകാട്ടാനും പാർട്ടി താല്പര്യപ്പെടുന്നു.

സർക്കാർ ഉറപ്പുകൾ പാലിക്കുംവരെ രാഹുലിന്റെ 'ഛാത്രോം കി ഗൂഞ്ച്' പരിപാടി തുടരണമെന്ന് പാർട്ടിയിൽ ആലോചനയുണ്ട്. പ്രധാനമന്ത്രി മാപ്പ് പറയണമെന്നും വിദ്യാർത്ഥികൾക്കു നേരെയുണ്ടായ പോലീസ് അതിക്രമത്തിന്റെ ഉത്തരവാദിത്തം ആഭ്യന്തരമന്ത്രി ഏറ്റെടുക്കണമെന്നും രാഹുൽ ആവശ്യപ്പെട്ടിരുന്നു.

ഇവ പ്രവേശനപരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള നിയമം ഭേദഗതി ചെയ്യാനുള്ള ബിൽ ചർച്ച ചെയ്യുമ്പോൾ ശക്തമായി ഉന്നയിക്കും.

പരീക്ഷാ ക്രമക്കേടുകൾ തടയാനുള്ള ബിൽ 2024 ഫെബ്രുവരിയിൽ പാസാക്കിയതാണ്. ചട്ടങ്ങൾ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ ഉണ്ടായില്ല. അതിനാലാണ് പാർലമെന്റിൽ ചർച്ച നടക്കുന്നതിനു മുൻപ് തന്നെ കർമ്മസമിതി രൂപീകരിക്കുന്നത് ഉൾപ്പെടെ തിരക്കിട്ട തീരുമാനങ്ങൾക്ക് സർക്കാർ മുതിരുന്നതെന്നാണ് കോൺഗ്രസിന്റെ വിലയിരുത്തൽ.

അയോദ്ധ്യയിലെ സംഭാവനക്കൊള്ള പാർലമെന്റിൽ ഇപ്പോഴത്തെ സമ്മേളനത്തിന്റെ തുടക്കത്തിൽത്തന്നെ ഉന്നയിക്കാമെന്നായിരുന്നു കോൺഗ്രസിലെ ആദ്യആലോചന. എന്നാൽ, വിദ്യാർത്ഥികളുടെ സമരത്തിനു മുൻഗണന നല്കണമെന്ന് രാഹുൽ നിർദ്ദേശിച്ചു. പ്രധാനമന്ത്രിയുടെ വസതിക്കു മുന്നിലെ മിന്നൽധർണയുടെ കാര്യത്തിൽ മാത്രമാണ് പ്രതിപക്ഷ ഏകോപനം വേണ്ടത്ര ഇല്ലാതിരുന്നത്. എന്നിട്ടും സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവും എൻസിപിയുടെ സുപ്രിയ സുളെയും എത്തി. ഗാന്ധിസ്മൃതിയിലെ പ്രതിഷേധത്തിന് ഇടത് എംപിമാരുൾപ്പെടെ എത്തിയത് പ്രതിപക്ഷ ഒരുമയുടെ തെളിവായി കോൺഗ്രസ് എടുത്തുപറയുന്നു. അകൽച്ച തുടരുന്നത് ഡിഎംകെയും ആം ആദ്മി പാർട്ടിയുമാണ്.

സിപിഐ-എംഎലിന്റെ വിദ്യാർത്ഥി സംഘടനയായ ഐസയുടെ നേതാക്കൾക്കൊപ്പം രാഹുൽ മാധ്യമങ്ങളെ കണ്ടത് ചർച്ചയായിരുന്നു. എൻഎസ്‌യുവിന്റെ നേതാക്കളേയല്ലേ ഒപ്പം നിർത്തേണ്ടിയിരുന്നത് എന്ന് ചോദ്യമുണ്ടായി. എന്നാൽ, കോൺഗ്രസ് നേതാവ് എന്ന നിലയിലല്ല, പ്രതിപക്ഷ നേതാവ് എന്ന നിലയിലാണ് ഐസ നേതാക്കൾക്കൊപ്പം രാഹുൽ നിന്നതെന്ന് പാർട്ടിവൃത്തങ്ങൾ പറഞ്ഞു. രാഹുലിനെക്കൊണ്ട് പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഐസ നേതാക്കൾ താല്പര്യപ്പെട്ടു. അവർ മൂന്നാഴ്ച ജന്തർമന്തറിൽ നിരാഹാര സമരം നടത്തിയവരാണ്. രാഹുൽ അവരെ ഒപ്പം നിർത്തിയതിനെ ജന്തർ മന്തറിലെ സമരക്കാർക്കൊപ്പം നിന്നുവെന്ന സന്ദേശം കൂടിയായി പാർട്ടി വ്യാഖ്യാനിക്കുന്നു.

## മാർപാപ്പയുടെ പുതിയ പുസ്തകം പുറത്തിറങ്ങി

വത്തിക്കാൻ സിറ്റി: ലെയോ പതിനാലാമൻ മാർപാപ്പയുടെ സമാധാനസന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പുതിയ പുസ്തകം 'ഡിസാംഡ് ആൻഡ് ഡിസാമിംഗ്: പീസ് ഈസ് എ ഗിഫ്റ്റ്' പുറത്തിറങ്ങി. സാർവത്രികസഭയുടെ അധ്യക്ഷനായി 2025 മേയ് എട്ടിന് തെരഞ്ഞെടുക്കപ്പെട്ടതു മുതൽ സമാധാനവുമായി ബന്ധപ്പെട്ട് മാർപാപ്പ നടത്തിയിട്ടുള്ള വിവിധ പ്രഭാഷണങ്ങളും സന്ദേശങ്ങളും അടിസ്ഥാനമാക്കി വത്തിക്കാൻ പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ ലോകസമാധാനത്തിന് അണുവായുധങ്ങളല്ല മറിച്ച് നിരായുധീകരണമാണ് ആവശ്യമെന്ന് മാർപാപ്പ ഊന്നിപ്പറയുന്നു. അലസാൻഡ്രോ ബാൻഫി എഡിറ്റ് ചെയ്ത ഈ പുസ്തകത്തിന്റെ ഇറ്റാലിയൻ പതിപ്പാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

## പാകിസ്താന് മുന്നറിയിപ്പുമായി പ്രതിരോധമന്ത്രി


ശ്രീനഗർ: കാർഗിൽ യുദ്ധവിജയ ദിനത്തിൽ പാകിസ്താന് ശക്തമായ മുന്നറിയിപ്പുമായി പ്രതിരോധമന്ത്രി രാജ്നാഥ് സിങ്.

പാകിസ്താൻ കുടുതൽ സാഹസങ്ങൾക്ക് മുതിർന്നാൽ അവർക്ക് ഊഹിക്കാവുന്നതിനും അപ്പുറമുള്ള മറുപടി ലഭിക്കുമെന്ന് രാജ്നാഥ് സിങ് മുന്നറിയിപ്പ് നൽകി. ഇനിയൊരു ചർച്ചയുണ്ടെങ്കിൽ അത് പാക് അധിനിവേശ കശ്മീരിനെക്കുറിച്ച് മാത്രമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. 'നമ്മുടെ ലക്ഷ്യം വ്യക്തമാണ്. പാകിസ്താനുമായി യാതൊരു ചർച്ചയുമില്ല. ഇനി എന്തെങ്കിലും ചർച്ചകൾ ഉണ്ടായാൽ അത് ഇന്ത്യയുടെ ഭാഗമായ, പാകിസ്താൻ നിയമവിരുദ്ധമായി കൈവശപ്പെടുത്തിയിരിക്കുന്ന പി.ഒ.കെയെക്കുറിച്ച് മാത്രമായിരിക്കും' - രാജ്നാഥ് സിങ് വ്യക്തമാക്കി.

ഭീകരവാദത്തെ പാകിസ്താൻ തങ്ങളുടെ ഭരണകൂട നയത്തിന്റെ ഭാഗമാക്കിയിരിക്കുകയാണ്. അവിടെ സൈന്യവും തീവ്രവാദികളും തമ്മിലുള്ള വ്യത്യാസം പൂർണമായും ഇല്ലാതായിരിക്കുന്നു. പാക് സൈന്യം ഭീകര സംഘടനകളെ സംരക്ഷിക്കുക മാത്രമല്ല, അവരുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. ഭീകരവാദം വളർത്തുന്നവരുടെ ഗതിയെന്താണെന്ന് ഓപ്പറേഷൻ സിന്ദൂറിന്റെ സമയത്ത് ഇന്ത്യ കാട്ടിക്കൊടുത്തിട്ടുണ്ടെന്നും രാജ്നാഥ് സിങ് ചൂണ്ടിക്കാട്ടി. ഇന്ത്യ പുതിയ കണ്ടുപിടിത്തങ്ങൾക്കു പിന്നാലെ പോകുമ്പോൾ, പാകിസ്താൻ അതിക്രമിച്ചു കയറാനുള്ള പുതിയ വഴികളാണ് തേടുന്നതെന്നും അദ്ദേഹം പരിഹസിച്ചു.


ദ്രാസിൽ നടന്ന ചടങ്ങിൽ കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

ദ്രാസിലെത്തിയ അദ്ദേഹം, കാർഗിൽ യുദ്ധത്തിൽ വീരമൃത്യുവരിച്ച വീര സൈനികർക്ക് ആദരമർപ്പിച്ചു. സൈനികർക്കൊപ്പം സമയം ചെലവഴിച്ചശേഷമാണ് പ്രതിരോധമന്ത്രി മടങ്ങിയത്.


Loving Memory of
10th Death Anniversary
7-31-2026
C.J. ANNAMMA
KANIYALIL
CHICAGO
Insertd by
Sorrowing Family


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# ഇന്ത്യയിലെ ഏറ്റവും പ്രായംകുറഞ്ഞ നഗരസഭാദ്ധ്യക്ഷയ്ക്ക് ഭരണനഷ്ടം

പാലാ: എൽഡിഎഫ് അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഒരു വിഭാഗം കോൺഗ്രസ് കൗൺസിലർമാർ പിന്തുണച്ചതോടെ പാലായിൽ യുഡിഎഫ് നഗരസഭാദ്ധ്യക്ഷ പുറത്ത്. ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ നഗരസഭാദ്ധ്യക്ഷ എന്ന ഖ്യാതിയോടെ കഴിഞ്ഞ ഡിസംബർ 26-ന് അധികാരമേറ്റ ദിയ ബിനു പുളിക്കക്കണ്ടം പുറത്തായി. നഗരസഭയിലെ ആകെയുള്ള ആറ് കോൺഗ്രസ് കൗൺസിലർമാരിൽ നാല് പേരും പാർട്ടി വിപ്പ് ലംഘിച്ച് അവിശ്വാസ പ്രമേയത്തെ പിന്തുണച്ചു. വിപ്പ് ലംഘിച്ച ടോണി തൈപ്പറമ്പിൽ, ബിജു മാത്യൂസ്, ലിസിക്കുട്ടി മാത്യു, രജിത പ്രകാശ് എന്നിവരെ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്ന് കെപിസിസി പ്രസിഡന്റിന്റെ നിർദേശപ്രകാരം നീക്കം ചെയ്തതായി ഡിസിസി പ്രസിഡന്റ് നാട്ടകം സുരേഷ് എംഎൽഎ അറിയിച്ചു. അതേസമയം, വിപ്പ് ലഭിച്ചിട്ടില്ലെന്നാണ് കൗൺസിലിന് എത്തിയ കോൺഗ്രസ് കൗൺസിലർമാരുടെ നിലപാട്.

യുഡിഎഫ് വിമതയായി വിജയിച്ചശേഷം യുഡിഎഫിനോട് സഹകരിച്ചിരുന്ന ഉപാദ്ധ്യക്ഷ മായാ രാഹുലും യോഗത്തിനെത്തി അവിശ്വാസത്തെ പിന്തുണച്ചു. ഇതോടെ 26 അംഗ കൗൺസിൽ എതിരില്ലാത്ത 17 വോട്ടുകൾക്കു പ്രമേയം പാസായി. എൽഡിഎഫിന് 12 അംഗങ്ങളാണു പാലാ നഗരസഭയിലുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ട്രീസ ജോസ് വരണാധികാരിയായിരുന്നു.

കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കും ഭൂരിപക്ഷത്തിനു വേണ്ട 14 സീറ്റ് ലഭിക്കാത്ത സാഹചര്യത്തിൽ സ്വതന്ത്ര മുന്നണി എന്ന പേരിൽ വിജയിച്ച ഒരു കുടുംബത്തിലെ മൂന്ന് പേരായ ബിനു പുളിക്കക്കണ്ടം, ബിനുവിന്റെ സഹോദരൻ ബിജു പുളി



ക്കക്കണ്ടം, ബിനുവിന്റെ മകൾ ദിയ ബിനു എന്നിവരുടെയും കോൺഗ്രസ് വിമതയായി വിജയിച്ച മായാ രാഹുലിന്റെയും പിന്തുണയോടെ യുഡിഎഫ് അധികാരം നേടുകയായിരുന്നു. കോൺഗ്രസ്-6, കേരള കോൺഗ്രസ്-3, കെഡിപി-1 എന്നിങ്ങനെയായിരുന്നു യുഡിഎഫിലെ പാർട്ടികളുടെ കക്ഷിനില. കേരള കോൺഗ്രസ് (എം)-10, സിപിഎം-2 എന്നിങ്ങനെ 12 പേരായിരുന്നു എൽഡിഎഫിൽനിന്നു വിജയിച്ചത്. കെപിസിസിയും യുഡിഎഫ് സംസ്ഥാന നേതൃത്വവും അടക്കം ഇടപെട്ടാണു മുന്നണി ബന്ധം ഉണ്ടാക്കി ദിയയെ നഗരസഭാദ്ധ്യക്ഷയാക്കിയത്.

നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം ഒരു വിഭാഗം കോൺഗ്രസ് കൗൺസിലർമാരും സ്വതന്ത്ര മുന്നണിയും തമ്മിൽ അഭിപ്രായവ്യത്യാസം സ്ഥിരമാകുകയും പരസ്പരം പോലീസ് കേസുകൾ നൽകുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി കോൺഗ്രസ് കൗൺസിലർമാർ നഗരസഭാദ്ധ്യക്ഷയ്ക്കുള്ള പിന്തുണ പിൻവലിച്ചതായി പ്രഖ്യാപിക്കുകയും കോൺഗ്രസ് പാലാ മണ്ഡലം കമ്മിറ്റി ചേർന്ന് പിന്തുണ പിൻവലിക്കാൻ പ്രമേയം പാസാക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് എൽഡിഎഫ് പാലാ നഗരസഭയിൽ അവിശ്വാസ പ്രമേയം അവതരിപ്പിച്ചത്.

## മനുഷ്യന്റെ വായിൽ പുതിയ ബാക്ടീരിയയെ കണ്ടെത്തി

കൊച്ചി: മനുഷ്യന്റെ വായിൽ കാണപ്പെടുന്ന സൂക്ഷ്മജീവികളിൽ നിന്ന് പുതിയൊരിനം ബാക്ടീരിയയെ ഗവേഷകർ കണ്ടെത്തി. കൊച്ചി അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ ഗവേഷകർ കണ്ടെത്തിയ ബാക്ടീരിയയ്ക്ക് സാക്കറിമോണസ് അമൃതെൻസിസ് എന്നാണ് പേര് നല്കിയിരിക്കുന്നത്.

ജീനോമിക് വിശകലനവും സ്വഭാവ സവിശേഷതകളും പഠിച്ച അമൃതയോടുള്ള ആദരസൂചകമായാണ് ഈ പേര് നല്കിയത്. സൂക്ഷ്മകോശങ്ങൾക്ക് പേര് നല്കുന്ന അന്താരാഷ്ട്ര രജിസ്ട്രിയായ സികം-കോഡിന്റെ അംഗീകാരവും പുതിയ കണ്ടെത്തലിനു ലഭിച്ചു. അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പീരിയോഡോണ്ടിക്സ് വിഭാഗം പ്രഫസറായ ഡോ.കെ.വി. അരുണിന്റെ നേതൃത്വത്തിലാണ് പഠനം നടന്നത്.

കണ്ടെത്തലിന് ഔദ്യോഗിക അംഗീകാരം ലഭിച്ചതോടെ ലോകമെമ്പാടുമുള്ള ഗവേഷകർക്ക് ഈ ബാക്ടീരിയയെ എളുപ്പത്തിൽ തിരിച്ചറിയാനും വിവിധ ജനവിഭാഗങ്ങൾക്കിടയിലുള്ള ഇവയുടെ സാന്നിദ്ധ്യം താരതമ്യം ചെയ്യാനും വായയുടെ ആരോഗ്യത്തിൽ ഇവയ്ക്കുള്ള പങ്കിനെക്കുറിച്ച് കൂടുതൽ പഠിക്കാനും സാധിക്കുമെന്ന് ഡോ. കെ.വി. അരുൺ വ്യക്തമാക്കി.

# യുക്രെയ്ൻ കപ്പൽ ആക്രമണം: മലയാളി ഉൾപ്പെടെ പത്തു പേർ കൊല്ലപ്പെട്ടു

ഒഡേസ: യുക്രെയ്നിലെ ഒഡേസ തുറമുഖത്തിനു സമീപം ധാന്യം കയറ്റിയ കപ്പലിനു നേർക്ക് റഷ്യ നടത്തിയ മിസൈൽ ആക്രമണത്തിൽ പത്തു പേർ കൊല്ലപ്പെട്ടു. ഇവരിൽ മലയാളി ഉൾപ്പെടെ നാലു പേർ ഇന്ത്യക്കാരാണ്. ഗിനിയ-ബിസ്സു പതാകയേന്തിയ എംവി ഗോൾഡൻ ലിയോ എന്ന കപ്പലാണ് ജൂലൈ 19-ന് ഞായറാഴ്ച കരിങ്കടലിൽ ആക്രമിക്കപ്പെട്ടത്.

ഇന്ത്യയിൽനിന്നും സിറിയയിൽനിന്നുമുള്ള ജീവനക്കാരാണു കപ്പലിലുണ്ടായിരുന്നത്. മൂന്നു ക്രൂസ് മിസൈലുകളാണു കപ്പലിനു നേർക്ക് റഷ്യൻ സൈന്യം തൊടുത്തത്.

വെള്ളരിക്കുണ്ട് വാളിപ്ലാക്കൽ അഖിൽ ജോയൻ (26) ആണ് കൊല്ലപ്പെട്ട മലയാളി. 21-ന് ഉച്ചയോടെയാണ് അഖിൽ മരിച്ച വിവരം വീട്ടുകാർക്ക് ഇ-മെയിൽ സന്ദേശമായി ലഭിച്ചത്. 19-ാം വയസിലാണ് അഖിൽ മർച്ചന്റ് നേവിയിൽ ജോലിയിൽ പ്രവേശിക്കുന്നത്. വെള്ളരിക്കുണ്ടിലെ ജോയൻ-സാലി ദമ്പതികളുടെ ഏക മകനാണ്. ഒരു മാസം മുമ്പ് അവധിക്ക് നാട്ടിലെത്തിയ അഖിൽ വിവാഹം ഉറപ്പിച്ചാണു തിരിച്ചുപോയത്. വടംവലി താരമായ ജോയൻ ഫിംഗർ പുള്ളിംഗിൽ റിക്കാർഡ് ഹോൾഡറാണ്.

കൊല്ലപ്പെട്ടവരിൽ ഒമ്പതുപേർ കപ്പൽ ജീവനക്കാരും ഒരാൾ മാരിടൈം പൈലറ്റുമാണ്. കപ്പലിലുണ്ടായിരുന്ന എട്ടുപേരെ യുക്രെയ്ൻ നാവികസേന രക്ഷപ്പെടുത്തി. ഇവരിൽ പരുക്കേറ്റ ചിലരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 17 ജീവനക്കാരാണ് കപ്പലിലുണ്ടായിരുന്നത്. ഇവരിൽ അഞ്ചു പേർ ഇന്ത്യക്കാരാണ്.

ആക്രമണത്തെ വിദേശകാര്യ മന്ത്രാലയം അപലപിച്ചു. മുംബൈ കേന്ദ്രമായ ഓഷ്യൻ ഗ്രേസ് ഷിപ്പിംഗ് കമ്പനിയുടെ ഉടമസ്ഥതയിലുള്ളതാണ് ഗോൾഡൻ ലിയോ.

യുക്രെയ്നിലെ ഏറ്റവും വലിയ തുറമുഖമായ ഒഡേസിലുണ്ടായ മറ്റൊരു റഷ്യൻ ആക്രമണത്തിൽ മൂന്നു പേർ കൊല്ലപ്പെട്ടു. ഈ മാസം മാത്രം റഷ്യൻ ആക്രമണത്തിൽ ഒഡേസയിൽ കൊല്ലപ്പെട്ടത് 28 പേരാണ്.

കപ്പൽ ആക്രമണത്തിൽ ഒരു മലയാളി കൊല്ലപ്പെട്ടെന്ന വാർത്തയുടെ പശ്ചാത്തലത്തിൽ റഷ്യൻ കോൺസുലേറ്റുമായും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയവുമായും ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ നോർക്കയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

# മാർപാപ്പയുടെ പേരിൽ പരിസ്ഥിതി സംരക്ഷണ അന്താരാഷ്ട്ര ബഹുമതി

റോം: പരിസ്ഥിതി സംരക്ഷണ രംഗത്തും സാമൂഹിക ക്ഷേമത്തിലും വേറിട്ട സംഭാവനകൾ നല്കുന്ന വ്യക്തികൾക്കായി ലെയോ പതിനാലാമൻ മാർപാപ്പയുടെ പേരിൽ അന്താരാഷ്ട്ര ബഹുമതി പ്രഖ്യാപിച്ചു.

അമേരിക്കയിലെ പെൻസിൽവേനിയയിലെ വില്ലനോവ സർവകലാശാല ഏർപ്പെടുത്തിയ 'പോപ്പ് ലെയോ പതിനാലാമൻ സസ്റ്റൈനബിലിറ്റി മെഡൽ' അടുത്ത ഒക്ടോബറിൽ റോമിൽ നടക്കുന്ന ചടങ്ങിൽ മാർപാപ്പ തന്നെ നേരിട്ട് വിജയിക്ക് സമ്മാനിക്കും.

ഒക്ടോബർ 12 മുതൽ 15 വരെ റോമിലെ പാട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ട് അഗസ്റ്റീനിയാനത്തിലും മാർപാപ്പയുടെ വേനൽക്കാല വസതിയായ കസ്തേൽ ഗാണ്ടോൾഫോയിലെ ലൗദാത്തോ സി ഉദ്യാനത്തിലുമായാണ് അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനം നടക്കുന്നത്. ഒക്ടോബർ 13-ന് നടക്കുന്ന ചടങ്ങിൽ അവാർഡ് വിതരണം ചെയ്യും.

ലെയോ പതിനാലാമൻ മാർപാപ്പ അംഗമായ അഗസ്റ്റീനിയൻ സന്യാസ സഭ 1842-ൽ സ്ഥാപിച്ചതാണ് വില്ലനോവ സർവകലാശാല. ലെയോ മാർപാപ്പ പഠിച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനം കൂടിയാണിത്.

1977-ൽ ഇവിടെനിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയ അദ്ദേഹത്തിന് 2014-ൽ സർവകലാശാല ഓണററി ഡോക്ടറേറ്റും നല്കിയിരുന്നു. സർവകലാശാലയുടെ ഈ മുൻവിദ്യാർത്ഥിയോടുള്ള ആദരസൂചകമായാണ് രണ്ടു വർഷത്തിലൊരിക്കൽ നല്കുന്ന പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്.

ആദ്യപുരസ്കാര ജേതാവിനെ സെപ്റ്റംബറിൽ പ്രഖ്യാപിക്കും. ഏതു മേഖലയിലുള്ളവർക്കും പരിസ്ഥിതി-സാമൂഹിക സുസ്ഥിരതയ്ക്കായി നല്കിയ സംഭാവനകൾ മുൻനിർത്തി പുരസ്കാരത്തിന് അർഹതയുണ്ടായിരിക്കും.






# വന്ദേ മാതരം ബിൽ അവതരിപ്പിച്ച് കേന്ദ്രം

ന്യൂഡൽഹി: ചോദ്യക്കടലാസ് ചോർച്ച വിഷയത്തിൽ വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെട്ടുള്ള പ്രതിഷേധങ്ങൾക്കിടെ 'വന്ദേ മാതരം' ബിൽ കേന്ദ്ര സർക്കാർ രാജ്യസഭയിൽ അവതരിപ്പിച്ചു. ദേശീയഗീതമായ വന്ദേ മാതരത്തോടുള്ള അവഹേളനവും ആലാപനം തടസ്സപ്പെടുത്തുന്നതും മൂന്ന് വർഷം ശിക്ഷ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമാക്കാൻ നിർദേശിക്കുന്നതാണു ബിൽ. ദേശീയപതാക, ഭരണഘടന, ദേശീയഗാനം തുടങ്ങിയ ദേശീയ ചിഹ്നങ്ങളെ അപമാനിക്കുന്നതു തടയുന്നതിനുള്ള 1971-ലെ നിയമത്തിൽ ഭേദഗതി നിർദേശിക്കുന്നതാണു ബിൽ.

ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായിയെ ബിൽ അവതരണത്തിനു ക്ഷണിച്ചപ്പോൾതന്നെ പ്രതിപക്ഷ നിരയിൽനിന്നു വലിയ പ്രതിഷേധം ഉയർന്നു. ദേശസ്നേഹം കൃത്രിമമായി സൃഷ്ടിച്ചെടുക്കാനും ചോദ്യക്കടലാസ് ചോർച്ച വിവാദത്തിൽനിന്നു ശ്രദ്ധ തിരിക്കാനുമാണ് ബിൽ അവതരണമെന്ന് പ്രതിപക്ഷത്തുനിന്നു വിമർശനം ഉയർന്നു. എംപിമാർ മുദ്രാവാക്യങ്ങളും മുഴക്കി. സിപിഎമ്മിലെ ജോൺ ബ്രിട്ടാസും സിപിഐയിലെ പി. സന്തോഷ് കുമാറും ബിൽ അവതരണത്തെ എതിർത്തു സംസാരിച്ചു. നിസ്സാരമൊരു നിയമനിർമാണം വഴി സൃഷ്ടിച്ചെടുക്കാനാവുന്നതല്ല ദേശസ്നേഹമെന്നായിരുന്നു ബ്രിട്ടാസിന്റെ വിമർശനം. വന്ദേമാതരം ഇന്ത്യയെ ഒന്നിപ്പിക്കാനാകണമെന്നും വിഭജിക്കാൻ വേണ്ടിയാകരുതെന്നുമായിരുന്നു സന്തോഷ് ചൂണ്ടിക്കാട്ടിയത്.

# ഗെയിംസ്ക്രാഫ്റ്റിന്റെ 1,906 കോടിയുടെ ആസ്തികൾ ഇ.ഡി. കണ്ടുകെട്ടി

ന്യൂഡൽഹി: ഓൺലൈൻ ഗെയിമിങ് കമ്പനിയായ ഗെയിംസ് ക്രാഫ്റ്റുമായി ബന്ധപ്പെട്ട 1,906 കോടി രൂപയുടെ ആസ്തികൾ കണ്ടുകെട്ടിയതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). ഗെയിംസ്ക്രാഫ്റ്റ് പ്ലാറ്റ്ഫോമുകൾ വാതുവയ്പ്പ് പ്രോത്സാഹിപ്പിക്കുന്ന ഗെയിമിങ് അന്തരീക്ഷം സൃഷ്ടിച്ചുവെന്നാരോപിച്ചാണ് നടപടി.

റമ്മി കൾച്ചർ, റമ്മി പ്രൈം, പ്ലേഷിപ്പ്, റമ്മി ടൈം ആപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട കേസിൽ കഴിഞ്ഞ 22-ന് കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരം നടപടി സ്വീകരിച്ചതായി ഏജൻസി പ്രസ്താവനയിൽ പറഞ്ഞു. ഏറ്റവും പുതിയ നടപടിയോടെ, കേസിലെ മൊത്തം ആസ്തികൾ കണ്ടുകെട്ടൽ, പിടിച്ചെടുക്കൽ, മരവിപ്പിക്കൽ എന്നിവ 2,401 കോടി രൂപയിലെത്തി.

താൽക്കാലികമായി കണ്ടുകെട്ടിയ ആസ്തികളിൽ ബാങ്ക്, സ്ഥിര നിക്ഷേപങ്ങൾ, മ്യൂചൽ ഫണ്ടുകൾ, കൺവേർട്ടിബിൾ നോട്ടുകൾ, ഇക്വിറ്റി ഷെയറുകൾ, ഒരു ഫാം ഹൗസ്, നിരവധി റെസിഡൻഷ്യൽ, കൊമേഴ്സ്യൽ പ്രോപ്പർട്ടികൾ എന്നിവ ഉൾപ്പെടുന്നു. ഗെയിംസ്ക്രാഫ്റ്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഓഹരി ഉടമകളുടെ പേരുകളിലുള്ളവയാണ് ഇവ.

2025 ഓഗസ്റ്റിൽ ഇന്ത്യയിൽ സർക്കാർ ഓൺലൈൻ മണി ഗെയിമിങ് നിരോധിച്ചിരുന്നു.

ഉപയോക്താക്കൾ നിക്ഷേപിക്കുന്ന സ്റ്റേക്കിങ് അല്ലെങ്കിൽ വാതുവയ്പ്പ് തുകകളിൽ 10-15 ശതമാനം പ്ലാറ്റ്ഫോം കമ്മീഷനെന്ന പേരിൽ ഈടാക്കി കമ്പനികൾ വൻ നേട്ടമുണ്ടാക്കിയതായും ഇ.ഡി. പറഞ്ഞു. ഇതേക്കുറിച്ച് അറിയാത്ത ഉപയോക്താക്കളെ പറ്റിക്കാൻ സ്ഥാപനങ്ങൾ ബി.ഒ.ടികൾ അല്ലെങ്കിൽ ഓട്ടോമേറ്റഡ് പ്രോഗ്രാമുകളും അൽഗോരിതങ്ങളും ഉപയോഗിച്ചു.

തുടർച്ചയായ ഗെയിംപ്ലേയും ഉയർന്ന നിക്ഷേപങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ബോണസുകൾ, റഫറൽ ഇൻസെന്റീവുകൾ, സൗജന്യ ടൂർണമെന്റ് എൻട്രികൾ, പ്രൊമോഷണൽ റിവാർഡുകൾ എന്നിവ വാഗ്ദാനം ചെയ്ത് കളിക്കാരെ ആകർഷിച്ചു.

കമ്പനികളുടെ ഈ വഴിവിട്ട നടപടികൾ വാതുവയ്പ്പിനെ പ്രോത്സാഹിപ്പിക്കുന്ന ഗെയിമിംഗ് അന്തരീക്ഷം സൃഷ്ടിച്ചു.

അതുവഴി പ്ലാറ്റ്ഫോം കമ്മീഷന്റെ രൂപത്തിൽ വൻതോതിലാണ് ഉപയോക്താക്കളിൽ നിന്നു പണം കമ്പനി വസൂലാക്കിയതെന്നും അന്വേഷണ സംഘം ചൂണ്ടിക്കാട്ടി.

# പ്ലാനോയിൽ വാഹനാപകടം; ബേബിക്കുട്ടി വിൽസൺ ഫിലിപ്പിന് ദാരുണാന്ത്യം



ഡാളസ് (ഹീത്ത്): എടത്വ പരുത്തിമൂട്ടിൽ വിൽസൺ ഫിലിപ്പ് (മോനച്ചൻ) ഭാര്യയും റാന്നി കോതപുരത്ത് മാത്യുസാറിന്റെ മകളുമായ ബേബിക്കുട്ടി വിൽസൺ ഫിലിപ്പ് (66-നേഴ്സിങ് എഡ്യൂക്കേറ്റർ വി.എ. ഹോസ്പിറ്റൽ ഡാളസ്) ഡാളസ് പ്ലാനോയിൽ ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടു. പ്ലാനോയിലെ വെസ്റ്റ് പാർക്കർ റോഡ്-മിഷൻ റിഡ്ജ് റോഡ് ജംഗ്ഷനിൽ ഉണ്ടായ അപകടത്തിലാണ് ബേബിക്കുട്ടിയുടെ മരണം സംഭവിച്ചത്. ഭർത്താവ് വിൽസൺ ഫിലിപ്പ് നിസ്സാര പരുക്കുകളോടെ ആശുപത്രിയിൽ ചികിത്സയിലാണ്. മക്കൾ: ബെൻസൺ, ബിൽസൺ, ബ്രിയാന്ന (എല്ലാവരും ഡാളസ്), വിവരങ്ങൾക്ക്: 972 352 7489, 214 718 4571.

**പ്രസാദ് തീയാടിക്കൽ**

# ഫോമായുടെ ചരിത്ര കൺവൻഷനിലേക്ക് ഏവർക്കും ഹൃദ്യമായ സ്വാഗതം: പ്രസിഡണ്ട് ബേബി മണക്കുന്നേൽ

FOMAA
FEDERATION OF MALAYALEE ASSOCIATIONS OF AMERICAS

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ സാമൂഹിക-സാംസ്കാരിക കൂട്ടായ്മയായ ഫോമായുടെ ഒമ്പതാമത് ദേശീയ കുടുംബ സമ്മേളനത്തിലേക്ക് ഏവർക്കും ഹൃദയപൂർവ്വം സ്വാഗതം. ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 തീയതികളിൽ ടെക്സസിലെ ഹൂസ്റ്റണിലുള്ള വിൻധം ഹോട്ടലിൽ അരങ്ങേറുന്ന ഈ മഹാസംഗമം നാല് ദിവസത്തെ ആഘോഷമെന്നതിലുപരി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് എത്തിച്ചേരുന്ന മലയാളി കുടുംബങ്ങളുടെ സ്നേഹസംഗമവും സംസ്കാരത്തിന്റെ മഹോത്സവവുമാണ്.

ഫോമായുടെ ചരിത്രത്തിൽ മറ്റൊരു സുവർണ അദ്ധ്യായം രചിക്കാൻ പോകുന്ന ഈ ദേശീയ കൺവൻഷനിൽ കലയും സാഹിത്യവും സംഗീതവും നൃത്തവും സാമൂഹിക ചർച്ചകളും യുവജന-വനിതാ പരിപാടികളും കുട്ടികളുടെ പ്രതിഭാ പ്രകടനങ്ങളും ബിസിനസ് സമ്മേളനങ്ങളും ആത്മീയ നിമിഷങ്ങളും ഉൾപ്പെടെ എല്ലാ പ്രായക്കാരെയും ആകർഷിക്കുന്ന വൈവിധ്യമാർന്ന പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്.

ഈ വർഷം ലഭിച്ച അതുല്യമായ പ്രതികരണം ഞങ്ങളെ ഏറെ സന്തോഷിപ്പിക്കുന്നു. കൺവൻഷനിലെ എല്ലാ ഹോട്ടൽ മുറികളും ഇതിനകം തന്നെ പൂർണമായി ബുക്ക് ചെയ്തിരിക്കുകയാണ്. ഫോമായോടുള്ള അംഗങ്ങളുടെയും സുഹൃത്തുക്കളുടെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഏറ്റവും വലിയ അംഗീകാരമായാണ് ഞങ്ങൾ ഇതിനെ കാണുന്നത്.

ഈ മഹാസമ്മേളനത്തിന്റെ വിജയത്തിന് ശക്തമായ പിന്തുണ നല്കുന്ന പ്ലാറ്റിനം, ഗോൾഡ്, സിൽവർ



സ്പോൺസർമാർക്കും എല്ലാ സഹകാരികൾക്കും എന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. അവരുടെ ഉദാരമായ പിന്തുണയും വിശ്വാസവുമാണ് ഈ കൺവൻഷനെ കൂടുതൽ പ്രൗഢഗംഭീരമാക്കുന്നത്.

കൺവൻഷന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച ദേശീയ ഭാരവാഹികൾക്കും ഹോസ്റ്റ് റീജിയനിലെ പ്രവർത്തകർക്കും വിവിധ കമ്മിറ്റികളിലെ ചെയർമാൻമാർക്കും അംഗങ്ങൾക്കും സന്നദ്ധപ്രവർത്തകർക്കും എന്റെ പ്രത്യേക അഭിനന്ദനവും നന്ദിയും അറിയിക്കുന്നു. അവരുടെ ആത്മാർത്ഥമായ സേവനമാണ് ഈ മഹാസംരംഭത്തിന്റെ അടിത്തറ. ഈ വേദിയിലേക്ക് എത്തിച്ചേരുന്ന എല്ലാ വിശിഷ്ടാതിഥികളെയും ഫോമാ കുടുംബാംഗങ്ങളെയും അംഗസംഘടനാ പ്രതിനിധികളെയും കലാകാരന്മാരെയും മാധ്യമപ്രവർത്തകരെയും സ്പോൺസർമാരെയും സുഹൃത്തുക്കളെയും അഭ്യുദയകാംക്ഷികളെയും ഞാൻ സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

നമുക്ക് ഒരുമിച്ച് ആഘോഷിക്കാം; നമ്മുടെ ഭാഷയെയും സംസ്കാരത്തെയും പൈതൃകത്തെയും. പുതിയ സൗഹൃദങ്ങൾ സൃഷ്ടിക്കാം, പഴയ ബന്ധങ്ങൾ പുതുക്കാം, അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും കരുത്തും ലോകത്തിനു മുന്നിൽ ഒരിക്കൽക്കൂടി തെളിയിക്കാം.

ഹൂസ്റ്റണിൽ നിങ്ങളെ ഓരോരുത്തരെയും നേരിൽ കാണുവാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. എല്ലാവർക്കും ഹൃദയംനിറഞ്ഞ സ്വാഗതം!

**സ്നേഹപൂർവം,**
**ബേബി മണക്കുന്നേൽ,**
**പ്രസിഡണ്ട് ഫോമാ**

# സമാധാനചർച്ചയ്ക്ക് മാർപാപ്പയുടെ ആഹ്വാനം



റോം: വിശുദ്ധ നാട്ടിലും മദ്ധ്യപൂർവേഷ്യയിലും ആക്രമണങ്ങൾ അവസാനിപ്പിക്കാൻ ലെയോ പതിനാലാമൻ മാർപാപ്പയുടെ അഭ്യർത്ഥന. വർദ്ധിച്ചുവരുന്ന അക്രമങ്ങളിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച മാർപാപ്പ, സൈനിക നടപടികൾ അവസാനിപ്പിച്ച് ചർച്ചകളിലൂടെ നീതിയുക്തമായ പരിഹാരം കണ്ടെത്തണമെന്നും ആഹ്വാനം ചെയ്തു. വേനൽക്കാല വസതിയായ കസ്തേൽ ഗണ്ടോൾഫോയിൽ ത്രിസന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം തീർത്ഥാടകരെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ.

വിശുദ്ധ നാട്ടിൽ തുടരുന്നതും ശക്തമാകുന്നതുമായ അക്രമങ്ങളെ താൻ കടുത്ത ആശങ്കയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞ മാർപാപ്പ, ഓരോ വ്യക്തിയുടെയും തുല്യ അന്തസ്സിലും തുല്യ അവകാശങ്ങളിലും അധിഷ്ഠിതമായ നീതിയുക്തമായ ഒരു രാഷ്ട്രീയ പരിഹാരം ലക്ഷ്യമിട്ടുള്ള ചർച്ചകളിലേക്ക് മടങ്ങിയെത്തണമെന്നും ആവശ്യപ്പെട്ടു.

യുദ്ധംമൂലം ദുരിതമനുഭവിക്കുന്ന ലോകമെമ്പാടുമുള്ള എല്ലാ ജനങ്ങൾക്കുമായി പ്രാർത്ഥിക്കുന്നത് തുടരാനും മാർപാപ്പ എല്ലാവരെയും ആഹ്വാനം ചെയ്തു. "മധ്യപൂർവേഷ്യയിൽ സൈനിക നടപടി ശക്തമാക്കിയത് വീണ്ടും അക്രമങ്ങളും നാശനഷ്ടങ്ങളും വരുത്തിവെച്ചിരിക്കുകയാണ്. ഇത് എണ്ണമറ്റ സാധാരണക്കാരുടെ ജീവനെ വലിയ അപകടത്തിലാക്കുകയും കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും ക്ഷാമം രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു. ബന്ധപ്പെട്ട എല്ലാ കക്ഷികളും തങ്ങളുടെ ആക്രമണങ്ങൾ നിർത്തലാക്കണമെന്നും അടിയന്തരമായി ചർച്ചകളുടെയും നയതന്ത്രത്തിന്റെയും വഴികൾ വീണ്ടും തുറക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു" മാർപാപ്പ പറഞ്ഞു.

ഇതിനിടെ മാർപാപ്പ യുക്രെയ്ൻ സന്ദർശിക്കുന്നതിനുള്ള തീയതിയും അനുയോജ്യമായ സാഹചര്യങ്ങളും വത്തിക്കാൻ പഠിച്ചുവരികയാണെന്ന് വത്തിക്കാൻ വിദേശകാര്യ വിഭാഗം സെക്രട്ടറി ആർച്ച്ബിഷപ് ഡോ. പോൾ റിച്ചാർഡ് ഗല്ലഗർ പറഞ്ഞു. യുക്രെയിനിലെ ആറുദിവസം നീണ്ട നയതന്ത്ര-അജപാലന സന്ദർശനത്തിനുശേഷം റോമിലേക്കു മടങ്ങുന്നതിനു മുമ്പ് മാധ്യമങ്ങളോട് സംസാരിക്കവേയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

# മനുഷ്യ–വന്യജീവി സംഘർഷത്തിന് പരിഹാരം 'കൂടുമാറ്റം' പദ്ധതി തുടങ്ങുന്നു

തിരുവനന്തപുരം: വന്യജീവി-മനുഷ്യ സംഘർഷം കുറയ്ക്കാൻ വനത്തിനുള്ളിൽത്തന്നെ വന്യജീവികളുടെ ശാസ്ത്രീയ പുനരധിവാസത്തിന് (ട്രാൻസ്‌ലൊക്കേഷൻ) കേരളം ഒരുങ്ങുന്നു. ഒരിടത്ത് അമിതമായി കേന്ദ്രീകരിച്ചിട്ടുള്ള വന്യജീവികളെ അതേ ജീവിവർഗത്തിന്റെ എണ്ണം കുറവുള്ള അനുയോജ്യമായ വനമേഖലകളിലേക്കു മാറ്റുന്ന പദ്ധതിയാണ് ആദ്യഘട്ടത്തിൽ വയനാട്ടിൽ നടപ്പാക്കുക. പദ്ധതി വിജയിച്ചാൽ മറ്റു വനമേഖലകളിലേക്കും വ്യാപിപ്പിക്കും.

വയനാട്ടിലെ വിവിധ വനമേഖലകളിൽ ഓരോ ജീവിവർഗത്തിന്റെയും സാന്ദ്രതയും വനത്തിന്റെ വാഹകശേഷിയും കണ്ടെത്താൻ കോയമ്പത്തൂരിലെ സലീം അലി സെന്റർ ഫോർ ഓർണിത്തോളജി ആൻഡ് നാച്ചുറൽ ഹിസ്റ്ററിയെ (സാക്കോൺ) വനംവകുപ്പ് ചുമതലപ്പെടുത്തി. മന്ത്രി ഷിബു ബേബി ജോൺ കേന്ദ്ര വനംമന്ത്രി ഭൂപേന്ദ്ര യാദവുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് പദ്ധതിക്ക് രൂപമായത്. കുരങ്ങുകൾ, മയിലുകൾ തുടങ്ങി പുനരധിവാസം ആവശ്യമാണെന്നു കണ്ടെത്തുന്ന എല്ലാ ജീവിവർഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തും.

വയനാട്ടിൽനിന്നുള്ള വന്യജീവികളെ മാറ്റണമെങ്കിൽ സമീപ ജില്ലകളിലെ വനമേഖലകളിലും സമാനസർവേ നടത്തേണ്ടിവരും. ആവശ്യമായ സാഹചര്യമുണ്ടെങ്കിൽ അയൽസംസ്ഥാനങ്ങളിലെ വനമേഖലകളിലേക്കും ജീവികളെ മാറ്റുന്നതും പരിഗണനയിലുണ്ട്. നിലവിലെ വന്യജീവി സംരക്ഷണ നിയമത്തിൽ ഇതിന് ചില പരിമിതികളുണ്ടെങ്കിലും വന്യജീവി പുനരധിവാസത്തിൽ സംസ്ഥാന അതിർത്തികൾ തടസ്സമാകരുതെന്ന സമീപനമാണ് കേന്ദ്രതലത്തിൽ പരിഗണിക്കുന്നത്. ആവശ്യമെങ്കിൽ നിയമഭേദഗതിയും ആലോചനയിലുണ്ട്.

വലിയ വന്യജീവികളുടെ പുനരധിവാസത്തിന് വ്യോമസേനയുടെ സഹായവും കേരളം തേടിയിട്ടുണ്ട്. മയക്കുവെടിവെച്ചശേഷം കൂട്ടിലാക്കി ഹെലികോപ്റ്ററിനുള്ളിലോ ആവശ്യമായാൽ ഉരുക്കുവടം ഉപയോഗിച്ച് തൂക്കിയോ ലക്ഷ്യസ്ഥാനത്തെത്തിക്കും. പൂർണബോധം വീണ്ടെടുത്ത് സുരക്ഷിതമായി വനത്തിലേക്ക് പ്രവേശിക്കുന്നുവെന്ന് ഉറപ്പാക്കിയേ വെറ്ററിനറി സംഘം മടങ്ങൂ.

# സിക്കിം തുരങ്കദുരന്തം: മലയാളിയടക്കം 25 പേരും മരിച്ചു


ഗാങ്ടോക്ക്: സിക്കിമിലെ നാംചി ജില്ലയിൽ ജലവൈദ്യുതപദ്ധതിയുടെ നിർമാണത്തിലുള്ള തുരങ്കം തകർന്ന് കോട്ടയം പാമ്പാടി കൂരോത്തുപറമ്പിൽ അനീഷ് മോഹൻ (43) അടക്കം 25 പേർ പേർ മരിച്ചു. കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ ഹൈഡ്രോ പവർ കോർപറേഷൻ (എൻഎച്ച്പിസി) സിക്കിം യൂണിറ്റിന്റെ മാനേജരും ജിയോളജിസ്റ്റുമായിരുന്നു അനീഷ്.

തെക്കൻ സിക്കിമിലെ സമർദൂങ്ങിൽ ടീസ്റ്റ ജലവൈദ്യുതപദ്ധതിക്കുവേണ്ടി എൻഎച്ച്പിസി നിർമിക്കുന്ന തുരങ്കമാണ് തകർന്നത്. അണക്കെട്ടിൽനിന്നു വൈദ്യുതോൽപാദനത്തിനായി വെള്ളമെത്തിക്കാൻ മലകൾ തുരന്നു നിർമിക്കുന്ന കൂറ്റൻ തുരങ്കമാണിത്. ഭൂമിക്കടിയിൽ പാറ തുരക്കുന്നതിനിടെ മീഥൈൻ വാതകച്ചോർച്ച മൂലമുണ്ടായ സ്ഫോടനമാണ് തുരങ്കം തകരാൻ കാരണമെന്ന് എൻഎച്ച്പിസി അറിയിച്ചു. അപകടസമയത്ത് തുരങ്കത്തിൽ അനീഷും മറ്റ് ഉദ്യോഗസ്ഥരും തൊഴിലാളികളുമടക്കം 25 പേരുണ്ടായിരുന്നു. ഖനിയപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്ന ബംഗാളിൽനിന്നുള്ള വിദഗ്ധരുടെ സംഘവും സംഭവസ്ഥലത്തെത്തിയിരുന്നു. 2011 മുതൽ എൻഎച്ച്പിസിയിൽ ഉദ്യോഗസ്ഥനായ അനീഷ് ഡൽഹിയിലാണു താമസം.

വാതകച്ചോർച്ചയുടെ കാരണം കണ്ടെത്താൻ സിക്കിം സർക്കാർ വിദഗ്ധസമിതിയെ നിയോഗിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ നാല് ലക്ഷം രൂപ സഹായം പ്രഖ്യാപിച്ചു. പരുക്കേറ്റവർക്ക് 50,000 രൂപ നൽകും.

# സ്വർണക്കൊള്ള: പി.എസ്. പ്രശാന്തും അജികുമാറും റിമാൻഡിൽ

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി.എസ്. പ്രശാന്തും മുൻ അംഗം സി.പി.ഐ നേതാവ് എ. അജികുമാറും അറസ്റ്റിൽ. ഇരുവരെയും കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത് പൂജപ്പുര സെൻട്രൽ ജയിലിലേക്ക് അയച്ചു.



പി.എസ്. പ്രശാന്ത്



എ. അജികുമാർ

2019-ലെ ശബരിമല സ്വർണക്കൊള്ളയുടെ തെളിവുകൾ മറച്ചുവെക്കാനായി 2025-ൽ ഹൈക്കോടതിയുടെ മുൻകൂർ അനുമതിയില്ലാതെ ശ്രീകോവിൽ ദ്വാരപാലകശിൽപ്പാളികൾ വീണ്ടും സ്വർണം പൂശാൻ പുറത്തേക്ക് കൊണ്ടുപോയെന്നു പ്രത്യേകാന്വേഷണസംഘം (എസ്.ഐ.ടി) കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ്.

ജൂലൈ 23-ന് രാവിലെ കരകുളത്തെ വീട്ടിൽനിന്നാണ് പ്രശാന്തിനെ എസ്.ഐ.ടി. കസ്റ്റഡിയിലെടുത്തത്. തുടർന്ന് കൊല്ലം പോലീസ് ക്ലബ്ബിലെത്തിച്ച് മണിക്കൂറുകൾ ചോദ്യം ചെയ്തശേഷം അറസ്റ്റ് രേഖപ്പെടുത്തി. അജികുമാറിനെയും അറസ്റ്റിനു മുമ്പ് ചോദ്യം ചെയ്തു.

കേസ് രാഷ്ട്രീയപ്രേരിതമാണെന്നും നിരപരാധിത്വം കോടതിയിൽ തെളിയിക്കുമെന്നും വൈദ്യപരിശോധനയ്ക്ക് എത്തിച്ചപ്പോൾ പ്രശാന്ത് മാധ്യമങ്ങളോട് പറഞ്ഞു. അറസ്റ്റിന് മുമ്പ് ഫെയ്സ്ബുക്കിലും അദ്ദേഹം ഇതേ ആരോപണം ഉന്നയിച്ചു. 2019-ലെ ശബരിമല സ്വർണക്കൊള്ള പുറത്തുകൊണ്ടുവരാൻ പ്രവർത്തിച്ച ദേവസ്വം ബോർഡിനെയാണ് ഇപ്പോൾ പ്രതിയാക്കുന്നതെന്നും നിലവിലെ സർക്കാരിന്റെ രാഷ്ട്രീയസമ്മർദമാണ് പിന്നിലെന്നും പ്രശാന്ത് ആരോപിച്ചു.

2019-ൽ സ്വർണം പൂശിയ ദ്വാരപാലകശിൽപ്പാളികളുടെ തിളക്കം കുറഞ്ഞ കാലത്തിനുള്ളിൽ നഷ്ടപ്പെട്ടതായി അന്നത്തെ എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിനെ അറിയിച്ചെങ്കിലും അതിന്റെ കാരണം അന്വേഷിക്കാതെ വീണ്ടും അതേ സംഘത്തിനുതന്നെ പാളികൾ കൈമാറുകയും ഹൈക്കോടതിയുടെ മുൻകൂർ അനുമതി തേടാതിരിക്കുകയും ചെയ്തതാണ് എസ്.ഐ.ടി ഗൗരവമായി കാണുന്നത്. മുഖ്യപ്രതി ഉണ്ണിക്കൃഷ്ണൻ പോറ്റിയും ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസ് ഉടമയും ഉൾപ്പെടെയുള്ളവരുമായി ഗൂഢാലോചന നടത്തിയെന്നാണ് അന്വേഷണസംഘത്തിന്റെ കണ്ടെത്തൽ. 2025-ലെ സംഭവത്തിൽ പ്രത്യേക കേസ് രജിസ്റ്റർ ചെയ്യാതെ, 2019-ലെ ശബരിമല സ്വർണക്കൊള്ള കേസിനൊപ്പമായിരിക്കും പ്രശാന്തിന്റെയും അജികുമാറിന്റെയും പങ്ക് ഉൾപ്പെടുത്തി കുറ്റപത്രം സമർപ്പിക്കുക.

# ആലപ്പുഴ രക്ഷാപ്രവർത്തനകേസ്: അജിത്കുമാറിന് സസ്പെൻഷൻ

തിരുവനന്തപുരം: ആലപ്പുഴയിലെ 'രക്ഷാപ്രവർത്തന' കേസ് അട്ടിമറിയിൽ എഡിജിപി എം.ആർ. അജിത്കുമാറിന് സസ്പെൻഷൻ. രക്ഷാപ്രവർത്തന കേസ് അട്ടിമറിയിൽ എഡിജിപി അജിത്കുമാറിന്റെ പങ്ക് വ്യക്തമാക്കിയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്യണമെന്ന ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുടെ ശിപാർശ അംഗീകരിച്ചാണ് മുഖ്യമന്ത്രിയുടെ നടപടി. എസ്ഐടി റിപ്പോർട്ട് ഈയിടെ സംസ്ഥാന പോലീസ് മേധാവി ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കൈമാറിയിരുന്നു. ആഭ്യന്തര സെക്രട്ടറി നൽകിയ റിപ്പോർട്ടിലാണ് സസ്പെൻഡ് ചെയ്യാൻ ആഭ്യന്തര മന്ത്രി ശിപാർശ നൽകിയത്. നിലവിൽ ബിവറേജസ് കോർപറേഷൻ എംഡിയാണ് അജിത്കുമാർ.

അന്വേഷണം പല ഘട്ടങ്ങളിലായി അട്ടിമറിക്കാൻ ശ്രമിച്ച അന്വേഷണ ഉദ്യോഗസ്ഥരായിരുന്ന മൂന്നു ഡിവൈഎസ്പിമാർക്കും എഡിജിപിയുടെ ഓഫീസിലെ ഗ്രേഡ് എസ്ഐമാർക്കും എതിരേ വകുപ്പുതല അച്ചടക്ക നടപടിയും ശിപാർശ ചെയ്തിട്ടുണ്ട്. യൂത്ത് കോൺഗ്രസ്-കെഎസ്‌യു നേതാക്കളെ മർദിച്ച മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ ഗൺമാൻമാരെ രക്ഷിക്കാൻ അന്വേഷണത്തിൽ അട്ടിമറി നടത്താൻ



ശ്രമിച്ചെന്നായിരുന്നു അജിത്തിനെതിരെ ഉയർന്ന പരാതി. അജിത്കുമാറിന്റെ പങ്ക് വ്യക്തമാക്കുന്ന ഡിജിറ്റൽ തെളിവുകളാണ് പ്രത്യേക അന്വേഷണസംഘത്തലവനായ എസ്പി എ.പി. ഷൗക്കത്തലി കണ്ടെത്തിയതെന്ന് സൂചന. മൊബൈൽ ഫോൺ രേഖകളും സിസിടിവി ദൃശ്യങ്ങളും അടങ്ങിയ ഡിജിറ്റൽ തെളിവുകൾ ശേഖരിച്ചത്. ഇത്തരം തെളിവുകളുടെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ അടക്കമുള്ള നടപടികളിലേക്കു കടന്നത്.






# വിലങ്ങണിയിച്ച വ്യക്തിയെ പൊതുജനത്തിനു മുന്നിൽ പ്രദർശിപ്പിക്കരുത്

കൊച്ചി: കൈവിലങ്ങ് അണിയിച്ച വ്യക്തിയെ പൊതുജനങ്ങൾക്കു മുന്നിൽ പ്രദർശിപ്പിക്കുകയോ അനാവശ്യമായി മാധ്യമശ്രദ്ധയ്ക്കു വിധേയനാക്കുകയോ ചെയ്യരുതെന്നു നിർദേശിച്ച് ഡിജിപിയുടെ സർക്കുലർ. കൈവിലങ്ങ് ഉപയോഗിക്കുന്നതു സംബന്ധിച്ച് അവ്യക്തതയുണ്ടെന്നു ബോധ്യപ്പെട്ട സാഹചര്യത്തിലാണ് സർക്കുലറിറക്കുന്നതെന്ന് ഡിജിപി റവാഡ ചന്ദ്രശേഖർ ഉത്തരവിൽ പറയുന്നു.

ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (ബിഎൻഎസ്എസ്) 2023-ലെ വകുപ്പ് 43(3) പ്രകാരം കുറ്റകൃത്യത്തിന്റെ തീവ്രതയനുസരിച്ച് പ്രതിയെ അറസ്റ്റ് ചെയ്യുമ്പോഴും കോടതിയിൽ ഹാജരാക്കുമ്പോഴും കൈവിലങ്ങ് അണിയിക്കാൻ പോലീസ് ഉദ്യോഗസ്ഥന് അധികാരമുണ്ടെന്ന് ഉത്തരവിലുണ്ട്. എന്നാൽ, ഇതു വിവേചനാധികാരമാണെന്നും നിർബന്ധമല്ലെന്നും സർക്കുലറിൽ വ്യക്തമാക്കുന്നു.

ബിഎൻഎസ്എസ് വകുപ്പ് 43(3)-ൽ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളിലെ പ്രതിയാണെന്ന കാരണത്താൽ മാത്രം കൈവിലങ്ങ് ഉപയോഗിക്കരുത്. കുറ്റത്തിന്റെ സ്വഭാവം, ഗൗരവം, പ്രതിയുടെ പെരുമാറ്റം, രക്ഷപ്പെടാനുള്ള സാധ്യത, അക്രമാസക്തമായ പെരുമാറ്റത്തിനു സാധ്യത, സുരക്ഷാസാഹചര്യം എന്നിവ പ്രത്യേകം വിലയിരുത്തിയശേഷമേ കൈവിലങ്ങ് ഉപയോഗിക്കാവൂ.

കൈവിലങ്ങ് ഉപയോഗിക്കുന്ന എല്ലാ സാഹചര്യങ്ങളിലും അതിനുള്ള വ്യക്തമായ കാരണം അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തണം. ജനറൽ ഡയറിയിലും കസ്റ്റഡിയിലുള്ളവരുടെ രജിസ്റ്ററായ കെപിഎഫ്-150-ലും ഇതു രേഖപ്പെടുത്തണം. പ്രതിയെ കോടതിയിൽ ഹാജരാക്കുമ്പോൾ രേഖാമൂലം കോടതിയെ ഇക്കാര്യം അറിയിക്കുകയും വേണം.

ഭരണഘടനയുടെ 21-ാം അനുച്ഛേദപ്രകാരം വ്യക്തികളുടെ അവകാശം പാലിക്കണം. പ്രായാധിക്യം, ഗുരുതര ആരോഗ്യപ്രശ്നങ്ങൾ, ശാരീരിക അവശത, ഭിന്നശേഷി തുടങ്ങിയ സാഹചര്യങ്ങളിൽ സുരക്ഷാഭീഷണി അതീവ ഗുരുതരമല്ലെങ്കിൽ സാധാരണയായി കൈവിലങ്ങ് ഉപയോഗിക്കുന്നത് ഒഴിവാക്കണം. ഒരാളുടെ അന്തസിനു കളങ്കം വരുത്താനായി ബോധപൂർവം വിലങ്ങ് ധരിപ്പിക്കരുത്. കോടതിയിൽ ഹാജരാക്കാൻ അകമ്പടി പോകുന്ന ഉദ്യോഗസ്ഥരുടെ സൗകര്യത്തിനായി വിലങ്ങ് ധരിപ്പിക്കരുതെന്നും സർക്കുലറിൽ പറയുന്നു.

ജില്ലാ പോലീസ് മേധാവിമാർ ഈ നിർദേശങ്ങൾ പോലീസ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി കർശനമായി നടപ്പാക്കണമെന്നും മാർഗനിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും സർക്കുലറിൽ മുന്നറിയിപ്പ് നൽകുന്നു.

# അനുമതിയില്ലാതെ കോടതി നടപടികൾ പ്രചരിപ്പിക്കരുത്, പകർത്തരുത്

ന്യൂഡൽഹി: ബന്ധപ്പെട്ട കോടതിയുടെ അനുമതിയില്ലാതെ കോടതി നടപടികൾ ചിത്രീകരിക്കുന്നതും പ്രചരിപ്പിക്കുന്നതും സുപ്രീംകോടതി നിരോധിച്ചു. അനുമതിയില്ലാതെ കോടതി നടപടികളുടെ വീഡിയോയും ഓഡിയോയും പകർത്തൽ, എഡിറ്റിങ്, സോഷ്യൽ മീഡിയായിലും മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും പ്രചരിപ്പിക്കൽ , ധനസമ്പാദനം തുടങ്ങിയവയ്ക്ക് ഇടക്കാല ഉത്തരവിലൂടെയാണ് കോടതി നിരോധനം ഏർപ്പെടുത്തിയത്.

ജുഡീഷ്യൽ നടപടികളുടെ വാർത്താ റിപ്പോർട്ടിനെ ഈ നടപടി ബാധിക്കില്ലെന്ന് കോടതി വ്യക്തമാക്കി. ഹൈക്കോടതികളുടേതെങ്കിൽ ബന്ധപ്പെട്ട റജിസ്ട്രാർ ജനറലിന്റെയോ സുപ്രീംകോടതിയിൽ സെക്രട്ടറി ജനറലിന്റെയോ മുൻകൂർ അനുമതിയാണു തേടേണ്ടതെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. കോടതികളിൽനിന്നുള്ള വീഡിയോ പ്രചരിപ്പിച്ചുള്ള ധനസമ്പാദനത്തിന്റെ കാര്യത്തിൽ നിയന്ത്രണം ആവശ്യപ്പെട്ട് മാധ്യമ പ്രവർത്തക ഹർഷിത ഗ്രോവാർ നലകിയ പൊതുതാൽപര്യ ഹർജിയാണു കോടതി പരിഗണിച്ചത്.

കോടതി മുറികളിലെ വാഗ്വാദങ്ങൾ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് പ്രചരിപ്പിക്കുന്നത് കോടതികളുടെ അന്തസ്സിനെ ഇടിച്ചു താഴ്ത്തുന്നുവെന്നും ഹർജിക്കാർ വാദിച്ചു. കോടതികൾക്കു 24 മണിക്കൂർ വിനോദ ചാനലുകളാകാൻ കഴിയില്ലെന്ന് കേസ് പരിഗണിക്കുന്നതിനിടെ കോടതി നിരീക്ഷിച്ചു.

# എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനം: സർക്കാർ ഉത്തരവിറങ്ങി

തിരുവനന്തപുരം: കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനം സംബന്ധിച്ച് തുടർനിർദേശങ്ങൾ നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിറങ്ങി. എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജുമെന്റുകളിൽ ഭിന്നശേഷി സംവരണ നിയമത്തിന് വിധേയമായി താത്കാലികമായി ജോലിചെയ്യുന്ന ജീവനക്കാരെ ശമ്പളസ്കെയിലിൽ ക്രമീകരിക്കുന്നതിന് തുടർ നിർദേശങ്ങൾ നൽകിയാണ് ഉത്തരവ്.

ഈ ഉത്തരവ് പ്രകാരം സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമനത്തിന് ഒഴിവുകൾ മാറ്റിവെക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടും, നിശ്ചിത സമയപരിധിക്കുള്ളിൽ യോഗ്യരായ ഭിന്നശേഷി വിഭാഗത്തിലുള്ളവരെ നിയമനത്തിന് ലഭിച്ചില്ലെങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിന് 2016-ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശനിയമം സെക്ഷൻ 34(2) അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനത്തിനുവേണ്ടി ആദ്യം വിട്ടുനൽകിയ തസ്തികയ്ക്ക് പകരം ഒഴിവുള്ള മറ്റൊരു അനുയോജ്യമായ തസ്തിക മാറ്റിവെക്കുന്നതിന് അനുമതി തേടിക്കൊണ്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളാൻ ജില്ലാതല സമിതി കൺവീനർമാരെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് തസ്തികമാറ്റം നൽകുന്നതിനുള്ള അനുമതി ഒരു തവണത്തേക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

# എയർബസ് വിമാനത്തിന്റെ പരീക്ഷണപ്പറക്കൽ വിജയകരം

മെൽബൺ: 19 മണിക്കൂർ യാത്ര; നിർത്താതെ പറന്നത് 17,000 കിലോമീറ്റർ. വ്യോമയാന ചരിത്രത്തിൽ പുതിയ അധ്യായം രചിച്ചിരിക്കുകയാണ് എയർബസ് എ 350-1000 യു.എൽ.ആർ. വിമാനം. ലോകത്തെ ഏറ്റവും ദൈർഘ്യമേറിയ വാണിജ്യ വിമാന സർവീസ് ആരംഭിക്കാൻ ലക്ഷ്യമിട്ട് ഓസ്ട്രേലിയൻ വിമാനക്കമ്പനിയായ ക്വാണ്ടാസ് എയർവേസാണ് ഈ പരീക്ഷണപ്പറക്കൽ വിജയകരമായി നടത്തിയത്. ജൂലൈ 23-ന് വ്യാഴാഴ്ച ഫ്രാൻസിലെ ടുലൂസിലുള്ള എയർബസ് നിർമാണകേന്ദ്രത്തിൽനിന്ന് മെൽബണിലേക്കുള്ള 17,000 കിലോമീറ്റർ വിമാനം ഇടവേളയില്ലാതെ താണ്ടി. 19 മണിക്കൂറെടുത്തു മെൽബണിലെത്താൻ. ക്വാണ്ടാസിന്റെ 'പ്രോജക്ട് സൺറൈസ്' പദ്ധതിയുടെ ഭാഗമായാണിത്. വിമാനത്തിന്റെ ഇന്ധനക്ഷമത, പ്രവർത്തനക്ഷമത, ദീർഘദൂര പ്രകടനം എന്നിവ വിലയിരുത്തുന്നതിനായിരുന്നു പരീക്ഷണപ്പറക്കൽ.

2027 മുതൽ സിഡ്നി-ലണ്ടൻ, സിഡ്നി-ന്യൂയോർക്ക് റൂട്ടുകളിൽ ലോകത്തെ ഏറ്റവും ദൈർഘ്യമേറിയ നോൺസ്റ്റോപ് സർവീസുകൾ ആരംഭിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഈ ഇനത്തിൽപ്പെട്ട 12 വിമാനങ്ങളാണ് എയർബസ് ക്വാണ്ടാസിന് നൽകുന്നത്.

എ350-1000 വിമാനത്തെക്കാൾ കൂടുതൽ ഇന്ധനം വഹിക്കാനാകുമെന്നതാണ് പ്രത്യേകത. 20 മണിക്കൂറിലധികം തുടർച്ചയായി പറക്കാനാകും. ദീർഘയാത്രകൾ കൂടുതൽ സൗകര്യപ്രദമാക്കാൻ പ്രത്യേക വെൽനെസ് സോൺ, വിശാല കാബിൻ, മെച്ചപ്പെട്ട വായുസഞ്ചാര സംവിധാനം തുടങ്ങി പല സവിശേഷതകളുമുണ്ട്. നിലവിൽ ലോകത്തെ ഏറ്റവും ദൈർഘ്യമേറിയ നോൺസ്റ്റോപ് വാണിജ്യ വിമാന സർവീസ് സിങ്കപ്പൂർ എയർലൈൻസിന്റെ ന്യൂയോർക്ക്-സിങ്കപ്പൂർ ആണ്. 18 മണിക്കൂർ 40 മിനിറ്റിൽ 15332 കിലോമീറ്ററാണ് താണ്ടുക.



എയർബസ് എ 350-1000 യു.എൽ.ആർ. വിമാനം മെൽബൺ വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ.



# നായർ അസ്സോസിയേഷൻ ഓണാഘോഷം ആഗസ്റ്റ് 16–ന് ഞായറാഴ്ച

സതീശൻ നായർ

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷം ആഗസ്റ്റ് മാസം 16–ന് ഞായറാഴ്ച മൂന്നു മണി മുതൽ ആരംഭിക്കുമെന്ന് പ്രസിഡണ്ട് വിജി നായർ അറിയിച്ചു.




ഈ വർഷത്തെ ഓണാഘോഷം ഡെസ്പ്ലെയിൻസിലുള്ള പ്രയിറി ലേക്ക് കമ്യൂണിറ്റി സെന്ററിൽ (515. E. Thaker Street, Des Plaines, IL 60016) വെച്ച് നടത്തുന്നതാണ്. വ്യത്യസ്തങ്ങളായ വിവിധ കലാപരിപാടികൾ ഈ വർഷത്തെ ഓണാഘോഷത്തിന്റെ പ്രത്യേകതയായിരിക്കും. ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കുവാൻ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. ഓണാഘോഷ പരിപാടിയിലേക്ക് സംഘാടകർ ഏവരേയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് വിജി നായർ (847 962 0749), സുരേഷ് ബാലചന്ദ്രൻ (630 977 9988), അരവിന്ദ് പിള്ള (847 789 0519), ദിപു നായർ (714 501 7083) എന്നിവരുമായി ബന്ധപ്പെടുക.

# ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ ശ്രേഷ്ഠ ബാവായ്ക്ക് വമ്പിച്ച വരവേൽപ്പ്

ഷെവ. ജെയ്മോൻ സ്കറിയ



ഓക്പാർക്ക്: അമേരിക്കൻ ഐക്യനാടുകളിൽ ഹ്രസ്വ സന്ദർശനത്തിന് എത്തിയ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മാർ ബസേലിയോസ് ജോസഫ് ബാവയ്ക്ക് ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ ഓഗസ്റ്റ് 2–ന് ഞായറാഴ്ച വൈകുന്നേരം 5.30–ന് സ്വീകരണം നൽകുന്നതാണ്. വൈകുന്നേരം 5.30–ന് പള്ളിയിൽ എത്തിച്ചേരുന്ന ശ്രേഷ്ഠ ബാവയെ പള്ളിയിലേക്കു ആനയിക്കുന്നതാണ്. തുടർന്ന് ശ്രേഷ്ഠ ബാവയുടെ നേതൃത്വത്തിൽ സന്ധ്യാ നമസ്കാരം നടത്തപ്പെടും. തുടർന്നു നടക്കുന്ന സ്വീകരണ സമ്മേളനത്തിൽ ശ്രേഷ്ഠ ബാവ അധ്യക്ഷത വഹിക്കും. പൊതുസമ്മേളനത്തിൽ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ, വിവിധ ക്രൈസ്തവ സഭാ പ്രതിനിധികൾ, ചിക്കാഗോ പൗരാവലി, ഓക്പാർക്ക് മേയർ എന്നിവർ ആശംസകൾ നേരുന്നതാണ്. സൺഡേ സ്കൂൾ കുട്ടികളുടെ കലാപരിപാടികൾ ചടങ്ങിൽ മാറ്റുകൂട്ടും. സെന്റ് ജോർജ് ക്വയർ ഗാനങ്ങൾ ആലപിക്കും. തുടർന്നു സ്നേഹ വിരുന്നോടുകൂടി ചടങ്ങുകൾ അവസാനിക്കും. പ്രസ്തുത സ്വീകരണ സമ്മേളനത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: റവ. ഫാ. ലിജു പോൾ (വികാരി) 224–730–4082, വെരി.റവ. ഫാ. മാത്യു വർഗീസ്, കരിത്തലയ്ക്കൽ (അസോസിയേറ്റ് വികാരി) 312–354–0830, മാമ്മൻ കുരുവിള (വൈസ് പ്രസിഡണ്ട്) 630–205–8887, റെജിമോൻ ജേക്കബ് (ട്രസ്റ്റി) 847–877–6898, ഷെവ. ജെയ്മോൻ സ്കറിയ (സെക്രട്ടറി) 847–370–4330.

# ഷിബു മുളയാനികുന്നേൽ നൈൽസ് റോട്ടറി ക്ലബ് പ്രസിഡണ്ട്

റോയി ചേലമലയിൽ



ഡെസ്പ്ലെയിൻസ്: റോട്ടറി ക്ലബ് ഓഫ് നൈൽസിന്റെ 2026–27 വർഷത്തെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും വിവിധ സേവന പദ്ധതികളുടെ ഉദ്ഘാടനവും ജൂലൈ 24–ന് വൈകുന്നേരം 7–ന് ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്യൂണിറ്റി സെന്റർ ഹാളിൽ നടന്നു. ചടങ്ങിൽ റോട്ടറി ക്ലബ് ഇന്റർനാഷണൽ പ്രസിഡണ്ട് ഒലയിങ്ക് ഹക്കീം ബബലോല, ഡിസ്ട്രിക്ട് ഗവർണർ റിക്ക് റെയ്നർ എന്നിവർ പങ്കെടുത്തു.

2026–27 വർഷത്തെ പുതിയ ഭാരവാഹികൾ താഴെപ്പറയുന്നവരാണ്. പ്രസിഡണ്ട്–ഷിബു ജോസഫ് മുളയാനികുന്നേൽ, വൈസ് പ്രസിഡണ്ട്–ഷിബു പീറ്റർ വെട്ടുകല്ലേൽ, സെക്രട്ടറി–ഡോ. റോയി ചേലമലയിൽ, ട്രഷറർ–ഡോ. ജോസഫ് ഏബ്രഹാം, റോട്ടറി ഫൗണ്ടേഷൻ ചെയർ–ജസ്റ്റിൻ തെങ്ങനാട്ട് എന്നിവരാണ്.

ഇവരോടൊപ്പം ബോർഡ് അംഗങ്ങളായി മുൻ പ്രസിഡണ്ട് ജിജോ വർഗീസ്, ജോസഫ് ഏബ്രഹാം (തമ്പി) വിരുത്തികുളങ്ങര, സിബി കുരുവിള, സിറിയക് ലൂക്കോസ് പുത്തൻപുര, സാബു തോമസ്, തോമസ് പുല്ലുകാട്ട്, അലക്സ് മുല്ലപ്പള്ളി, ബോബി ജേക്കബ്, അലക്സ് ജോസഫ്, നൈനാൻ തോമസ് എന്നിവരും പ്രവർത്തിക്കും.

കഴിഞ്ഞ ഏഴ് വർഷമായി റോട്ടറി ക്ലബ് ഓഫ് നൈൽസ് കേരളത്തിലും തമിഴ്നാട്ടിലുമായി ജനോപകാരപ്രദമായ നിരവധി സാമൂഹിക സേവന പദ്ധതികൾ വിജയകരമായി നടപ്പാക്കി സാമൂഹിക സേവനരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചുവരികയാണ്.


റോട്ടറി ഇന്റർനാഷണലിന്റെ ഗ്ലോബൽ ഗ്രാന്റിന്റെ സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പാക്കിവരുന്നത്. റോട്ടറി ക്ലബിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാൻ ഭാരവാഹികളുമായി ബന്ധപ്പെടുക.

# പന്തളം ബിജു ഫോമാ മൗണ്ടെയ്ൻ റീജിയൻ പ്രഥമ വൈസ് പ്രസിഡണ്ട്

ലാസ് വേഗസ്: ഫോമായുടെ പുതിയ റീജിയനുകളിൽ ഒന്നായ മൗണ്ടെയ്ൻ (മലനാട്) റീജിയന്റെ വൈസ് പ്രസിഡണ്ടായി (ആർവിപി) പന്തളം ബിജുവിനെ എതിരില്ലാതെ തെരഞ്ഞെടുത്തു. പുതുതായി രൂപീകരിക്കപ്പെട്ട ഫോമായുടെ മറ്റ് റീജിയനുകളിലെല്ലാം മത്സരം അനിവാര്യമായി വന്നപ്പോഴും ഇവിടെ മത്സരം ഒഴിവായി. അമേരിക്കയുടെ പശ്ചിമഘട്ടത്തിലെ മലനിരകൾ ഉൾപ്പെടുന്ന നെവാഡ, അരിസോണ, കൊളറാഡോ മുതലായ സംസ്ഥാനങ്ങളിലുള്ള മലയാളി കേരളാ അസോസിയേഷനുകളാണ് ഈ റീജിയനിലുള്ളത്.

ഫോമാ വെസ്റ്റേൺ റീജിയന്റെ വൈസ് പ്രസിഡണ്ടായിരുന്ന പന്തളത്തിന്റെ മുൻകാല പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് പുതിയ റീജിയന്റെ വൈസ് പ്രസിഡണ്ടായി നാമനിർദ്ദേശം ലഭിച്ചത്.


കഴിഞ്ഞ കാലയളവിൽ ഫോമായിലെ വിവിധ കമ്മിറ്റികളിൽ ചെയർമാനായും ഫോമായുടെ ലാസ്വേഗസ് കൺവൻഷന്റെ നേതൃത്വത്തിലും കേരളാ അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ മുൻകാല പ്രസിഡണ്ടായും പദവികൾ അലങ്കരിച്ചിട്ടുണ്ട്.



അമേരിക്കയിലും കാനഡയിലുമായി പടർന്ന് പന്തലിച്ച് കിടക്കുന്ന ഫോമായുടെ ഒരു റീജിയണൽ വൈസ് പ്രസിഡണ്ട് എന്ന സ്ഥാനം ഒട്ടനവധി ഉത്തരവാദിത്വം നിറഞ്ഞതാണെന്ന് അറിയാമെന്നും അതുകൊണ്ടു തന്നെ ഈ സ്ഥാനത്തേക്ക് എന്നെ പരിഗണിച്ച റീജിയണിലെ എല്ലാവരോടും പ്രത്യേകിച്ച് കേരളാ അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോടും പ്രസിഡണ്ട് തോംപ്സൺ ചെമ്പ്ളാവിൽ, സെക്രട്ടറി ഡേവിസ് പറപ്പള്ളി എന്നിവരോടുമുള്ള പ്രത്യേകമായ നന്ദിയും കൃതജ്ഞതയും അറിയിക്കുന്നതായി ബിജു പന്തളം അറിയിച്ചു.







THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
FOR BOOKING
ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com
JENNI THANNIKARI
+1 713-280-8688
SOBHANA
+91 965 616 8399


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് ജോസഫ് ബാവ അമേരിക്കയിൽ



ന്യൂയോർക്ക്: പരിശുദ്ധ അന്ത്യോഖ്യൻ സിംഹാസനത്തിൻ കീഴിലുള്ള ആകമാന യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ അതിഭദ്രാസനത്തിന്റെ 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതിനായി യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൺ മോർ ബസേലിയോസ് ജോസഫ് ബാവ അമേരിക്കയിൽ എത്തിച്ചേർന്നു. സ്ഥാനാരോഹണത്തിനു ശേഷം ആദ്യമായി അമേരിക്കയിൽ എത്തിച്ചേർന്ന ശ്രേഷ്ഠ ബാവയെ അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്തായും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിയും ക്നാനായ അതിഭദ്രാസന മെത്രാപ്പോലീത്ത ഡോക്ടർ അയൂബ് മോർ സിൽവാനിയോസ് തിരുമേനിയും ഭദ്രാസന കൗൺസിൽ അംഗങ്ങളും വൈദികരും വിശ്വാസികളും ചേർന്ന് ജൂലൈ മാസം 21-ാം തീയതി ന്യൂയോർക്കിലുള്ള ജെ.എഫ്.കെ എയർപോർട്ടിൽ വെച്ച് സ്വീകരിച്ച് ഭദ്രാസന ആസ്ഥാനത്തേക്ക് ആനയിച്ചു. ഭദ്രാസന ആസ്ഥാനത്ത് അതിവിപുലമായ സ്വീകരണമാണ് ശ്രേഷ്ഠ ബാവയ്ക്ക് നല്കിയത്.

**വർഗീസ് പാലമലയിൽ**

















# എ.കെ.എം.ജി. 47-ാം കൺവൻഷൻ ന്യൂജേഴ്സിയിൽ ഓഗസ്റ്റ് 6 മുതൽ 9 വരെ

ന്യൂജേഴ്സി: അമേരിക്കയിലെ മലയാളി ഡോക്ടർമാരുടെ സംഘടനയായ AKMG-യുടെ അന്താരാഷ്ട്ര കൺവൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ ന്യൂജേഴ്സിയിലെ ജേർസി സിറ്റിയിലുള്ള ഹയാറ്റ് ഇന്റർനാഷണൽ ഹോട്ടലിൽ നടക്കുന്നു. നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള നിരവധി മെഡിക്കൽ & ഡെന്റൽ ഡോക്ടർമാർ ഈ കൺവൻഷനിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു.



Dr. Elizabeth Mammen
President


Dr. Rekha Menon
Convention Chair


Dr. Liza Protasis
Convention Co Chair


Dr. C. Pitchumani
Convention Advisor


Dr. Thomas Alapatt
Convention Co Chair


Dr. Bikram Kabir
Registration Chair


Dr. Joseph Prasad
Treasurer


Dr. Sarah Easaw
CME Chair


Dr. Asha Menon
Literary Chair

വർഷത്തിലൊരിക്കൽ നടക്കുന്ന ഈ കൺവൻഷൻ ഇദംപ്രഥമമായിട്ടാണ് ന്യൂജേഴ്സിയിൽ സംഘടിപ്പിക്കുന്നത്. AKMG പ്രസിഡണ്ട് ഡോ. എലിസബത്ത് മാമ്മൻ പ്രസാദ്, കൺവൻഷൻ ചെയർ ഡോ. രേഖാ മേനോൻ, കോ ചെയർ ഡോ. ലിസാ പ്രോട്ടോസിസ്, ഡോ. തോമസ് ആലപ്പാട്ട്, ന്യൂജേഴ്സി ചാപ്റ്റർ ട്രഷറർ ഡോ. ജോസഫ് പ്രസാദ് എന്നിവരോടൊപ്പം കൺവൻഷൻ അഡ്വൈസേഴ്സ് ഡോ. സി.എസ്. പിച്ചുമണി, ഡോ. കാതലീൻ ആലപ്പാട്ട്, രജിസ്ട്രേഷൻ ചെയർ ഡോ. ബിക്രം കബീർ, സിഎംഇ കമ്മിറ്റി ചെയർ ഡോ. സാറാ ഈശോ, ലിറ്ററി ചെയർ ഡോ. ആശാ മേനോൻ തുടങ്ങിയവർ കൺവൻഷനു നേതൃത്വം നല്കുന്നു. ആഗസ്റ്റ് 6-ാം തീയതി വൈകുന്നേരം ഹഡ്സൺ നദിയിലൂടെയുള്ള ഡിന്നർ ക്രൂസ്, AKMG കൺവൻഷന് തുടക്കം കുറിക്കും. അമേരിക്കയുടെ 250-ാം ജന്മദിനാഘോഷങ്ങളോടുള്ള അനുഭാവപൂർവ്വം അമേരിക്കൻ പതാകയുടെ നിറങ്ങളായ ചുമപ്പ്, വെള്ള, നീല എന്നീ നിറങ്ങൾ ആയിരിക്കും ഈ സായാഹ്നത്തിന്റെ തീം. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള മെഡിക്കൽ സെമിനാറുകൾ, കൾച്ചറൽ ഷോ, ടാലന്റ് നൈറ്റ്, ഫാഷൻ ഷോ, നൃത്തപരിപാടികൾ തുടങ്ങിയവ അരങ്ങേറും. കൂടാതെ ചെണ്ടമേളം, വിവിധ മെഡിക്കൽ കോളജുകളുടെ പ്രതിനിധികൾ നയിക്കുന്ന ഘോഷയാത്ര, ഓണസദ്യ എന്നിവയും ഉണ്ടായിരിക്കും.

താരാ ആർട്സ് സംഘടിപ്പിക്കുന്ന സംഗീത നിശ കൺവൻഷൻ പരിപാടികൾക്ക് മാറ്റുകൂട്ടും. യുവതലമുറയ്ക്ക് കൂടുതൽ പ്രാതിനിധ്യം കൊടുത്തുകൊണ്ടാണ് കൺവൻഷൻ പ്രോഗ്രാം രൂപീകരിച്ചിട്ടുള്ളത്.

വർഷത്തിലൊരിക്കൽ മാത്രം ഒത്തുകൂടുന്ന ഈ സൗഹൃദ കൂട്ടായ്മക്കപ്പുറം കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തിന് നല്കുന്ന അതുല്യമായ സംഭാവനകളും അതിരുകളില്ലാത്ത ആതുരസേവനവും മറ്റ് മലയാളി സംഘടനകളിൽ നിന്നും AKMG-യെ വേറിട്ടു നിർത്തുന്നു.

മെഡിക്കൽ-ഡന്റൽ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഡോക്ടർമാരെയും ഈ കൺവൻഷനിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു എന്ന് AKMG ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: https://www.akmg.org/convention2026

# ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയുടെ 16-ാം വാർഷികം ആഘോഷിച്ചു

ജോക്കുട്ടി മേലേടത്ത്

ഡാളസ്: 2010 ജൂലൈ 10-ന് ആശീർവദിക്കപ്പെട്ട ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക പള്ളിയുടെ 16-ാം വാർഷികം ഏറെ ഭക്തിനിർഭരമായി ആഘോഷിച്ചു.

ഇടവകയുടെ ആദ്യവികാരി റവ.ഫാ. ജോസഫ് ശൗര്യാമാക്കിൽ അച്ചൻ നാട്ടിൽനിന്നും വീഡിയോ സന്ദേശം നല്കി.

ആദ്യത്തെ കൈക്കാരന്മാരായ റ്റോമി തൈതറപ്പേൽ, ബിനു വണ്ടന്നൂർ, സിബി പടിഞ്ഞാറേ വാരികാട് എന്നിവർ മറ്റ് കൈക്കാരന്മാരുടെ സാന്നിദ്ധ്യത്തിൽ തിരി തെളിച്ച് ഉദ്ഘാടനം നിർവഹിച്ചു.

തുടർന്ന് ഇടവക ഗാനം പ്രകാശനം ചെയ്തു. അന്നേദിവസം ഇടവകയിലെ എല്ലാ മുതിർന്നവരെയും പ്രത്യേകം ആദരിച്ചു.

കോപ്പേൽ സെന്റ് അൽഫോൻസാ പള്ളി അസി. വികാരി ഫാ. ജിമ്മി ഇളക്കളത്തൂർ കൃതജ്ഞതാബലി അർപ്പിച്ചു പ്രാർത്ഥിച്ചു.

ഇടവകയുടെ വളർച്ചയിൽ പങ്കുകാരായ ഏവർക്കും ഫാ. ബിൻസ് ചേത്തലിൽ അഭിനന്ദനമർപ്പിച്ചു.






KERALA EXPRESS പ്രവാസി താളുകൾ

# എഡിൻബർഗ്, ടെക്സസിൽ ചരിത്രമെഴുതാൻ ഒരുങ്ങി ഐപിഎസ്എഫ് 2026

ഷോളി കുമ്പിളുവേലി

എഡിൻബർഗ് (ടെക്സസ്): ടെക്സസ്, ഒക്കലഹോമ, കാൻസസ് സംസ്ഥാനങ്ങളിലെ പത്ത് സീറോമലബാർ കത്തോലിക്കാ ഇടവകകളെ ഒരുമിപ്പിക്കുന്ന ഇന്റർ പാരിഷ് സ്പോർട്സ് ഫെസ്റ്റ് (ഐപിഎസ്എഫ്) 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ ടെക്സസിലെ എഡിൻബർഗിൽ വിപുലമായ രീതിയിൽ നടക്കും. എഡിൻബർഗ് ഡിവൈൻ മേഴ്സി സീറോമലബാർ കത്തോലിക്കാ ദേവാലയത്തിന്റെ ആഭിമുഖ്യത്തിലും ഓസ്റ്റിനിലെ പിഎസ്ജി ഗ്രൂപ്പ് ഓഫ് കമ്പനീസ് ടൈറ്റിൽ സ്പോൺസറും പവേർഡ് ബൈ ലെഗസി ബിസിനസ് ബ്രോക്കേഴ്സ് സ്പോൺസറും ആയ ഈ മഹാമേള എഡിൻബർഗ് നഗരസഭയുടെ സഹകരണത്തോടെയുമാണ് സംഘടിപ്പിക്കുന്നത്.

2007-ൽ യുവജനങ്ങൾക്ക് കലാ-കായിക രംഗത്ത് കഴിവുകൾ പ്രകടിപ്പിക്കാനും വിശ്വാസത്തിലും കൂട്ടായ്മയിലും വളരാനും ലക്ഷ്യമിട്ട് ഗാർലാൻഡ് സെ. തോമസ് സീറോമലബാർ പള്ളിയിൽ ആരംഭിച്ച ഈ ഫെസ്റ്റിവൽ (ഐപിടിഎഫ് & ഐപിഎസ്എഫ്) ഇന്ന് അമേരിക്കയിലെ സീറോമലബാർ സമൂഹത്തിന്റെ ഏറ്റവും വലിയ കലാ-കായിക സാംസ്കാരിക സംഗമങ്ങളിലൊന്നായി വളർന്നു. നാല് ദിവസം നീണ്ടുനിൽക്കുന്ന 16 കായിക ഇനങ്ങളിലായി വിവിധ പ്രായവിഭാഗങ്ങളിലുള്ള 1,500-ലധികം കായികതാരങ്ങളും 5,000-ത്തിലധികം സന്ദർശകരും പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു.

കായികമത്സരങ്ങൾ ഇടവിട്ട വർഷങ്ങളിലാണ് നടത്തപ്പെടുന്നത്. കായികമത്സരങ്ങൾക്കൊപ്പം വിശ്വാസം, കുടുംബസൗഹൃദം, സംസ്കാരം, യുവജനനേതൃത്വം, സമൂഹഐക്യം എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിവിധ സാംസ്കാരിക പരിപാടികളും ഐപിഎസ്എഫ് 2026-ന്റെ പ്രധാന ആകർഷണങ്ങളായിരിക്കും. എഡിൻബർഗ് നഗരത്തിലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധ കായികവേദികളിലായാണ് മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്.

സ്പോൺസർമാർക്ക് മികച്ച അവസരം: ഐപിഎസ്എഫ് 2026-ന്റെ വിജയത്തിൽ പങ്കാളികളാകാൻ ബിസിനസ് സ്ഥാപനങ്ങളെയും സംരംഭകരെയും സമൂഹസേവന സംഘടനകളെയും സംഘാടകർ ക്ഷണിക്കുന്നു. സ്പോൺസർഷിപ്പ് മുഖേന ആയിരക്കണക്കിന് കുടുംബങ്ങളിലേക്കും സമൂഹാംഗങ്ങളിലേക്കും നേരിട്ട് എത്തിച്ചേരാനുള്ള അപൂർവഅവസരമാണ് ലഭിക്കുക. ഇവന്റിലെ ബ്രാൻഡ് പ്രദർശനം, ഡിജിറ്റൽ മീഡിയ പ്രചാരണം, വേദിയിലെ അംഗീകാരം, പ്രമോഷണൽ അവസരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിരവധി ആനുകൂല്യങ്ങൾ സ്പോൺസർമാർക്ക് ലഭ്യമാകും. 2026 ഓഗസ്റ്റ് 8-ന് നടക്കുന്ന ഈ പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നുള്ള 75 തെരഞ്ഞെടുത്ത സംരംഭകരും പ്രഫഷണലുകളും പങ്കെടുക്കും. നേതൃത്വവികസനം, സംരംഭകത്വം, മെന്ററിംഗ്, സഹകരണ സംരംഭങ്ങൾ, പ്രൊഫഷണൽ നെറ്റ്‌വർക്കിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഈ സംരംഭം സീറോമലബാർ സമൂഹത്തിലെ ബിസിനസ് ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഒരുക്കിയിരിക്കുന്നത്.

കായികമേള മാത്രമല്ല, കുടുംബസമേതം ആസ്വദിക്കാവുന്ന സമഗ്രമായ സാമൂഹിക, സാംസ്കാരിക, വിനോദസഞ്ചാര അനുഭവമായി മാറുന്നു.



വിവിധ സ്പോൺസർഷിപ്പ് പാക്കേജുകൾ ഇതിനായി ഒരുക്കിയിട്ടുണ്ട്.

കായികമേളയ്ക്കപ്പുറം ബിസിനസ് നെറ്റ്‌വർക്കിംഗും വിനോദസഞ്ചാരവും: ഐപിഎസ്എഫ് 2026 വെറും കായികമത്സരങ്ങളിൽ ഒതുങ്ങുന്നില്ല. സമൂഹത്തിലെ പ്രൊഫഷണലുകളെയും സംരംഭകരെയും ഒരുമിപ്പിക്കുന്ന സീറോ ഫെയ്ത്ത് & ബിസിനസ് കണക്ട് എന്ന പ്രത്യേക ബിസിനസ് നെറ്റ്‌വർക്കിംഗ് പരിപാടിയും സംഘടിപ്പിക്കുന്നു.

അതോടൊപ്പം അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേരുന്ന കുടുംബങ്ങൾക്കായി മികച്ച അനുഭവം ലഭിക്കുവാൻ ആർജിവി ഗേറ്റ്‌വേ ടു ദി സ്റ്റാർസ് എന്ന ടൂർസും ഒരുക്കിയിട്ടുണ്ട്.

പരിപാടിയോടനുബന്ധിച്ച് സാൻ ഹൂവാൻ ബസിലിക്കയും അനുബന്ധമായ സുപ്രധാനമായ വിശുദ്ധ ഇടങ്ങളും സ്പേസ് എക്സ് സെന്റർ, സൗത്ത് പാഡ്രെ ഐലൻഡ്, റിയോഗ്രാൻഡ് വാലിയിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ടൂർ പാക്കേജുകൾ മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. ഇതിലൂടെ ഐപിഎസ്എഫ് 2026 ഒരു സ്പോർട്സ് മത്സരങ്ങൾ, കുടുംബസംഗമം, ബിസിനസ് നെറ്റ്‌വർക്കിംഗ്, സാംസ്കാരിക പരിപാടികൾ, വിനോദസഞ്ചാരം, സ്പോൺസർഷിപ്പ് അവസരങ്ങൾ എന്നിവയെ ഒരുമിപ്പിക്കുന്ന ഐപിഎസ്എഫ് 2026, അമേരിക്കയിലെ സീറോമലബാർ സമൂഹത്തിന്റെ ഇതുവരെയുള്ള ഏറ്റവും വലിയ കമ്യൂണിറ്റി ഇവന്റായി മാറുമെന്ന് സംഘാടകർ പ്രതീക്ഷ പ്രകടിപ്പിച്ചു.

സംഘാടകർ എല്ലാ വ്യക്തികളെയും കുടുംബാംഗങ്ങളെയും സ്ഥാപനങ്ങളെയും ഈ മഹത്തായ സമൂഹ സംരംഭത്തിന്റെ ഭാഗമാകാൻ ഹൃദയപൂർവം ക്ഷണിക്കുന്നു.

ഐപിഎസ്എഫ് 2026 കമ്മിറ്റി ചെയർ ആയ റവ.ഫാ. റോയി മൂലേച്ചാലിനൊപ്പം ജനറൽ കോ-ഓർഡിനേറ്റർ ബിജു ജോസഫ്, ട്രസ്റ്റിമാരായ ജോജോ തോമസ്, മനോജ് മൈക്കിൾ ഉൾപ്പെടെയുള്ള ലീഡ് കോ-ഓർഡിനേറ്റർമാർ പത്രസമ്മേളനത്തിൽ സ്പോർട്സ് ഫെസ്റ്റിന്റെ ഒരുക്കങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു.

# എൻ.എസ്.എസ് ഓഫ് ചിക്കാഗോയുടെ ഓണാഘോഷം ഓഗസ്റ്റ് 30-ന്; രജിസ്ട്രേഷൻ ആരംഭിച്ചു

ജയൻ മുളങ്ങാട്


ചിക്കാഗോ: എൻ.എസ്.എസ് ഓഫ് ചിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷമായ 'ഓണം 2026' ഓഗസ്റ്റ് 30-ന് ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ Plainfield North High School-ൽ വെച്ച് നടക്കും. പരിപാടിയുടെ രജിസ്ട്രേഷൻ ആരംഭിച്ചതായി ഭാരവാഹികൾ അറിയിച്ചു.

കേരളത്തിന്റെ സാംസ്കാരികവും പാരമ്പര്യവും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനൊപ്പം പ്രവാസി മലയാളികളെ ഒരുമിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓണാഘോഷം സംഘടിപ്പിക്കുന്നത്. കേരള തനതുശൈലിയിൽ തയ്യാറാക്കിയ വിഭവസമൃദ്ധമായ സദ്യയും ഗൃഹാതുരത്വം ഉണർത്തുന്ന കലാവിരുന്നും ആണ് ഇത്തവണത്തെ പ്രധാന ആകർഷണം.

എൻ.എസ്.എസിന്റെ വനിതാ സംഘടനയായ സഖി അവതരിപ്പിക്കുന്ന മെഗാ തിരുവാതിര കേരളത്തിന്റെ തനത് പാരമ്പര്യം ആവിഷ്കരിക്കുന്ന ദൃശ്യവിരുന്നായിരിക്കും. ലാസ്യ അവതരിപ്പിക്കുന്ന ചന്ദ്രമുഖി-The Journey of Becoming-സ്ത്രീജീവിതത്തിന്റെ വിവിധ ഭാവങ്ങളും ഘട്ടങ്ങളും കലാസൗന്ദര്യത്തോടെ അവതരിപ്പിക്കുന്ന വിസ്മയകരമായ ദൃശ്യാനുഭവം.

കുട്ടികളുടെ സർഗ്ഗാത്മകതയും കേരളീയ പൈതൃകവും കോർത്തിണക്കുന്ന 'സർഗ വർണം'- കിഡ്സ് ഫാഷൻ ആൻഡ് ഡാൻസ് ഷോകേസും ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. യഥാർത്ഥ തൂശനിലയിൽ വിളമ്പുന്ന വിഭവസമൃദ്ധമായ ഓണസദ്യ, വിവിധ കലാപരിപാടികൾ, സംഗീത-നൃത്താവിഷ്കാരങ്ങൾ എന്നിവയും ആഘോഷത്തിനു മാറ്റുകൂട്ടും.

ഏർളി ബേർഡ് പ്രവേശന ടിക്കറ്റ് പരിമിതകാലത്തേക്ക് 19.99 ഡോളർ നിരക്കിൽ ലഭ്യമാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിച്ചു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: https://app.marqevents.com/nss-of-chicago-onam




# ലൂസി ദാസ് ഫിലാഡൽഫിയയിൽ അന്തരിച്ചു



ഫിലാഡൽഫിയ: ലൂസി കിച്ചനർ ദാസ് (91) ഫിലാഡൽഫിയയിൽ അന്തരിച്ചു. ആദ്യകാല മലയാളി കുടിയേറ്റക്കാരിലെ പ്രമുഖ കുടുംബത്തിലെ അംഗമാണ്. ഇന്ത്യാകാത്തലിക് അസോസിയേഷന്റെ ആദ്യകാല പ്രവർത്തകയാണ്. നാടകാഭിനയത്തിലും ശ്രദ്ധേയ ആയിരുന്നു. അസംപ്ഷൻ ബിവിഎം ചർച്ച് അംഗവും മലയാളി അസോസിയേഷൻ ഓഫ് ഫിലാഡൽഫിയ അംഗവുമായിരുന്നു.

ചേർത്തലയാണ് സ്വദേശം. ലുധിയാന നേഴ്സിങ് സ്കൂളിൽ വിദ്യാഭ്യാസത്തിനുശേഷം ഡൽഹി എഐഐഎംഎസിൽ സേവനമനുഷ്ഠിച്ചു. 1970-ൽ അമേരിക്കയിലെത്തി. ഐൻസ്റ്റീൻ ഹോസ്പിറ്റലിലും തുടർന്ന് ടെമ്പിൾ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലും രജിസ്റ്റേർഡ് നേഴ്സായി സേവനമനുഷ്ഠിച്ചു.

ഭർത്താവ് കിച്ചനാർ ദാസ് 1988-ൽ അന്തരിച്ചു. മക്കൾ: ലിസ് (ഓസ്റ്റിൻ), ജാനിസ് (ഡാമിയൻ), ക്രിസ്റ്റിന (പയസ്), നിവിൻദാസ് (ക്രിസ്റ്റി), നെഡ് ദാസ് (നിമ്മി). കൊച്ചുമക്കൾ: കാതറിൻ, ഡേവിസ്, സിന്തിയ, ജെനോവ, ജോഷ്വ, മാക്സിമസ്, നിക്കോളാസ്, അലക്സാണ്ടർ, കെയ്റ്റലിൻ. കുഞ്ഞുമക്കൾ: അലീന, കെയ്‌ലി, ജൂലിയസ്, ഡയാൻ, നോവ.

പൊതുദർശനം: ജൂലൈ 27 തിങ്കളാഴ്ച രാവിലെ 9.30-ന്. സംസ്കാര ശുശ്രൂഷകൾ 11.30. Assumption BVM, 1900 Meadowbrook Rd, Feasterville-Trevose

Interment at Holy Sepulchre Cemetery, 3301 W. Cheltenham Ave Philadelphia.


# ഫ്രാങ്ക്ഫർട്ടിൽ ത്രിദിന യൂറോപ്യൻ ക്നാനായ യുവജന സംഗമത്തിന് ഉജ്ജ്വല സമാപനം

**തോബിയാസ് പറപ്പള്ളിൽ**

ഫ്രാങ്ക്ഫർട്ട് (ജർമ്മനി): ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിൽ ജൂലൈ 10 മുതൽ 12 വരെ സംഘടിപ്പിച്ച ത്രിദിന യൂറോപ്യൻ ക്നാനായ യുവജന സംഗമം 'തെക്കൻസ് ഓറ'യ്ക്ക് ഉജ്ജ്വല സമാപനം. ജർമ്മനി, സ്വിറ്റ്സർലൻഡ്, ഓസ്ട്രിയ എന്നിവയ്ക്ക് പുറമെ ഇറ്റലി, നെതർലാൻഡ്സ്, സ്ലൊവാക്യ, ചെക്ക് റിപ്പബ്ലിക്, യുകെ, യുഎസ്എ എന്നിവിടങ്ങളിലും നിന്നുള്ള 140-ൽപരം കെ.സി.വൈ.എൽ. പ്രവർത്തകർ സംഗമത്തിൽ പങ്കെടുത്തു. ജൂലൈ 10-ന് രജിസ്ട്രേഷനും പ്രാർത്ഥനാ കൂട്ടായ്മയോടെയുമാണ് സംഗമത്തിന് തുടക്കമായത്. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ സാന്നിദ്ധ്യത്തിൽ ആരംഭിച്ച പരിപാടിയിൽ അദ്ദേഹം യുവജനങ്ങളെ ആശീർവദിച്ചു. തുടർന്ന് നടന്ന തുറന്ന സംവാദത്തിൽ യുവജനങ്ങൾ പിതാവിനോട് ചോദ്യങ്ങൾ ചോദിക്കുകയും പിതാവ് അവയ്ക്ക് മറുപടി നല്കുകയും ചെയ്തു. തുടർന്ന് പരസ്പര പരിചയം വളർത്തുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങളും വിനോദപരിപാടികളും സംഘടിപ്പിച്ചു. യുവജനങ്ങളുടെ സംഗീതാവതരണവും ആദ്യദിന പരിപാടികൾക്ക് മാറ്റുകൂട്ടി.

രണ്ടാം ദിനത്തിൽ പുരാതനപ്പാട്ടുകളുടെയും നടവിളിയുടെയും അകമ്പടിയോടെ മാർ മാത്യു മൂലക്കാട്ടിന് സ്വീകരണം നല്കി. തുടർന്ന് മാർ മാത്യു മൂലക്കാട്ട്, കെ.സി.വൈ.എൽ. ചാപ്ലൈൻ ഫാ. ബിനോയ് കൂട്ടനാൽ, ഫാ. അനൂപ് ഇലവുങ്കച്ചാലിൽ എന്നിവർ ചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു. കെ.സി.വൈ.എൽ. പ്രസിഡണ്ട് തോബിയാസ് പറപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. പരിശുദ്ധ ലിയോ പതിനാലാമൻ മാർപാപ്പയുടെ സന്ദേശം ഉൾക്കൊണ്ട് ദൈവവുമായും സഹജീവികളുമായും യുവജനങ്ങൾ ആത്മബന്ധം വളർത്തിയെടുക്കണമെന്ന് മാർ മൂലക്കാട്ട് പറഞ്ഞു. സഭയിലെ വിശുദ്ധരുടെ ആത്മീയ പ്രഭാവലയമാണ് ഈ യുവജന സംഗമത്തിന്റെ ആശയത്തിലൂടെ പ്രതിഫലിക്കുന്നതെന്നും യുവജനങ്ങളിൽ വിശ്വാസവും കൂട്ടായ്മയും ശക്തിപ്പെടുത്തുകയെന്നതാണ് സംഗമത്തിന്റെ ലക്ഷ്യമെന്നും കെ.സി.വൈ.എൽ. ചാപ്ലൈൻ ഫാ. ബിനോയ് പറഞ്ഞു. ഫാ. അനൂപ് ഇലവുങ്കച്ചാലിൽ, കെ.സി.വൈ.എൽ. ഡയറക്ടർ ചിഞ്ചു, ഡി.എ.സി.എച്ച്. പ്രതിനിധികളായ നദീന (ഓസ്ട്രിയ), ജോയൽ (സ്വിറ്റ്സർലാൻഡ്) എന്നിവർ ആശംസകൾ നേർന്നു. ക്നാനായ സമുദായത്തിന്റെ പ്രസക്തിയും സമകാലിക വെല്ലുവിളികളും സംബന്ധിച്ച ചർച്ചകൾക്ക് ബ്രദർ റോബിൻ കൂവപ്പള്ളിയും കെ.സി.വൈ.എൽ അതിരൂപത മുൻ പ്രസിഡണ്ട് ലിബിൻ ജോസ് പാറയിലും നേതൃത്വം നല്കി.

അവസാനദിനത്തിൽ വിവിധ മത്സരങ്ങളുടെയും കലാപരിപാടികളുടെയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സ്വിറ്റ്സർലാൻഡിൽ നിന്നുള്ള ജേക്കബ് മിസ്റ്റർ ക്നാ പട്ടവും പാരീസിൽ ഇന്റേൺഷിപ്പ് ചെയ്യുന്ന ടെക്സസിൽ നിന്നുള്ള റെയ്ന കാരക്കാട്ടിൽ മിസ് ക്നാ പട്ടവും നേടി. പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും സംഗമത്തിന്റെ സ്മാരകോപഹാരം വിതരണം ചെയ്തു. മൂന്നു ദിവസങ്ങളിലായി നടന്ന ആത്മീയ, സാംസ്കാരിക, നേതൃത്വപരമായ പരിപാടികൾ യൂറോപ്പിലെ ക്നാനായ യുവാക്കൾക്കിടയിലെ വിശ്വാസവും കൂട്ടായ്മയും കൂടുതൽ ദൃഢമാക്കിയതായി സംഘാടകർ അറിയിച്ചു. ജർമ്മൻ കെ.സി.വൈ.എൽ കേന്ദ്ര-ദേശീയ ഭാരവാഹികളുടെ നേതൃത്വത്തിലായിരുന്നു സംഗമത്തിന്റെ നടത്തിപ്പ്.






























കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# സത്യസന്ധതയുടേയും നീതിബോധത്തിന്റേയും നാരായം







നിഷ ജൂഡ്, ന്യൂയോർക്ക്

കുറച്ചധികം വർഷങ്ങൾക്ക് മുമ്പ് ന്യൂയോർക്കിലെ ഒരു ജംങ്ഷനിൽ ഒരു പഴേ പഴഞ്ചൻ പള്ളിവക ഓഡിറ്റോറിയത്തിൽ കേരളത്തെയും മാവേലിയേയും ഒക്കെ സ്നേഹിക്കുന്ന കുറച്ചു പുത്തൻ തലമുറ പുതിയ മലയാളിപിള്ളേര് ചേർന്ന് ഓണാഘോഷം സംഘടിപ്പിക്കുന്നു. "ജയ ജയ രാമദേവ, ..." വേദിയിൽ പെൺകിടാങ്ങളുടെ കൈകൊട്ടിക്കളി തകർന്നാടുമ്പോൾ താഴെ കാണികളിൽ കമ്മിറ്റിക്കാരനായ ഒരു മൂത്ത മുട്ടനാട്... അല്ല കുഞ്ഞാടിന്റെ കാലുതൊഴിച്ചു ചാട്ടം.

"സത്യക്രിസ്ത്യാനികളുടെ അന്തസ്സിനും സംസ്കാരത്തിനും ചേർന്ന ഒരു പാട്ടും കൂത്തും കിട്ടിയില്ലേ... കുരിശേക്കിടക്കുന്ന കർത്താവ് മിശിഹാ തമ്പുരാന്റെ പള്ളി ഓഡിറ്റോറിയത്തിലാണ് അവളുമാരുടെയൊക്കെ ഒരു നിലവിളക്കും ജയ ജയ കാമദേവൻ തുള്ളും ....

പു. ക. കു. അച്ചായന്റെ കായും പൂവും ഒക്കെ കേട്ട് പേടിച്ചു പിള്ളേര് കഷ്ടപ്പെട്ടു ഇട്ട പൂക്കളം വരേ പേടിച്ചു തൂത്തുവാരി ദൂരെക്കളഞ്ഞു മാപ്പുപറഞ്ഞു!

പിറ്റേക്കൊല്ലം പെട്ടെന്നുണ്ടായ പുരോഗമനചിന്ത കൊണ്ട് വിശാലമനസ്കനായി മാറിയ പു. ക. കു അച്ചായൻ നാട്ടീന്ന് പ്രത്യേകം പറഞ്ഞു പണികഴിപ്പിച്ച 'ഈശോതമ്പുരാൻ ജയജയ' ഗാനത്തിനൊത്തു പെൺകിടാങ്ങളോട് ഇഷ്ടം പോലെ തിരുവാതിര കളിച്ചോളാൻ അനുവാദവും കൊടുത്തു എന്നാണ് ചരിത്രം.



എത്ര സങ്കുചിതമായ മനസ്സുമായാണ് ചില മനുഷ്യർ ഇക്കാലത്തിലും ജീവിക്കുന്നത് എന്ന് ഓർത്തുപോകുകയാണ്.

മലയാള ഭാഷയുടെ ചരിത്രം പറയുന്ന, പിതാവ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ ജീവചരിത്രം ആസ്പദമാക്കി സി. രാധാകൃഷ്ണൻ രചിച്ച 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന നോവലിന്റെ നാടകാവിഷ്കാരം 'എഴുത്തച്ഛൻ' ന്യൂയോർക്കിലെ സെന്റ് വിൻസന്റ് ഡി പോൾ ചർച്ച് ഓഡിറ്റോറിയത്തിൽ ഈ കഴിഞ്ഞ ജൂലൈ 18-ന് ആയിരുന്നു.

നാടകത്തിലെ "ഭഗവാനേ ശ്രീരാമ ദേവാ...." എന്നുള്ള, ശൂദ്രനെ വേദം പഠിപ്പിച്ച രാമാനുജന്റെ പ്രാർത്ഥന നിറഞ്ഞ രോദനകളും, എള്ളുമണികളുടെ, "രാമരാമ...." എന്നുള്ള രാമജപവും എല്ലാം കൊണ്ട് പള്ളി ഓഡിറ്റോറിയം പ്രകമ്പനം കൊണ്ടപ്പോൾ, വേദിയിൽ ഇരുന്നവരുടെ കണ്ണുനിറഞ്ഞതല്ലാതെ, ഒരു ദൈവവും ദേവാലയം വിട്ടിറങ്ങി ഓടിയതും ഇല്ല, ഒരു അതിപുരാതനകത്തോലിക്കാ കുടുംബത്തിലെ അച്ചായനും കലാകാരന്മാരെ അധിക്ഷേപിച്ചതും ഇല്ല.

പള്ളിവികാരി നോബിയച്ചൻ നൽകിയ പിന്തുണകൊണ്ട് ആണ് വാൽക്കണ്ണാടി മീഡിയയുടെ ശ്രീ. കോരസൺ വർഗീസിനും, മലയാളം ഗ്ലോബൽ വോയിസ് ചീഫ് എഡിറ്റർ, ശ്രീ. ഫിലിപ്പ് മഠത്തിലും, തങ്ങളുടെ ഭാഷാസ്നേഹം മറ്റൊരുപാട് ഭാഷാസ്നേഹികളോട് പങ്കുവയ്ക്കാനുള്ള ആ ഒരു സാഹസം വിജയപ്രദമാക്കാൻ കഴിഞ്ഞത് എന്ന് വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നു.

കർക്കിടകത്തിലെ കോരിച്ചൊരിയുന്ന മഴയത്തും ന്യൂയോർക്കിലെ ഒട്ടനവധി മലയാള ഭാഷാ സ്നേഹികൾ നാടകം കാണാൻ എത്തിച്ചേർന്നിരുന്നു. പ്രമുഖരായ ഒട്ടനവധി പേരോടൊപ്പം ബിഷപ്പ്, ബഹുമാനപ്പെട്ട ഡോക്ടർ ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് തോട്ടത്തിലും നാടകം ആസ്വദിച്ചു.' എഴുത്തച്ഛൻ' നാടകം തന്റെ ജീവിതത്തിൽ അവിസ്മരണീയമായ ഒരു നാടകാസ്വാദനം ആയിരുന്നു എന്നും, മലയാള ഭാഷയ്ക്ക് വേണ്ടി ഇത്രയ്ക്ക് ത്യാഗങ്ങളും യാതനകളും അനുഭവിച്ച ശ്രേഷ്ഠപണ്ഡിതൻ ആയിരുന്നു എഴുത്തച്ഛൻ എന്നത് ഒരു പുതിയ അറിവ് ആണ് എന്നും സദസ്സിൽ പങ്കുവച്ചു.

ഡാളസ് ഭരതകല തീയേറ്റേഴ്സും, 21 പേരടങ്ങിയ നാടക സംഘാഗങ്ങളും ഇതിനകം കെ.എച്ച്.എൻ.എയുടെ കോൺഫറൻസിൽ ഉൾപ്പെടെ ഡാളസ്, ഹൂസ്റ്റൺ, നാഷ്‌വിൽ എന്നിവിടങ്ങളിലെ വേദികളിലും ഇതിനകം അരങ്ങു കീഴടക്കിയിരുന്നു. ഹൃദസ്പർശിയായ ജീവനുറ്റ കഥാപാത്രങ്ങളും അവതരണവും തീർച്ചയായും പ്രശംസ അർഹിക്കുന്നു.

ഇതിനു പിന്നിലെ ഓരോ വ്യക്തികളുടെയും പരിശ്രമവും എല്ലാറ്റിനും ഉപരി, ഈ നാടക വേദിയിൽ നിന്നുള്ള സാമ്പത്തികലാഭം, കേരളത്തിലെ, അഞ്ചപ്പം' എന്ന അബലരായവർക്ക് അക്ഷരവും അന്നവും പകരുന്ന ചാരിറ്റിയ്ക്ക് ഉള്ളതാണ് എന്നത് എല്ലാം ശ്രദ്ധേയമാണ്.

'വാളും നാരായവും, രണ്ടും ഒരേ ലോഹം കൊണ്ട് തീർത്തെങ്കിലും, ഒന്ന് മനുഷ്യരാശിയെ ലോഹമൂർച്ച കൊണ്ട് ശാരീരികമായി നശിപ്പിക്കുമ്പോൾ മറ്റൊന്നിന് മനുഷ്യരാശിയെ മാനസ്സികവും വൈകാരികമായും പ്രബുദ്ധരാക്കാൻ വിവേകമതികളാക്കാൻ കഴിയും, സത്യസന്ധതയോടെയും നീതിബോധത്തോടെയും നാരായം എടുക്കുമ്പോൾ!'

വാരാന്ത്യം

# ഇതാ നിങ്ങളുടെ സ്വപ്നവീട്...! മുരളിക്കും കുടുംബത്തിനും തണലൊരുക്കി സൈമൺ കോട്ടൂർ





അനിൽ പെണ്ണുക്കര



ജീവിതത്തിന്റെ പ്രഹരങ്ങൾ ഒന്നിന് പിന്നാലെ ഒന്നായി ഏറ്റുവാങ്ങി ദുരിതത്തിന്റെ ഇരുളിൽ തപ്പിത്തടഞ്ഞിരുന്ന ഒരു കുടുംബത്തിന് ഒടുവിൽ സ്നേഹത്തിന്റെയും കരുണയുടെയും വെളിച്ചം പകർന്നെത്തിയത് കുറച്ച് നല്ല മനസ്സുകളാണ്. അകാലത്തിൽ മകനെ നഷ്ടപ്പെട്ട വേദനയും ദാരിദ്ര്യത്തിന്റെ കനത്ത ഭാരവും സുരക്ഷിതമല്ലാത്ത വീടെന്ന യാഥാർഥ്യവും ഒരുമിച്ച് പേറിയ മുരളിയുടെയും കുടുംബത്തിന്റെയും ജീവിതത്തിലേക്ക്, മനുഷ്യസ്നേഹത്തിന് ഇന്നും അതിരുകളില്ലെന്ന് തെളിയിച്ചുകൊണ്ടാണ് സഹായഹസ്തങ്ങൾ നീണ്ടെത്തിയത്. ആ കരുതലിന്റെ ഫലമായാണ് ഇന്ന് അവർക്ക് സുരക്ഷിതമായ ഒരു വീടും അതിലുപരി പുതിയ പ്രതീക്ഷയും സ്വന്തമായിരിക്കുന്നത്.

ജീവിതത്തിന്റെ കനത്ത പരീക്ഷണങ്ങൾക്കിടയിൽ കഴിയുകയായിരുന്ന പന്മന കളരി സ്വദേശിയായ മുരളിയുടെയും കുടുംബത്തിന്റെയും സ്വപ്നമാണ് ഒടുവിൽ സഫലമായത്. വർഷങ്ങളായി അടച്ചുറപ്പുള്ള ഒരു വീടിനായി കാത്തിരുന്ന ഈ കുടുംബത്തിന് മന്ത്രി ഷിബു ബേബി ജോണിന്റെ ഇടപെടലിലൂടെ പുതിയ ഭവനം സ്വന്തമായി. ഒരു വർഷം മുമ്പ് രോഗബാധിതനായി മരിച്ച മകൻ ശരത്തിന്റെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാനെത്തിയപ്പോഴാണ് മുരളിയുടെ കുടുംബം കഴിയുന്ന വീടിന്റെ ദയനീയാവസ്ഥ മന്ത്രി നേരിൽ കണ്ടത്. ചോർന്നൊലിക്കുന്ന ഷീറ്റുമേഞ്ഞ വീട്, തുണിക്കഷണങ്ങൾ കൊണ്ട് മറച്ച ജനലുകൾ, സുരക്ഷിതമല്ലാത്ത വാതിലുകൾ. ഹൃദയഭേദകമായ ആ കാഴ്ച അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. അന്നുതന്നെ ഈ കുടുംബത്തിന് പുതിയൊരു വീട് നിർമിച്ചുനൽകാമെന്ന് അദ്ദേഹം ഉറപ്പുനൽകി.

ആ വാക്കാണ് ഇന്ന് യാഥാർഥ്യമായത്. മന്ത്രിയുടെ സുഹൃത്തും പ്രവാസിയുമായ കോട്ടയം സ്വദേശി സൈമണിന്റെ സാമ്പത്തിക സഹായത്തോടെയാണ് ആ പുതിയ വീട് നിർമിക്കപ്പെട്ടത്. കഴിഞ്ഞ ജനുവരി 29-ന് തറക്കല്ലിട്ട വീടിന്റെ താക്കോൽ കഴിഞ്ഞ ദിവസം നടന്ന ചടങ്ങിൽ മന്ത്രി ഷിബു ബേബി ജോൺ കുടുംബത്തിന് കൈമാറി. 29 വർഷം മുമ്പ് പഞ്ചായത്തിൽ നിന്ന് ലഭിച്ച ചെറിയ ഷീറ്റ് മേഞ്ഞ വീട്ടിലായിരുന്നു മുരളിയും കുടുംബവും താമസിച്ചിരുന്നത്. മരംകയറ്റ തൊഴിലാളിയായിരുന്ന മുരളിക്ക് ജോലിക്കിടെ മരത്തിൽ നിന്ന് വീണ് നട്ടെല്ലിന് ഗുരുതരമായി പരിക്കേറ്റതോടെ ഉപജീവന മാർഗം നഷ്ടമായി. പിന്നീട് മൂത്തമകൻ സന്തുവിന്റെ കൂലിവേലയായിരുന്നു കുടുംബത്തിന്റെ ഏക ആശ്രയം. തുടർച്ചയായി എത്തിയ ജീവിതത്തിലെ ഈ പ്രതിസന്ധികൾക്കിടയിൽ സുരക്ഷിതമായി തലചായ്ക്കാൻ ഒരു പുതിയ വീട് തരപ്പെട്ടത് തന്നെ ആ കുടുംബത്തിന് വലിയൊരു ആശ്വാസമായെന്ന് പറയാം.

എന്നാൽ പുതിയ വീടിന്റെ സന്തോഷത്തിനിടയിലും ആ കുടുംബത്തെ വേട്ടയാടുന്നത് ഇളയമകൻ ശരത്തിന്റെ ഓർമ്മകളാണ്. പഴയ വീട് പൊളിച്ചുമാറ്റി അതേ സ്ഥലത്ത് നല്ലൊരു വീട് പണിയണമെന്നത് ശരത്തിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. രോഗം അവനെ അകാലത്തിൽ കവർന്നെടുത്തപ്പോൾ ആ സ്വപ്നവും പാതിവഴിയിൽ നിലച്ചു. ഇന്ന് ആ സ്വപ്നം യാഥാർഥ്യമായെങ്കിലും, അത് കണ്ട് സന്തോഷിക്കാൻ ശരത്ത് ഒപ്പമില്ലെന്ന സങ്കടമാണ് മുരളിയുടെയും ഭാര്യ അംബികയുടെയും കണ്ണുകളെ നനയ്ക്കുന്നത്. 'അവൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ ഈ വീട് കണ്ടിട്ട് എത്രമാത്രം സന്തോഷിച്ചേനേ...' എന്ന വേദന നിറഞ്ഞ ആ അമ്മയുടെ വാക്കുകൾ ഒരു നൊമ്പരമായ് തന്നെ ഇന്നും തുടരുന്നു.

ഈ സ്നേഹവീടിന് പിന്നിൽ മറ്റൊരു വലിയ മനസ്സുമുണ്ട്. അമേരിക്കൻ മലയാളി വ്യവസായിയും ജീവകാരുണ്യ പ്രവർത്തകനുമായ സൈമൺ കോട്ടൂർ (സോമൻ) ആണ് വീടിന്റെ നിർമാണച്ചെലവ് പൂർണമായും ഏറ്റെടുത്തത്. കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ജോസ് മോൻ മുണ്ടക്കൽ നേതൃത്വം നൽകുന്ന സ്നേഹദീപം പദ്ധതി പ്രകാരമുള്ള അറുപതാമത്തെ വീടാണ് മുരളിക്കും അംബികയ്ക്കും നൽകിയത്. ഈ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്ന സോമൻ കോട്ടൂർ സമൂഹത്തിന്റെ നന്മയ്ക്കായി നിശ്ശബ്ദമായി കൈത്താങ്ങാകാൻ ആഗ്രഹിക്കുന്ന വ്യക്തിത്വമാണ്. സ്നേഹദീപം ഭവനപദ്ധതിയിലൂടെ ഇതിനകം നിരവധി നിർധന കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഒരുക്കിക്കൊടുത്തിട്ടുണ്ട്. സ്വന്തമായി ഒരു വീടെന്ന സ്വപ്നം പോലും അകലെയായി മാറിയ കുടുംബങ്ങൾക്ക് പ്രതീക്ഷയുടെ വെളിച്ചമായി മാറുന്ന അദ്ദേഹത്തിന്റെ കാരുണ്യവും സാമൂഹിക പ്രതിബദ്ധതയും അനേകർക്ക് മാതൃകയാണ്. ഒരു വീട് മാത്രമല്ല, ഒരു കുടുംബത്തിന്റെ ആത്മവിശ്വാസവും ഭാവിയും കൂടിയാണ് അദ്ദേഹത്തിന്റെ സഹായത്തിലൂടെ പുനർനിർമിക്കപ്പെടുന്നത്.

കഴിഞ്ഞദിവസം നടന്ന ചടങ്ങിലാണ് മന്ത്രി ഷിബു ബേബി ജോൺ വീടിന്റെ താക്കോൽ മുരളിക്ക് കൈമാറി. താക്കോൽദാന ചടങ്ങിൽ പന്മന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് സുഭാഷിണി, കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം ജോസ്മോൻ മുണ്ടക്കൽ കൊല്ലം ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഐ. വി. ലക്ഷ്മി, ആർ. എൽ. രാജ്, ബ്ലോക്ക് പഞ്ചായത്ത് അംഗം സീമാർ തങ്കച്ചി, അഡ്വ. ജസ്റ്റിൻ ജോൺ, ആർ. ജയകുമാർ, സി. പി. സുധീഷ് കുമാർ, അൻവർ കാട്ടിൽ, ഷാജു പോരുകര, പാലോട് രമേശ് ബാബു, മനോജ്മോൻ, നിതിൻ കളരി, മഹേഷ് ഗീതാഞ്ജലി, അൻസാരി മാനാംബ്ര, ബിലാൽ പനക്കാട്, ഷീല, വിജയദാസൻ, ഷിബു കളരി, അനീഷ് കളരി എന്നിവരുൾപ്പെടെ നിരവധി പേർ പങ്കെടുത്തു.

ഒരു കുടുംബത്തിന്റെ കണ്ണീരിനും ദുരിതങ്ങൾക്കും നടുവിൽ പ്രതീക്ഷയുടെ വെളിച്ചമായി ഉയർന്നുനിൽക്കുന്ന ഈ പുതിയ വീട്, കാരുണ്യത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും മനോഹരമായ മാതൃക കൂടിയാണ്.

# ഫോമാ അന്തർദ്ദേശീയ കൺവൻഷൻ: വി.ടി. ബൽറാം എംഎൽഎയും മുൻമന്ത്രി കെ.കെ. ശൈലജയും വിശിഷ്ടാതിഥികൾ

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: അമേരിക്കൻ മലയാളി സംഘടനകളുടെ ദേശീയ ഫെഡറേഷനായ ഫോമാ സംഘടിപ്പിക്കുന്ന 2026-ലെ ദേശീയ കൺവൻഷൻ ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ടെക്സാസിലെ ഹൂസ്റ്റണിൽ നടക്കും. അമേരിക്കയിലെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെയും മലയാളി കുടുംബങ്ങളെ ഒരുമിപ്പിക്കുന്ന നാല് ദിവസത്തെ മഹാസമ്മേളനത്തിനായി വിപുലമായ ഒരുക്കങ്ങളാണ് സംഘാടകർ പൂർത്തിയാക്കുന്നത്.

തൃത്താല എംഎൽഎ വി.ടി. ബൽറാമും കേരളത്തിന്റെ മുൻ ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചറും വിശിഷ്ടാതിഥികളായി കൺവൻഷനിൽ മുഴുവൻ സമയവും പങ്കെടുക്കും.

അമേരിക്കയിലെ ഈ വർഷത്തെ ആദ്യ ഓണസദ്യ ഒരുക്കുന്നതിലൂടെ ഫോമാ കൺവൻഷൻ ശ്രദ്ധേയമാകുകയാണ്. 23 വിഭവങ്ങളും മൂന്നുതരം പായസവും കൂട്ടി വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യ ജൂലൈ 31-ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരുക്കും.

സാംസ്കാരിക പരിപാടികൾ, ജനറൽ ബോഡി യോഗം, കുടുംബസംഗമം, മെഡിക്കൽ ഫെയർ, വനിതാ-യുവജന സമ്മേളനങ്ങൾ, ബിസിനസ് മീറ്റ്, സാഹിത്യസമ്മേളനം, ഫോമാ ക്രോസ് ഫയർ ടോക്ക് ഷോ, ലീഡർഷിപ്പ് മീറ്റ്, കായിക മത്സരങ്ങൾ, ഫാഷൻ ഷോ, സംഗീത-നൃത്ത പരിപാടികൾ, മിസ്റ്റർ ഫോമാ-മിസ് ഫോമാ മത്സരങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളാണ് കൺവൻഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജൂലൈ 30-ന് വ്യാഴാഴ്ച രജിസ്ട്രേഷനും സ്വീകരണ ചടങ്ങുകളും ആരംഭിക്കും. വൈകിട്ട് 5 മണിക്ക് നടക്കുന്ന സാംസ്കാരിക ഘോഷയാത്രയിൽ ചെണ്ടമേളം, ഫോമാ ദേശീയ നേതൃത്വത്തിന്റെ ഘോഷയാത്ര, വിവിധ റീജിയനുകളുടെയും അംഗസംഘടനകളുടെയും പ്രതിനിധികളുടെ പരേഡ്, സാംസ്കാരിക സംഘങ്ങളുടെ അണിനിരത്തൽ എന്നിവ ഉണ്ടായിരിക്കും. തുടർന്ന് പ്രധാന ഹാളിൽ ചെണ്ടമേളവും മെഗാ തിരുവാതിരയും അരങ്ങേറും.

ജൂലൈ 31-ന് രാവിലെ നാഷണൽ കമ്മിറ്റി യോഗവും തെരഞ്ഞെടുപ്പും നടക്കും. അന്നേദിവസം നടക്കുന്ന ചീട്ടുകളി മത്സരവും കൺവൻഷനിലെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

കൂടുതൽ പേർക്ക് കൺവൻഷനിൽ പങ്കെടുക്കാൻ സൗകര്യമൊരുക്കുന്നതിനായി നാഷണൽ കമ്മിറ്റി ഡേ പാസുകളും പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാഴാഴ്ച ഡേ പാസ്-100 ഡോളർ, വെള്ളിയാഴ്ച ഡേ പാസ്-100 ഡോളർ, ശനിയാഴ്ച ഡേ പാസ്-150 ഡോളർ, സ്റ്റാൻഡേർഡ് വീക്കെൻഡ് പാസ് (മൂന്നു ദിവസം)-300 ഡോളർ, വിഐപി വീക്കെൻഡ് പാസ് (മൂന്നു ദിവസം)-500 ഡോളർ. ഡേ പാസ് വാങ്ങുന്നവർക്ക് Zelle വഴി പണമടയ്ക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. Zelle നമ്പർ 713-291-9721.



വി.ടി. ബൽറാം



കെ.കെ. ശൈലജ

വിവിധ സെമിനാറുകൾ, പാനൽ ചർച്ചകൾ, സാമൂഹിക-സാംസ്കാരിക പരിപാടികൾ, പ്രമുഖ നേതാക്കളെയും മാധ്യമപ്രവർത്തകരെയും പങ്കെടുപ്പിച്ചുള്ള ടോക്ക് ഷോകൾ, കലാപരിപാടികൾ, കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക മത്സരങ്ങൾ എന്നിവയും കൺവൻഷന്റെ ഭാഗമായി നടക്കും. ജൂലൈ 31-നും ഓഗസ്റ്റ് 1-നും പ്രധാന സമ്മേളനങ്ങളും ആഘോഷ പരിപാടികളും അരങ്ങേറും.

ഹൂസ്റ്റണിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ നാസാ സ്പേസ് സെന്റർ, ഗാൽവെസ്റ്റൺ, സാൻ അന്റോണിയോ എന്നിവിടങ്ങളിലേക്കുള്ള പ്രത്യേക ടൂർ പാക്കേജുകളും ഒരുക്കിയിട്ടുണ്ട്. കുടുംബസമേതം പങ്കെടുക്കുന്നവർക്ക് വിനോദവും വിജ്ഞാനവും ഒരുപോലെ പകരുന്ന അനുഭവമാകുന്ന തരത്തിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. കൺവൻഷന്റെ വിജയത്തിനായി സ്വീകരണം, രജിസ്ട്രേഷൻ, ആതിഥേയത്വം, സാംസ്കാരിക പരിപാടികൾ, സ്പോൺസർഷിപ്പ്, മീഡിയ, ഭക്ഷണ ക്രമീകരണം, സുരക്ഷ, യുവജന-വനിതാ പ്രവർത്തനങ്ങൾ, കായിക മത്സരങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ പ്രത്യേക കമ്മിറ്റികൾ സജീവമായി പ്രവർത്തിക്കുന്നതായി സംഘാടകർ അറിയിച്ചു.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലുള്ള ദേശീയ കമ്മിറ്റിയും ഹൂസ്റ്റൺ കൺവൻഷൻ സംഘാടക സമിതിയും ഒരുക്കങ്ങൾ ദിവസേന വിലയിരുത്തിവരികയാണ്. അമേരിക്കയിലെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെയും മലയാളി കുടുംബങ്ങളെ കൺവൻഷനിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നതായും അവർ അറിയിച്ചു.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ, ജനറൽ കൺവീനർ ജിജു കുളങ്ങര, ഷാജി എഡ്വേർഡ്, സതേൺ റീജിയൻ വൈസ് പ്രസിഡണ്ട് ബിജു ലോസൺ, റീജിയൻ ചെയർമാൻ വർഗീസ് രാജേഷ് മാത്യു, നാഷണൽ കമ്മിറ്റി അംഗം രാജൻ യോഹന്നാൻ, മറ്റ് ദേശീയ റീജിയൻ ഭാരവാഹികളും കൺവൻഷൻ നേതാക്കളും സംഘടനാ നേതാക്കളുമായ സൈമൺ വളാച്ചേരിൽ, ജോയ് എൻ. ശാമുവേൽ, തോമസ് ഒലിയാംകുന്നേൽ, റോയ് മാത്യു, സാം ജോസഫ്, അനിൽ ആറന്മുള, ഡോ. റെയ്ന റോക്ക്, പൊടിയാമ്മ പിള്ള, ആൻസി ശാമുവേൽ, എസ്.കെ. ചെറിയാൻ, മിഖായേൽ ജോയ് (മിക്കി), തോമസ് ജോർജ് (സഞ്ജു), സാജൻ ജോൺ, ജോൺ ഉമ്മൻ (പ്രസാദ്), ക്രിസ്റ്റഫർ ജോർജ്, ശശി പിള്ള, ഡെന്നിസ് മാത്യു, ഇന്നസെന്റ് എന്നിവർ ഉൾപ്പെടെയുള്ള നേതാക്കളുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ദിവസേന അവലോകനയോഗങ്ങൾ നടത്തിവരികയാണ്. അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും പാരമ്പര്യവും പുതുതലമുറയിലേക്ക് കൈമാറുന്നതിനും കുടുംബബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഫോമാ ദേശീയ കൺവൻഷൻ മികച്ച വേദിയാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ. നിരവധി പ്രമുഖ വ്യക്തിത്വങ്ങളും കലാകാരന്മാരും വിശിഷ്ടാതിഥികളും ചടങ്ങുകളിൽ പങ്കെടുക്കുമെന്നും അവർ അറിയിച്ചു.

# THE MANY FACES OF POVERTY IN AMERICA LOOKING BEYOND MATERIAL POVERTY

**Sr. Justina Mathew CSJ**
Sisters of St. Joseph of Chambery, Nagpur Province, India
Texas Health Arlington Memorial Hospital



"Whatever you did for one of the least of these brothers and sisters of mine, you did for me." (Matthew 25:40)

Whenever we hear the word poverty, we often think of hunger, homelessness, or financial hardship. However, during my years of missionary service in the United States, I have come to realize that poverty has many faces. Some people have comfortable homes and successful careers but struggle with loneliness, anxiety, broken relationships, or the loss of hope. These hidden forms of poverty can be just as painful as material need.

As a sister of St. Joseph and a mother-baby Registered Nurse at Texas Health Arlington Memorial Hospital, I have been privileged to encounter Christ every day through the people I serve. Caring for mothers and newborns has taught me that healing is not limited to medicine. A listening ear, a reassuring smile, a gentle touch, and words of encouragement often become powerful instruments of God's healing love.

My ministry also extends beyond the hospital. One of the greatest blessings of my vocation has been accompanying new immigrants as they begin life in America. I have helped them learn to drive, prepare professional résumés, connect with community resources, search for employment, and believe in their own abilities. Watching someone regain confidence, secure a job, and build a new future reminds me that authentic charity empowers people rather than simply meeting immediate needs.

I have also found great joy in mentoring fellow nurses. Sharing knowledge, encouraging professional growth, and supporting colleagues in their journey allows us to build a stronger nursing community and provide even better care for our patients. Every act of encouragement strengthens not only an individual nurse but also the families they serve.


The charism of the Sisters of St. Joseph calls us to love the 'dear neighbor' without distinction. Whether I meet a patient, a coworker, an immigrant family, or someone silently carrying emotional pain, I try to recognize the face of Christ in each person. "Pope Francis reminds us that the Church is called to be a field hospital for a wounded world, and each of us is invited to participate in Christ's mission of healing and reconciliation".

Perhaps the deepest poverty of our time is spiritual poverty. Many people possess material abundance yet live without a sense of purpose, faith, belonging, or hope. They hunger for love, forgiveness, inner peace, and a meaningful relationship with God. This silent emptiness often manifests as isolation, fear, addiction, anxiety, or despair. As Christians, we are called not only to respond to physical needs but also to accompany those who thirst for God's presence through compassionate listening, prayer, encouragement, and authentic witness. By sharing Christ's love with humility and mercy, we help restore the dignity, hope, and joy that only God can fully provide.

True wealth is not measured by what we possess but by the hope we inspire, the dignity we restore, and the love we generously share. As we become more attentive to the visible and invisible forms of poverty, material, emotional, relational, and spiritual, we begin to see Christ in every person we encounter. May we respond with compassionate hearts, generous hands, and faith-filled lives. In serving others with mercy, respect, and love, we become living witnesses of the Gospel and faithful instruments of God's healing presence in our wounded world.

# വിദേശത്തു പോകുന്ന നഴ്സുമാരുടെ എണ്ണത്തിൽ വൻ ഇടിവ്

തിരുവനന്തപുരം: വിദേശത്തു തൊഴിൽതേടി പോകുന്ന ഇന്ത്യൻ നഴ്സുമാരുടെ എണ്ണത്തിൽ വൻ ഇടിവ്. മൂന്ന് വർഷത്തിനിടയിൽ മൂന്നിൽ രണ്ടായാണ് കുറഞ്ഞത്. അതേസമയം, മറ്റെല്ലാ സംസ്ഥാനങ്ങളിലുമായി വിദേശത്തു പോകാൻ അനുമതി ലഭിക്കുന്ന നഴ്സുമാരുടെ ആകെ എണ്ണത്തെക്കാൾ കൂടുതലാണ് ഓരോ വർഷവും വിദേശത്തു പോകുന്ന മലയാളി നഴ്സുമാർ. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണവും മറ്റു രാജ്യങ്ങളിലെ നിയന്ത്രണങ്ങളുമെല്ലാം വിദേശ തൊഴിലവസരങ്ങളെ ബാധിച്ചെന്നാണ് ഈ മേഖലയിലെ സംഘടനകളുടെ വിലയിരുത്തൽ. 2023-നെ അപേക്ഷിച്ച് ദേശീയതലത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് ലഭിച്ച നഴ്സുമാരുടെ എണ്ണം 2024-ൽ 12.1 ശതമാനം, 2025-ൽ 30.2 ശതമാനം വീതം കുറഞ്ഞിട്ടുണ്ട്.




# 16–ാമത് കെസിസിഎൻഎ കൺവൻഷൻ ഹാളിന് പ്രഥമ പ്രസിഡണ്ട് ഏബ്രഹാം നിരവത്തിന്റെ നാമകരണം

**ബൈജു ആലപ്പാട്ട്**

ഫോർട്ട് ലോഡർഡെയിൽ (ഫ്ളോറിഡ): വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ഏറ്റവും വലിയ ദേശീയ സംഗമമായ 16–ാമത് കെസിസിഎൻഎ (ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക) കൺവൻഷന്റെ ഭാഗമായി ബ്രൗവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിലെ പ്രധാന കൺവൻഷൻ ഹാളുകളിലൊന്നായ ഫ്ളോറിഡയിൻ ഡിക്ക് കെസിസിഎൻഎയുടെ പ്രഥമ പ്രസിഡണ്ട് പരേതനായ ഏബ്രഹാം നിരവത്തിന്റെ പേര് നല്കാൻ കെസിസിഎൻഎ തീരുമാനിച്ചു. സംഘടനയുടെ ചരിത്രത്തിലെ മഹത്തായ സേവനങ്ങൾക്ക് അർപ്പിക്കുന്ന ആദരാഞ്ജലിയാണ് ഈ നാമകരണം.

കെസിസിഎൻഎയുടെ രൂപീകരണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ അസാധാരണമായ നേതൃത്വവും ദീർഘവീക്ഷണവും കാഴ്ചവെച്ച വ്യക്തിയായിരുന്നു പരേതനായ ഏബ്രഹാം നിരവത്ത്. സംഘടനയുടെ ആശയ രൂപീകരണത്തിലും പ്രവർത്തന ഘടന ഒരുക്കുന്നതിലും വിവിധ ക്നാനായ സംഘടനകളെ ഒരുമയുടെ കുടക്കീഴിൽ കൊണ്ടുവരുന്നതിലും അദ്ദേഹം വഹിച്ച പങ്ക് അതുല്യമാണ്. ഇന്ന് കെസിസിഎൻഎ കൈവരിച്ചിരിക്കുന്ന ശക്തിയും ഐക്യവും വളർച്ചയും അദ്ദേഹത്തെപ്പോലുള്ള ദീർഘദർശികളായ നേതാക്കളുടെ ആത്മസമർപ്പിത പ്രവർത്തനങ്ങളുടെ ഫലമാണെന്ന് സംഘടന സ്മരിക്കുന്നു.

2026 ഓഗസ്റ്റ് 6 മുതൽ 9 വരെ ഫ്ളോറിഡയിലെ ബ്രൗവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ നടക്കുന്ന 16–ാമത് കെസിസിഎൻഎ കൺവൻഷനിൽ 'ഏബ്രഹാം നിരവത്ത് മെമ്മോറിയൽ ഹാൾ' എന്ന പേരിൽ ഈ ഹാൾ അറിയപ്പെടും. കൺവൻഷനിൽ പങ്കെടുക്കുന്ന ആയിരക്കണക്കിന് പ്രതിനിധികൾക്ക് കെസിസിഎൻഎയുടെ ചരിത്രവും അതിന്റെ സ്ഥാപക നേതാക്കളുടെ മഹത്തായ സംഭാവനകളും ഓർമ്മപ്പെടുത്തുന്ന ശാശ്വത സ്മാരകമായിരിക്കും ഈ ഹാൾ.

ഏബ്രഹാം നിരവത്തിന്റെ ജീവിതം നേതൃത്വത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റെയും സംഘടനാ പ്രതിബദ്ധതയുടെയും ഉജ്വല മാതൃകയാണെന്ന് കെസിസിഎൻഎ നേതൃത്വം അഭിപ്രായപ്പെട്ടു. സമൂഹത്തിന്റെ നന്മയ്ക്കായി അദ്ദേഹം നടത്തിയ അക്ഷീണ പ്രയത്നങ്ങളും ദൂരദർശിയായ തീരുമാനങ്ങളും വരുംതലമുറകൾക്കും പ്രചോദനമാകുമെന്നും അവർ കൂട്ടിച്ചേർത്തു.

സംഘടനയുടെ പ്രഥമ പ്രസിഡണ്ടായിരുന്ന ഏബ്രഹാം നിരവത്തിന്റെ സേവനപാരമ്പര്യത്തോടുള്ള ആദരവും കൃതജ്ഞതയും പ്രകടിപ്പിക്കുന്ന ഈ തീരുമാനം കെസിസിഎൻഎയുടെ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അദ്ധ്യായമായി വിലയിരുത്തപ്പെടുന്നു.

കെസിസിഎൻഎയ്ക്ക് നേതൃത്വം നല്കുന്നത് പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ചിക്കാഗോ), ജോയിന്റ് സെക്രട്ടറി സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡണ്ട് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്.

ഇവർക്കൊപ്പം കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ, ആതിഥേയ യൂണിറ്റു പ്രസിഡണ്ടുമാരായ ജയമോൾ മൂശാരിപറമ്പിൽ (ടാമ്പാ), എബി തെക്കനാട്ട് (മയാമി) എന്നിവരും നൂറുകണക്കിന് കമ്മിറ്റി അംഗങ്ങളും സന്നദ്ധ പ്രവർത്തകരും മാസങ്ങളായി നടത്തിയ കൂട്ടായ പരിശ്രമമാണ് 16–ാമത് കെസിസിഎൻഎ നാഷണൽ കൺവൻഷന്റെ വിജയത്തിനായുള്ള ശക്തമായ അടിത്തറ.

# ചിക്കാഗോ പിസിനാക്കിലെ കോട്ടയം ബിലിവേഴ്സ് സമ്മേളനം ശ്രദ്ധേയമായി

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: നാല്പതാമത് പിസിനാക്കിൽ പങ്കെടുത്ത കോട്ടയം ജില്ലയിലെ വിശ്വാസികളുടെ പ്രത്യേക സമ്മേളനം ശനിയാഴ്ച ഉച്ചകഴിഞ്ഞു നടന്നു. പാസ്റ്റർ റോയി വാകത്താനം അദ്ധ്യക്ഷനായിരുന്നു. കുര്യൻ ഫിലിപ്പ് സ്വാഗതം ആശംസിച്ചു. ബിനോയി ഫിലിപ്പ് കരിമാങ്കൽ, വെസ്ലി മാത്യു, ഷെറി ജോർജ് എന്നിവർ നേതൃത്വം നല്കി. പാസ്റ്റർ ജോൺസൺ ഫിലിപ്പിന്റെ പ്രാർത്ഥനയോടെയാണ് സമ്മേളനം ആരംഭിച്ചത്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്നവരും ഇന്ത്യ, കാനഡ, ഗൾഫ്, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്ന് എത്തിയ നിരവധി പേർ പ്രായഭേദമെന്യേ ആവേശപൂർവം യോഗത്തിൽ പങ്കെടുത്തു. പരേതനായ പാസ്റ്റർ കെ.എം. ജോസഫിന്റെ മകൾ സിസ്റ്റർ ലോവിസ് പോൾ താൻ എഴുതിയ ഗാനത്തിന്റെ വരികൾ ആലപിച്ചു.

ദീർഘകാലത്തിനുശേഷം വീണ്ടും ഒന്നിച്ചുകണ്ടവർ ഉൾപ്പെടെ പങ്കെടുത്ത എല്ലാവരും ഗതകാല സ്മരണകളും അനുഭവങ്ങളും അയവിറക്കി സൗഹൃദം പുതുക്കി. പരേതനായ ഇറ്റാർസി പാസ്റ്റർ കുര്യൻ തോമസിന്റെ മകൻ പാസ്റ്റർ ജയിക്കബ് തോമസ് ആശംസകൾ അറിയിച്ചു.

കോട്ടയം വിശ്വാസികളുടെ സമ്മേളനം നടക്കുന്ന സമയത്തുതന്നെ മറ്റു ചില സമ്മേളനങ്ങളും നടന്നതിനാൽ ചിലർക്ക് ഈപ്രാവശ്യം സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല എന്ന പരാതി ഉണ്ടായി. എന്നാൽ, അടുത്ത പ്രാവശ്യം ഒക്കലഹോമയിൽ നടക്കുന്ന 41–ാമത് കോൺഫറൻസിൽ ഈ പരാതി പരിഹരിക്കുമെന്ന് ഒക്കലഹോമ കോൺഫറൻസ് സെക്രട്ടറി ബിനോയി ഫിലിപ്പ് കരിമാങ്കൽ അറിയിച്ചു. കോട്ടയം സ്വദേശികളായ 41–ാമത് പിസിനാക് കോൺഫറൻസ് സെക്രട്ടറി ബിനോയി ഫിലിപ്പ് കരിമാങ്കൽ, അടുത്ത വർഷം ഫ്ളോറിഡയിൽ നടക്കുന്ന ഐപിസി ഫാമിലി കോൺഫറൻസിന്റെ കൺവീനർ റോയി വാകത്താനം, ട്രഷറർ സാക് ചെറിയാൻ എന്നിവരെ യോഗം അഭിനന്ദിച്ചു. മുതിർന്ന അംഗങ്ങളായ തോമസ് കുര്യൻ വടക്കേക്കുറ്റ്, പാസ്റ്റർ ജോസഫ് കെ. ജോസഫ് കിഴക്കേടത്ത്, സൂസി ഏബ്രഹാം തുടങ്ങിയവരെല്ലാം പഴയ കോട്ടയം ഓർമ്മകൾ പങ്കുവെച്ചു. പാസ്റ്റർ തോമസ് സി. ഏബ്രഹാമിന്റെ (ഒളശ്ശ കുഞ്ഞുമോൻ) പ്രാർത്ഥനയോടെയാണ് യോഗം സമാപിച്ചത്.











# ഫൊക്കാന സാഹിത്യ സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി




കോരസൺ വർഗീസ്

പെൻസിൽവേനിയ: ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ പെൻസിൽവേനിയയിലെ കലഹാരി റിസോർട്ടിൽ വെച്ച് 2026 ഓഗസ്റ്റ് 6 മുതൽ 8 (വ്യാഴം, വെള്ളി, ശനി) വരെ നടത്തപ്പെടുന്നു. ഫൊക്കാന സമ്മേളനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന സാഹിത്യ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ എന്നിവർ അറിയിച്ചു.

അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സാഹിത്യ മേഖലയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്കുള്ള അവാർഡുകൾ ഉടൻ പ്രഖ്യാപിക്കും. അവാർഡുകൾ കൺവൻഷൻ ചടങ്ങുകളിൽ വെച്ച് സമ്മാനിക്കപ്പെടും. അവാർഡുകൾക്ക് രചനകൾ ക്ഷണിച്ചപ്പോൾ അഭൂതപൂർവമായ പ്രതികരണമാണ് ലഭിച്ചത്. തെരഞ്ഞെടുത്ത കൃതികൾ വിലയിരുത്തുന്നതിനും അവാർഡുകളുടെ സുതാര്യതയും മൂല്യതയും ഉറപ്പാക്കുന്നതിനുമായി അവാർഡ് സമിതി അക്ഷീണം പ്രവർത്തിച്ചു.

കേരളത്തിൽ നിന്നെത്തുന്ന പ്രശസ്ത സാഹിത്യകാരന്മാരും എഴുത്തുകാരായ അടൂർ ഗോപാലകൃഷ്ണൻ, ടി.ഡി. രാമകൃഷ്ണൻ, കെ.വി. മോഹൻ കുമാർ ഐഎഎസ്, ജോസ് പനച്ചിപ്പുറം, പ്രമീളാദേവി എന്നിവർ ഫൊക്കാന സാഹിത്യ കൺവൻഷനിൽ പങ്കെടുക്കുന്നു. 'അതിരുകൾ കടന്ന് മലയാളം, പ്രവാസ സാഹിത്യത്തിന്റെ വർത്തമാനവും ഭാവിയും' എന്ന വിഷയത്തിൽ പ്രഭാഷണങ്ങളും ചർച്ചകളും നടത്തപ്പെടും.

ഓഗസ്റ്റ് 7-ന് വെള്ളിയാഴ്ച നടത്തപ്പെടുന്ന സമ്മേളനത്തിൽ കേരളത്തിനപ്പുറമുള്ള മലയാള സാഹിത്യം, പ്രവാസ എഴുത്തുകാരന്റെ സ്ഥാനം, സ്വത്വം, അംഗീകാരം, സാഹിത്യത്തിലുള്ള വിശ്വസ്തത, നിർമ്മിതബുദ്ധിയുടെ സ്വാധീനം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടും. ഗീത ജോർജ് (കോ-ഓർഡിനേറ്റർ), മുരളി നായർ, കെ.കെ. ജോൺസൺ (അസോസിയേറ്റ് ചെയർ), കോരസൺ വർഗീസ് (ചെയർമാൻ) എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായി.

മലയാള സാഹിത്യത്തെയും ഭാഷാ സ്നേഹികളേയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നോർത്ത്അമേരിക്കയിലെയും കാനഡയിലെയും ഉള്ള മലയാളി എഴുത്തുകാരുടെ പുസ്തക പ്രദർശനം നടത്തുന്നു. ഇതിലേക്ക് സാഹിത്യകാരനായ അബ്ദുൾ പുന്നയൂർക്കുളത്തിന്റെ പേരിൽ അമേരിക്കയിലും കാനഡയിലും വസിക്കുന്ന എഴുത്തുകാരുടെ ഓരോ കൃതി അയച്ചു തരുവാൻ താത്പര്യപ്പെടുന്നു. കൃതികൾ അയച്ചുതരേണ്ട വിലാസം: M.N.-Abdutty, 25648 Salem Roseville, Michigan, 48066 USA, Tel. 586 636 2058.

# ഓസ്റ്റിൻ മാർത്തോമ്മാ ദേവാലയത്തിൽ ക്വയർ റിട്രീറ്റ് ഓഗസ്റ്റ് 1-ന്; ഡോ. സണ്ണി സ്റ്റീഫൻ നേതൃത്വം നല്കും

ജീമോൻ റാന്നി

ഓസ്റ്റിൻ (ടെക്സസ്): ഓസ്റ്റിൻ മാർത്തോമ്മാ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ക്വയർ റിട്രീറ്റ്-26 എന്ന പേരിൽ സംഗീതാത്മക ആത്മീയ റിട്രീറ്റ് ഓഗസ്റ്റ് 1-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് നാല് വരെ ലിയാണ്ടറിലെ 2222 Downing Lane, Leander, TX 78641 എന്ന വിലാസത്തിലുള്ള ദേവാലയത്തിൽ നടക്കും. രജിസ്ട്രേഷൻ രാവിലെ 9 മണിക്ക് ആരംഭിക്കും.




'A Mucial Feast of the Word' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന ഈ റിട്രീറ്റിൽ വേൾഡ് പീസ് മിഷൻ സ്ഥാപകനും ചെയർമാനുമായ ഡോ. സണ്ണി സ്റ്റീഫൻ മുഖ്യപ്രഭാഷകനായിരിക്കും. സംഗീതസംവിധായകൻ, കുടുംബ കൗൺസിലർ, ജീവകാരുണ്യ പ്രവർത്തകൻ, പ്രചോദനാത്മക പ്രഭാഷകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ അദ്ദേഹം സംഗീതത്തിലൂടെയും ദൈവവചനത്തിലൂടെയും ആരാധനയുടെ ആത്മീയതയെക്കുറിച്ചും ക്വയർ ശുശ്രൂഷയുടെ ദൗത്യത്തെക്കുറിച്ചും ക്ലാസുകൾ നയിക്കും. ക്വയർ അംഗങ്ങളുടെ ആത്മീയ വളർച്ചയും സംഗീതപരമായ മികവും വർദ്ധിപ്പിക്കുക, ആരാധനയിൽ സംഗീതത്തിന്റെ പ്രാധാന്യം ആഴത്തിൽ മനസ്സിലാക്കുക എന്നിവ ലക്ഷ്യമിട്ടാണ് റിട്രീറ്റ് സംഘടിപ്പിക്കുന്നത്. ഗാനപരിശീലനം ആരാധനാനുഭവങ്ങൾ, ദൈവവചന ധ്യാനം, സംവേദനാത്മക സെഷനുകൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടക്കും. പരിപാടിയുടെ കൺവീനർ അനുഗ്രഹ റെനിയാണ്. കൂടുതൽ വിവരങ്ങൾക്ക് (469) 768 7693 (അനുഗ്രഹ റെനി) അല്ലെങ്കിൽ (248) 417 4207 (റേച്ചൽ ജോൺ) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026-ൽ കോട്ടയം സ്വദേശിനി ഡോ. ആലീസ് മാത്യുവിന് ഇരട്ടനേട്ടം

ന്യൂഡൽഹി: കോട്ടയം സ്വദേശിനിയും കേരളത്തിന്റെ അഭിമാനവുമായ ഡോ. ആലീസ് മാത്യു മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026 മത്സരത്തിൽ സെക്കൻഡ് റണ്ണർ അപ്-ക്ലാസിക് മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026 എന്ന അഭിമാനകരമായ നേട്ടം സ്വന്തമാക്കി. ജൂലൈ 14 മുതൽ 18 വരെ ന്യൂഡൽഹിയിലെ ദി ലീല ആംബിയൻസ് കൺവൻഷൻ ഹോട്ടലിൽ നടന്ന പ്രൗഢഗംഭീരമായമത്സരത്തിലാണ് ഡോ. ആലീസ് മാത്യു ഈ നേട്ടം കൈവരിച്ചത്.

ഫൗണ്ടർ ഡയറക്ടർ അങ്കിത സരോഹയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അഞ്ചു ദിവസത്തെ മത്സരത്തിൽ

ഡോ. മാത്യു ജോയിസ്, ലാസ് വേഗാസ്

വിവിധ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സരാർത്ഥികൾ പങ്കെടുത്തു. 91 ഫൈനലിസ്റ്റുകൾ മാറ്റുരച്ച മത്സരത്തിൽ സ്ത്രീശാക്തീകരണം, ആത്മവിശ്വാസം, സത്യസന്ധത, കഴിവ്, മികവ് എന്നിവയ്ക്കാണ് പ്രധാന പരിഗണന നല്കിയത്.

41 വയസ്സിന് മുകളിലുള്ള 57 ഫൈനലിസ്റ്റുകൾ പങ്കെടുത്ത ക്ലാസിക് വിഭാഗത്തിലാണ് ഡോ. ആലീസ് മാത്യു മത്സരിച്ചത്. വിവിധ റൗണ്ടുകളിലായി തന്റെ പ്രതിഭയും വ്യക്തിത്വവും ആത്മവിശ്വാസവും അവതരണ മികവും പ്രകടിപ്പിച്ച ഡോ. ആലീസ് മാത്യു വിധികർത്താക്കളുടെയും പ്രേക്ഷകരുടെയും പ്രത്യേക ശ്രദ്ധയും പ്രശംസയും നേടി.

മത്സരത്തിലെ പ്രകടനത്തിന്റെ മികവിൽ രണ്ട് അഭിമാനകരമായ പുരസ്കാരങ്ങളാണ് ഡോ. ആലീസ് മാത്യുവിനെ തേടിയെത്തിയത്. 'സെക്കൻഡ് റണ്ണർ അപ്-ക്ലാസിക് മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026' എന്ന കിരീടത്തിനു പുറമെ 'മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026-മോസ്റ്റ് അഡ്മയേർഡ് ഫൈനലിസ്റ്റ്' എന്ന പ്രത്യേക ബഹുമതിയും അവർ സ്വന്തമാക്കി.




യൂണിവേഴ്സിറ്റി ഓഫ് ലാസ് വെഗാസ്, നൊവാഡയിലെ മുൻ പ്രൊഫസറായ ഡോ. ആലീസ് മാത്യു മോട്ടിവേഷണൽ സ്പീക്കറും യൂട്യൂബ് ബ്ലോഗറുമായി വിവിധ മേഖലകളിൽ സജീവമാണ്. തന്റെ അറിവും അനുഭവങ്ങളും ആത്മവിശ്വാസവും മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതിനായി അവർ ഉപയോഗിക്കുന്നു.

ഡോ. ആലീസ് മാത്യുവിന്റെ പുതിയ നേട്ടം അവരുടെ പേജ്യന്റ് വിജയയാത്രയിലെ മറ്റൊരു തിളക്കമാർന്ന അദ്ധ്യായമാണ്. 2025-ൽ 'മിസിസ് ഇന്ത്യ 2025 സൂപ്പർ ക്ലാസിക്' കിരീടം നേടിയ അവർ, ആത്മവിശ്വാസത്തിന്റെയും മികവിന്റെയും പ്രതീകമായി വീണ്ടും ദേശീയ വേദിയിൽ ശ്രദ്ധേയയായിരിക്കുകയാണ്.

ഡോ. ആലീസ് മാത്യുവിന്റെ ഈ ഇരട്ടനേട്ടം കോട്ടയത്തിനും കേരളത്തിനും ഇന്ത്യയ്ക്കും ലോകമെമ്പാടുമുള്ള മലയാളികൾക്കും ഏറെ അഭിമാനിക്കാവുന്ന മുഹൂർത്തമാണ്.

ആത്മവിശ്വാസത്തിനും ധൈര്യത്തിനും പ്രതിഭയ്ക്കും അർപ്പണബോധത്തിനും പ്രായം ഒരിക്കലും ഒരു പരിമിതിയല്ല എന്ന ശക്തമായ സന്ദേശമാണ് അവരുടെ വിജയം നല്കുന്നത്.

അക്കാദമിക് രംഗത്തുനിന്ന് മോട്ടിവേഷണൽ സ്പീക്കിങ്ങിലേക്കും ഡിജിറ്റൽ മീഡിയയിലേക്കും അവിടെനിന്ന് ദേശീയ പേജ്യന്റ് വേദിയിലേക്കുമുള്ള ഡോ. ആലീസ് മാത്യുവിന്റെ യാത്ര, സ്വപ്നം കാണാനും അത് യാഥാർത്ഥ്യമാക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലേക്ക് പറന്നുയരാനും ഒരിക്കലും വൈകിയിട്ടില്ല എന്ന പ്രചോദനാത്മക സന്ദേശമാണ് നല്കുന്നത്.

# നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമം നടത്തപ്പെട്ടു

**അജയ് മാത്യു വാഴയ്ക്കൽ**

പെൻസിൽവേനിയ: എൻഎഎംകെസിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ക്നാനായ സംഗമം പെൻസിൽവേനിയയിലെ പെൻ ഹാരിസ് ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിൽ ജൂലൈ 23 മുതൽ 25 വരെ നടത്തപ്പെട്ടു.

അമേരിക്കയിലെയും കാനഡയിലെയും ക്നാനായ സമൂഹത്തെ ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് ക്നാനായ സമുദായത്തിന്റെ തനിമയും ഒരുമയും കാത്തുസൂക്ഷിക്കുകയും മലങ്കരയുമായുള്ള ബന്ധം നിലനിർത്തി തങ്ങളുടെ പാരമ്പര്യവും പൈതൃകവും പുതുതലമുറയ്ക്ക് കൈമാറണം എന്ന ഉദ്ദേശ്യമാണ് 2013 മുതൽ പ്രവർത്തിച്ചുവരുന്ന സംഘടനയുടെ ലക്ഷ്യം.

നോർത്ത് അമേരിക്കയിലെ വിവിധ ദേവാലയങ്ങളിലെ ഇടവകാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കലാ-കായിക മത്സരങ്ങളും സാംസ്കാരിക സെമിനാറുകളും പ്രഭാഷണങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് സംഘാടകർ പരിപാടികൾ ക്രമീകരിച്ചിട്ടുള്ളത്. വിശിഷ്ടാതിഥികളായി ഇന്ത്യയുടെ യുഎൻ കൗൺസിലറായ എൽദോസ് മാത്യു പുന്നൂസ് ഐഎഫ്എസ്, റവ.ഫാ. അലക്സാണ്ടർ ജെയിംസ് കുര്യൻ (ലെയ്സൺ ഓഫീസർ ഫോർ ഇന്റർഫെയ്ത് റിലേഷൻസ് ത്രൂ ദി വൈറ്റ് ഹൗസ് ഫെയ്ത്ത് ഓഫീസ്) എന്നിവരും പങ്കെടുത്തു. വ്യാഴാഴ്ച തുടങ്ങിയ കൺവൻഷൻ ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനയോടു കൂടി സമാപിച്ചു.

ക്നാനായ സമുദായത്തെ പ്രതിനിധീകരിച്ച് സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ് കുറിയാക്കോസ് മോർ സേവേറിയോസ്, സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം, സമുദായ ട്രസ്റ്റി ടി.സി. തോമസ്, ക്നാനായ സമുദായ മാനേജിങ് കമ്മിറ്റി മെംബർ റ്റിജു ഏബ്രഹാം തോട്ടുപുറത്ത് തുടങ്ങിയവർ നേതൃത്വം നല്കിയതായി എൻഎഎംകെസിക്കു വേണ്ടി പ്രസിഡണ്ട് ജേക്കബ് തോമസ് (ജിജി) ഇടവഴിക്കൽ, സെക്രട്ടറി അജയ് മാത്യു വാഴയ്ക്കൽ, ട്രസ്റ്റി മിന്നു സജി ഇരണക്കൽ, പബ്ലിസിറ്റി കമ്മിറ്റിക്കു വേണ്ടി ലിജു ഏബ്രഹാം കുഴികണ്ടത്തിൽ എന്നിവർ അറിയിച്ചു.











Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase · Jumbo Loan · Refinance · Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER | Illinois Residential Mortgage Licensee
Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഗുരുവായൂർ ദേവസ്വം ഓഡിറ്റ് റിപ്പോർട്ട്: ഗുരുതര പോരായ്മകളെന്ന് ഹൈക്കോടതി

കൊച്ചി: ഗുരുവായൂർ ദേവസ്വത്തിന്റെ ഓൺലൈൻ വഴിപാടുകളുടെയും ഡിജിറ്റൽ പണമിടപാടുകളുടെയും ഓഡിറ്റിൽ ഗുരുതര പോരായ്മകളെന്ന് ഹൈക്കോടതി. ഡിജിറ്റൽ പണമിടപാടുകളുടെ കൃത്യമായ അക്കൗണ്ടിംഗ് ഉറപ്പാക്കുന്ന സംവിധാനം നിലവിലില്ലെ ഓഡിറ്റ് വിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോടതിയുടെ വിമർശനം. ദേവസ്വത്തിന്റെ സാമ്പത്തിക ഭരണസംവിധാനങ്ങൾ പൂർണമായും ഡിജിറ്റലാക്കാൻ വിദഗ്ദ്ധ സ്ഥാപനത്തെ നിയോഗിക്കാനും കോടതി നിർദ്ദേശിച്ചു.

ഗുരുവായൂർ ദേവസ്വത്തെ പ്രതിക്കൂട്ടിലാക്കുന്ന ഗുരുതര വിവരങ്ങളാണ് സംസ്ഥാന ഓഡിറ്റ് വിഭാഗം സമർപ്പിച്ച റിപ്പോർട്ടിലുള്ളത്. ഓൺലൈൻ വഴിപാടുകൾ, പിഒഎസ് മെഷീനുകൾ, ക്യൂആർകോഡ് വഴിയുള്ള ഇ-ഹുണ്ടി കാർഡ് പെയ്മെന്റുകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ദേവസ്വം നടപ്പാക്കിയിട്ടുണ്ട്.

എന്നാൽ, ഇവയിലൂടെ ലഭിക്കുന്ന തുകയുടെ കൃത്യമായ അക്കൗണ്ടിങ് ഉറപ്പാക്കുന്ന സംവിധാനം നിലവിലില്ല. ഭക്തർക്ക് നല്കിയ രസീതിന്റെ റീപ്രിന്റ് സൗകര്യം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ വിശദീകരണം തേടിയെങ്കിലും ഇതിന് ദേവസ്വം മറുപടി നല്കിയില്ല.

2011-12 മുതൽ 2019-20 വരെയുള്ള കാലയളവിൽ 54.59 കോടിയുടെ ഓഡിറ്റ് ഒബ്ജക്ഷൻ ഉന്നയിച്ചെങ്കിലും ഇതിനു വിശദീകരണം നല്കിയിട്ടില്ല. മാത്രമല്ല, 107,92 കോടിയിലധികം നഷ്ടമായി കണക്കാക്കിയ തുകയും ഇതുവരെ തീർപ്പാക്കിയിട്ടില്ല.

ക്ഷേത്രത്തിലെ സ്വർണം, ആഭരണങ്ങൾ, മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ വാർഷിക ഭൗതിക പരിശോധന 43 വർഷമായി നടത്തിയിട്ടില്ല. വിലയേറിയ വഴിപാടുകളായ വെങ്കലപാത്രങ്ങൾ, കശ്മീരി കുങ്കുമപ്പൂ തുടങ്ങിയവ പോലും കൃത്യമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. അതിനാൽ ലഭിക്കുന്ന എല്ലാ വഴിപാടുകളും കണക്കിൽപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാകുന്നില്ലെന്നും ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടി.

തുടർന്നാണ് സാമ്പത്തിക ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കണമെന്ന് ജസ്റ്റിസുമാരായ വി. രാജ വിജയരാഘവൻ, കെ.വി. ജയകുമാർ എന്നിവരുടെ ദേവസ്വം ബെഞ്ച് നിർദ്ദേശിച്ചത്.

വരവ്, ചെലവ്, വഴിപാടുകൾ, കരാറുകൾ, സ്റ്റോക്ക്, സ്വത്തുക്കൾ എന്നിവയെല്ലാം തത്സമയം നിരീക്ഷിക്കാനാകുന്ന സമഗ്ര ഡിജിറ്റൽ സംവിധാനം നടപ്പാക്കാനുള്ള സാധ്യത പരിശോധിക്കണമെന്നും കോടതി നിർദ്ദേശിച്ചു.

## മുൻ എംഎൽഎ ടി.പി.എം. സാഹിർ അന്തരിച്ചു

കോഴിക്കോട്: മുൻ എംഎൽഎയും മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ ടി.പി.എം. സാഹിർ (83) അന്തരിച്ചു. വാർധക്യസഹജമായ അസുഖത്തെത്തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കൊല്ലം ടികെഎം എഞ്ചിനീയറിങ് കോളജിൽനിന്ന് 1968-ൽ സിവിൽ എഞ്ചിനീയറിങ് ബിരുദം നേടിയ അദ്ദേഹം കൊച്ചിയിൽ എഫ്എസിടി എഞ്ചിനീയറിങ് വർക്സിൽ സൈറ്റ് എഞ്ചിനീയറായിരുന്നു. 1970-ൽ സാഹിർ അസോഷ്യേറ്റ്സ് എന്ന പേരിൽ സ്വന്തം എഞ്ചിനീയറിങ് കൺസൽറ്റൻസി തുടങ്ങി.

2001-ൽ എളമരം കരീമിനെ പരാജയപ്പെടുത്തി അന്നത്തെ കോഴിക്കോട് 2 മണ്ഡലത്തിൽനിന്ന് എംഎൽഎയായി. മുസ്‌ലിം ലീഗ് സംസ്ഥാന ഉപാധ്യക്ഷൻ, ജനറൽ സെക്രട്ടറി, എംഇഎസ് എഞ്ചിനീയറിങ് കോളജ് മാനേജിങ് കമ്മിറ്റി അംഗം, കെൽട്രോൺ ഡയറക്ടർ, കൊച്ചിൻ യൂണിവേഴ്സിറ്റി സിൻഡിക്കറ്റ് അംഗം, എംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ്, കാലിക്കറ്റ് ജേസീസ്, കാലിക്കറ്റ് സീനിയർ ചേംബർ പ്രസിഡന്റ്, പട്ടാളപ്പള്ളി പരിപാലന കമ്മിറ്റി പ്രസിഡന്റ്, നടക്കാവ് മസ്ജിദുൽ മനാർ പ്രസിഡന്റ്, വെസ്റ്റ്ഹിൽ പുവർഹോം സൊസൈറ്റി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണ രംഗത്തും പ്രവർത്തിച്ചു. മുൻ മന്ത്രി അഹമ്മദ് കുരിക്കൾ, ഇസ്ഹാഖ് കുരിക്കൾ എന്നിവരുടെ സഹോദരി ഫാത്തിമ ഷെറഫയാണ് ഭാര്യ. മക്കൾ: ടി.പി.എം ഹാഷിറലി (എഞ്ചിനീയർ, കാലിക്കറ്റ് സർവകലാശാല സെനറ്റ് അംഗം, കാലിക്കറ്റ് ചേംബർ), ഡോ. ഇജാസ് (ലണ്ടൻ), സജൽ മുഹമ്മദ് (അൽഫ അലൂമിനിയം), ടി.പി.എം. ജിഷാൻ (കോർപറേഷൻ മുഖദാർ വാർഡ് കൗൺസിലർ) റിഷ. മരുമക്കൾ: ഡോ. ഫാത്തിമ ജെഷീന (ഫാറൂഖ് കോളജ്), നിഷ ഇജാസ്, റോഷി സജൽ, റഷി ജിഷാൻ.

## കണ്ഠരര് ബ്രഹ്മദത്തൻ ശബരിമല തന്ത്രിയാകും



തിരുവനന്തപുരം: തന്ത്രി കണ്ഠരര് രാജീവരുടെ മകൻ താഴമൺമഠം കണ്ഠരര് ബ്രഹ്മദത്തൻ ശബരിമല തന്ത്രിയായി ചിങ്ങം ഒന്നിനു ചുമതലയേൽക്കും. ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ തനിക്കു പകരം മകനെ തന്ത്രിയാക്കണമെന്നു കണ്ഠരര് രാജീവര് ബോർഡിനോട് ആവശ്യപ്പെട്ടിരുന്നു.

നിയമത്തിൽ ഉന്നതപഠനം പൂർത്തിയാക്കിയ ബ്രഹ്മദത്തൻ താന്ത്രിക ചുമതലകൾ നിർവഹിക്കുന്നതിനായാണു ജോലി ഉപേക്ഷിച്ചത്. വിദഗ്ധ സമിതി അംഗങ്ങളായ അക്കീരമൺ കാളിദാസൻ ഭട്ടതിരി, തറയിൽ കുഴിക്കാട്ട് അഗ്നിശർമൻ വാസുദേവൻ ഭട്ടതിരി, കുടിയക്കോൽ സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവർ ബ്രഹ്മദത്തനു താന്ത്രിക, പൂജാ വിധികളിൽ പ്രാഗൽഭ്യമുണ്ടെന്നു ദേവസ്വം ബോർഡിനെ അറിയിച്ചിരുന്നു.



# നോർത്ത് അമേരിക്കൻ മലയാളി സോക്കർ ലീഗ് അഞ്ചാം വി.പി. സത്യൻ മെമ്മോറിയൽ ടൂർണമെന്റിന് ഓഗസ്റ്റിൽ തുടക്കം



മാർട്ടിൻ വിലങ്ങോലിൽ

എൽക്രിഡ്ജ് (മേരിലാൻഡ്): വടക്കെ അമേരിക്കയിലെ ഏറ്റവും വലിയ മലയാളി ഫുട്ബോൾ പോരാട്ടങ്ങളിലൊന്നായ അഞ്ചാം എഡിഷൻ വി.പി. സത്യൻ മെമ്മോറിയൽ നോർത്ത് അമേരിക്കൻ സോക്കർ ടൂർണമെന്റിന് (NAMSL 2026) തുടക്കമാകുന്നു.

ഓഗസ്റ്റ് 1, 2 തീയതികളിൽ മേരിലാൻഡിലെ എൽക്രിഡ്ജിലുള്ള പ്രശസ്തമായ ട്രോയ് പാർക്കിലാണ് (Troy Park) ടൂർണമെന്റ് നടക്കുന്നത്.

മത്സരങ്ങളുടെ ഔദയോഗിക നറുക്കെടുപ്പും പ്രസ് മീറ്റും വിജയകരമായി പൂർത്തിയായി.

നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കായിക പ്രേമികളും ലീഗ് പ്രതിനിധികളും നേരിട്ടും വെർച്ചലായും പങ്കെടുത്ത ചടങ്ങോടെയാണ് വി.പി. സത്യൻ ടൂർണമെന്റിന് ആവേശകരമായ തുടക്കമായത്.

കൊളംബിയ സെന്റർ ഫോർ ഇംപ്ലാന്റ്സ് ആൻഡ് പീരിയോഡോന്റിക്സിലെ ഡോ. സഞ്ജു ജോസഫാണ് ടൂർണമെന്റിന്റെ ഗ്രാൻഡ് സ്പോൺസർ.

പ്രതിഭയും കായിക ക്ഷമതയും പരസ്പര സ്നേഹവും കോർത്തിണക്കുന്ന ഈ സോക്കർ മാമാങ്കത്തിലേക്ക് കളിക്കാരെയും കായികപ്രേമികളെയും കുടുംബാംഗങ്ങളെയും സംഘാടകർ സ്വാഗതം ചെയ്തു.

പ്രസ് മീറ്റിന്റെയും ടൂർണമെന്റിന്റെയും വിജയത്തിനായി പ്രവർത്തിച്ച സ്പോൺസർമാർ, ലീഗ് പ്രതിനിധികൾ, വോളന്റിയർമാർ, മീഡിയ ടീം എന്നിവർക്ക് ഭാരവാഹികളായ മാത്യു വർഗീസ് (പ്രസിഡണ്ട്), ആശിഷ് തെക്കേടം (സെക്രട്ടറി), ജോർജ് ചെറുശ്ശേരി (വൈസ് പ്രസിഡണ്ട്) എന്നിവർ നന്ദി അറിയിച്ചു.

മത്സരക്രമവും നറുക്കെടുപ്പും പൂർത്തിയായതോടെ ഓഗസ്റ്റ് ആദ്യവാരത്തിൽ ട്രോയ് പാർക്കിൽ മികച്ച സോക്കർ പോരാട്ടങ്ങൾക്കും സൗഹൃദ സംഗമങ്ങൾക്കുമാണ് മേരിലാൻഡ് സാക്ഷ്യം വഹിക്കാൻ പോകുന്നത്.







# ശബ്ദവിസ്മയം തീർക്കുന്ന അനിയൻ ഡാളസ് 25 വർഷത്തെ ആഗോള വിജയയാത്രയിൽ



സണ്ണി മാളിയേക്കൽ

ഡാളസ്: കഴിഞ്ഞ കാൽ നൂറ്റാണ്ടായി ആഗോള ഓഡിയോ പ്രൊഡക്ഷൻ രംഗത്ത് തന്റേതായ തനത് മുദ്ര പതിപ്പിച്ച പ്രമുഖ ശബ്ദസംവിധായകനാണ് അനിയൻ ഡാളസ്. വിഷ്വൽ മീഡിയയുടെ അതിപ്രസരമുള്ള ഇക്കാലത്തും കേവലം ശബ്ദസാങ്കേതിക വിദ്യയുടെ മാത്രം കരുത്തിൽ ലോകമെമ്പാടുമുള്ള വൻകിട വേദികളെ കീഴടക്കാൻ അദ്ദേഹത്തിന്റെ മാന്ത്രിക കൈവിരലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഡാളസ് കേന്ദ്രമായി സ്വന്തം ഓഡിയോ പ്രൊഡക്ഷൻ കമ്പനി വിജയകരമായി നടത്തുന്ന അദ്ദേഹം ഇന്ന് ഈ രംഗത്തെ ഒരു ആഗോള ബ്രാൻഡ് തന്നെയാണ്.

അമേരിക്ക, കാനഡ, സൗത്ത് അമേരിക്ക, യുകെ, ഇന്ത്യ തുടങ്ങി ലോകത്തിന്റെ വിവിധ കോണുകളിൽ അനിയൻ ഡാളസിന്റെ ശബ്ദവിന്യാസം എത്തിച്ചേർന്നിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്നതും ദിവസങ്ങളോളം നീണ്ടുനിൽക്കുന്നതുമായ വൻകിട കൺവൻഷനുകൾക്ക് സാങ്കേതിക തികവോടെ ശബ്ദഗാംഭീര്യമേകുക എന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ്. അമേരിക്കയിലെ പ്രമുഖ നഗരങ്ങളിൽ നടക്കുന്ന കൺവൻഷനുകളിലും അനിയൻ ഡാളസിന്റെ അത്യാധുനിക സൗണ്ട് സിസ്റ്റമാണ് ഉപയോഗിച്ചുവരുന്നത്.

ഹോളിവുഡ്, മോളിവുഡ് തുടങ്ങി ഇന്ത്യൻ സിനിമാ-സാംസ്കാരിക ലോകത്തെ പ്രമുഖ താരങ്ങളും പ്രഗത്ഭരും അണിനിരന്ന അനവധി മെഗാ പ്രോഗ്രാമുകൾക്ക് പിന്നിൽ പ്രവർത്തിച്ച അനുഭവസമ്പത്ത് അദ്ദേഹത്തിനുണ്ട്. പ്രൊഫഷണലുകൾക്കിടയിൽ ഏറെ ആദരിക്കപ്പെടുന്ന അനിയൻ ശബ്ദ സംവിധാന രംഗത്തെ തന്റെ ആഴത്തിലുള്ള അറിവും കഠിനാദ്ധ്വാനവും കൊണ്ടാണ് ഈ ഉയരങ്ങൾ കീഴടക്കിയത്.



ഈ വിജയയാത്രയിലും തന്റെ വേരുകളെയും തന്നെവഴിനടത്തിയ ഗുരുക്കന്മാരെയും അദ്ദേഹം ഭക്ത്യാദരപൂർവം സ്മരിക്കുന്നു. ഓഡിയോ രംഗത്തെ പ്രഗത്ഭരായ ഫ്രാൻസി പാപ്പൻ, ടെന്നിസൺ എന്നിവരെ തന്റെ ഗുരുതുല്യരായി നെഞ്ചേറ്റുന്ന അനിയൻ ഡാളസ് പ്രൊഫഷണലിസത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത വ്യക്തിത്വമാണ്.

ശബ്ദകലയോടുള്ള അദമ്യമായ അഭിനിവേശവുമായി മുന്നേറുന്ന അനിയൻ ഡാളസിന്റെ 25 വർഷത്തെ ഈ സേവനം പ്രവാസി മലയാളി സമൂഹത്തിന് ഒന്നടങ്കം വലിയ അഭിമാനമാണ്.

# ഇന്ത്യൻ നേവിയുടെ കരുത്തറിയിച്ച് സമുദ്ര സുരക്ഷാ പരിശീലനം

കൊച്ചി: കടലിൽ സംശയാസ്പദ രീതിയിൽ കണ്ട കപ്പലിനു ചുറ്റും നിലയുറപ്പിച്ച തോക്കുധാരികളായ മറൈൻ കമാൻഡോകൾ, കയർ ഏണിയിലൂടെ കപ്പലിലേക്ക് കയറി ഓരോ തന്ത്രപരമായി പ്രവേശിച്ചു നിയന്ത്രണം ഏറ്റെടുക്കുന്ന മറ്റൊരു സംഘം, യുദ്ധസമാന സാഹചര്യത്തിൽ ഹെലികോപ്റ്ററിലൂടെ കപ്പലിൽനിന്ന് തൂങ്ങിയിറങ്ങുന്ന കമാൻഡോകൾ...

ബഹുരാഷ്ട്ര സമുദ്രസുരക്ഷാ പരിശീലന പരിപാടിയായ ഓപ്പറേഷൻ സതേൺ റെഡിനസിന്റെ ഭാഗമായി ഐഎൻഎസ് ദ്രോണാചാര്യയിൽ ഒരുക്കിയ കിൽഹൗസ് പരിശീലനത്തിനെത്തിയ വിദേശ നാവികർക്കു വേറിട്ട അനുഭവമായി.

കടൽകൊള്ള വിരുദ്ധ പ്രവർത്തനങ്ങൾ, തീവ്രവാദവിരുദ്ധ ഓപ്പറേഷനുകൾ, ബന്ദിമോചന ദൗത്യങ്ങൾ എന്നിവയിൽ നാവിക സേനയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിൽ കിൽ ഹൗസ് നിർണായക പങ്കുവഹിക്കുന്നു.

കൊച്ചി ദക്ഷിണ നാവിക കമാൻഡിൽ നാലുദിവസത്തെ ബഹുരാഷ്ട്ര സമുദ്ര സുരക്ഷാ പരിശീലനം 'ഓപ്പറേഷൻ സതേൺ റെഡിനസ്' നടന്നു. നാവിക സേനകളുടേയും കോസ്റ്റ് ഗാർഡുകളുടെയും പങ്കാളിത്തത്തോടെയുള്ള പരിശീലന പരിപാടിയിൽ 26 രാജ്യങ്ങളിൽനിന്നുള്ള 254 നാവികരും 74 പരിശീലകരും നാല് രാജ്യാന്തര സംഘടനകളിൽനിന്നുള്ള വിദഗ്ധരുമാണ് പങ്കെടുത്തത്.

ഇന്ത്യൻ നാവിക സേനയുടെ നേതൃത്വത്തിലുള്ള സംയോജിത ടാസ്ക് ഫോഴ്സ് 15ന്റെ (സിടിഎഫ് 154) ആഭിമുഖ്യത്തിൽ കംബൈൻഡ് മാരിടൈം ഫോഴ്സുമായി ചേർന്നാണ് പരിപാടി നടത്തിയത്.



ദക്ഷിണ കമാൻഡ് കൊച്ചിയിലെ ഐഎൻഎസ് ദ്രോണാചാര്യയിൽ സംഘടിപ്പിച്ച ഓപ്പറേഷൻ സതേൺ റെഡിനസ് ബഹുരാഷ്ട്ര സമുദ്രസുരക്ഷാപരിപാടിയിൽ സൈനികരുടെ ഉപയോഗത്തിനുള്ള ഇന്ത്യൻ നിർമിത തോക്കിന്റെ പ്രവർത്തനം നോക്കിക്കാണുന്ന വിവിധ രാജ്യങ്ങളിൽനിന്നുള്ള നാവികർ.

# റാഗിങിന് പരമാവധി വധശിക്ഷ വരെ നൽകുന്ന ബില്ലിന് അംഗീകാരം

തിരുവനന്തപുരം: കലാലയങ്ങൾ അടക്കമുള്ളയിടങ്ങളിൽ ക്രൂരമായ റാഗിംഗിലൂടെ വിദ്യാർത്ഥികളെ കൊലപ്പെടുത്തുന്നവർക്ക് പരമാവധി വധശിക്ഷ വരെ നൽകാൻ വ്യവസ്ഥ ചെയ്യുന്ന റാഗിംഗിന് എതിരേയുള്ള ബില്ലിന്റെ കരടിന് മന്ത്രിസഭായോഗത്തിന്റെ അംഗീകാരം.

റാഗിംഗിലൂടെ ഗുരുതരമായി പരുക്കേൽക്കുന്നവർക്ക് ഏഴുവർഷം വരെ തടവുശിക്ഷയും പിഴയും നിയമത്തിന്റെ കരടിൽ വ്യവസ്ഥ ചെയ്യുന്നു. 'സിദ്ധാർത്ഥൻ ആന്റിറാഗിംഗ് ആൻഡ് സ്റ്റുഡന്റ് വെൽഫെയർ ആക്ട്-2026' എന്ന പേരിലുള്ള ബില്ലിന്റെ കരട് ഒക്ടോബറിലെ നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവന്നു നിയമമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി നിയമവകുപ്പിനെ ചുമതലപ്പെടുത്തി.

ക്രൂര റാഗിംഗിനെത്തുടർന്ന് വയനാട് പൂക്കോട് വെറ്ററിനറി കോളജിൽ മരിച്ച സിദ്ധാർത്ഥന്റെ പേരിലാണ് റാഗിംഗ് വിരുദ്ധ നിയമം നടപ്പാക്കുന്നത്. കൂട്ടമായി അതിക്രമം കാട്ടുന്നവർക്കെല്ലാം ഒരേ ശിക്ഷയാണ് വ്യവസ്ഥ ചെയ്യുന്നത്. റാഗിംഗ് സഹിക്കാനാകാതെ വിദ്യാർത്ഥി ജീവനൊടുക്കിയാൽ 10 വർഷം വരെ തടവുശിക്ഷ ലഭിക്കും. ആത്മഹത്യാപ്രേരണാ കുറ്റവും ചുമത്തും. റാഗിംഗ് പരാതി പോലീസിൽ അറിയിക്കാത്ത കോളജ് അധികൃതർക്കും ശിക്ഷ വ്യവസ്ഥ ചെയ്യുന്നു.

വിദ്യാർത്ഥിക്ക് ശാരീരികമോ മാനസികമോ ആയി പ്രശ്നം സൃഷ്ടിക്കുന്ന പ്രവൃത്തികളെയെല്ലാം റാഗിംഗിന്റെ പരിധിയിൽ കൊണ്ടുവരും. ഭയം സൃഷ്ടിക്കുന്നതും മുറിവേൽപ്പിക്കുന്നതും ആശങ്കയുളവാക്കുന്നതും നാണക്കേടുണ്ടാക്കുന്നതുമായ കൃത്യങ്ങളും അധിക്ഷേപവുമെല്ലാം റാഗിംഗിന്റെ പരിധിയിൽ പെടുത്തും. റാഗ് ചെയ്യുന്ന കേസിലെ പ്രതികൾക്ക് അഞ്ചു വർഷംവരെ മറ്റൊരിടത്തും പ്രവേശനം ലഭിക്കില്ല.

പരാതിക്കാരന്റെ വിവരങ്ങൾ വെളിപ്പെടുത്താതെ റാഗിംഗ് പോലീസിനെ അറിയിക്കാൻ 'സിദ്ധാർത്ഥൻ സ്റ്റുഡന്റ് ഡിസ്ട്രസ് ആപ്പ്' എന്ന മൊബൈൽ ആപ്ലിക്കേഷനും തയാറാക്കും. കേരള റാഗിംഗ് നിരോധനനിയമം 1998-ൽ നിലവിൽ വന്നതാണെങ്കിലും ചട്ടങ്ങൾ രൂപീകരിച്ചിരുന്നില്ല.

# പ്രകൃതിയുടെ വിശുദ്ധന് മലയാളത്തിന്റെ കീർത്തനം: കന്യാസ്ത്രീകളുടെ സ്തുതി ഗാനം മാർപാപ്പ പ്രകാശനം ചെയ്യും

പത്തനംതിട്ട: വിശുദ്ധ ഫ്രാൻസിസ് അസീസി മരിച്ചിട്ട് 800 വർഷം തികയുന്നത് പ്രമാണിച്ച്, മലയാളി വൈദികൻ പരിഭാഷപ്പെടുത്തിയ ഫ്രാൻസിസിന്റെ അവസാനഗീതവും ദൃശ്യചിത്രീകരണവും ലെയോ പതിനാലാമൻ മാർപാപ്പ പ്രകാശനം ചെയ്യും. ഇറ്റലിയിലെ അസീസിയിൽ ഓഗസ്റ്റ് ആറിനാണ് ചടങ്ങ്.

വിശുദ്ധന്റെ കബറിടം സ്ഥിതിചെയ്യുന്ന അസീസിയിലെ ബസിലിക്കയിൽ പ്രവർത്തിക്കുന്ന ഫാ. ഫിലിപ്പ് കരോട്ടപ്പുറമാണ് ഇറ്റാലിയൻ ഭാഷയിലുള്ള ഫ്രാൻസിസിന്റെ രചനകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്. അങ്കമാലി മൂക്കന്നൂർ സ്വദേശിയാണ് ഈ അമ്പതുകാരൻ.

1226 ഒക്ടോബർ മൂന്നിന് മരിക്കുന്നതിന് മുമ്പായി ഫ്രാൻസിസ് എഴുതിയ ഗീതം, സൂര്യകീർത്തനം (കാന്റിക്കിൾ ഓഫ് ദ് സൺ) എന്നാണ് അറിയപ്പെടുന്നത്. 'സോദരേ മരണമേ സ്വാഗതം' എന്ന അവസാന വരികൾ എഴുതിച്ചേർക്കാൻ മരണത്തിന് തൊട്ടുമുമ്പ് അദ്ദേഹം ഒപ്പമുള്ളവരോട് പറഞ്ഞുവെന്നാണ് വിശ്വാസം. 'പ്രകൃതിയുടെ വിശുദ്ധൻ' എന്നാണ് ഫ്രാൻസിസ് അസീസി അറിയപ്പെടുന്നത്. സകല ചരാചരങ്ങളും നമ്മുടെ സഹോദരങ്ങളാണ് എന്ന് അദ്ദേഹം വിശ്വസിച്ചു.

പത്തുശീലുകൾ അടങ്ങുന്നതാണ് സൂര്യകീർത്തനം. തനിക്കുള്ളതെല്ലാം ത്യജിച്ച് ഭിക്ഷാടകനായിപ്പോലും അലഞ്ഞയാളാണ് ഫ്രാൻസിസ് അസീസി. അദ്ദേഹം സ്ഥാപിച്ച ഫ്രാൻസിസ്കൻ സന്യാസസഭ പിന്നീട് ലോകത്തെമ്പാടും വ്യാപിച്ചു. ഫ്രാൻസിസ്കൻ പാരമ്പര്യത്തിലുള്ള വൈദികരും കന്യാസ്ത്രീകളുമടങ്ങുന്ന 117 പേർ ചേർന്നാണ് സൂര്യകീർത്തനം പാടിയിരിക്കുന്നത്.

കറുകുറ്റി ക്രിസ്തുരാജ സി.എം.ഐ. ആശ്രമത്തിന്റെ മുൻവശത്തായിരുന്നു ചിത്രീകരണം. സെബി തുരുത്തിപ്പുറം ഈണം നൽകിയ ഗാനം എറണാകുളം സി.എ.സിയിൽ റെക്കോഡു ചെയ്തു.

അസീസിയിലെ മൂന്നുനിലയുള്ള ബസിലിക്കയുടെ ഏറ്റവും താഴെ അൾത്താരയുടെ അടിയിലാണ് ഫ്രാൻസിസ് അസീസിയുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരുന്നത്. 19-ാം നൂറ്റാണ്ടിൽ ഇത് വണങ്ങാനുള്ള അനുമതി പോപ്പ് നൽകിയതോടെ ഇവിടം ചാപ്പലായി മാറി.

സന്ദർശകർക്ക് കബറിടം കാണാമെങ്കിലും തിരുശേഷിപ്പ് കാണാൻ അനുവാദമില്ല. അസ്ഥികൂടം അതുപോലെ സൂക്ഷിച്ചിരിക്കുകയാണ്. പരിശോധനകൾക്കും മറ്റുമായി മാത്രമേ നേരത്തെ കബറിടം തുറന്നിരുന്നുള്ളൂ.

തിരുശേഷിപ്പ് വീണ്ടും കബറിടത്തിലേക്കു മാറ്റാനുള്ള എട്ടംഗ സംഘത്തിൽ ഉൾപ്പെടാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുന്നുവെന്ന് അസീസിയിൽനിന്ന് ഫാ. ഫിലിപ്പ് പറഞ്ഞു.

# യുഎൻ റിപ്പോർട്ട്: ഒരു വർഷം കൊണ്ട് 1.4 കോടി പേർ കൂടി പട്ടിണിയിലേക്ക്

റോം: കഴിഞ്ഞ വർഷം ലോകമെമ്പാടുമായി ഏകദേശം 64.5 കോടി ജനങ്ങൾ (ആഗോള ജനസംഖ്യയുടെ 7.8 ശതമാനം) ദാരിദ്ര്യം അനുഭവിച്ചതായി ഐക്യരാഷ്ട്രസഭയുടെ പുതിയ റിപ്പോർട്ട്. യുഎന്നിന്റെ കീഴിലുള്ള റോം ആസ്ഥാനമായ ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ, വേൾഡ് ഫുഡ് പ്രോഗ്രാം, വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ, യുഎൻ ചിൽഡ്രൻസ് ഫണ്ട്, ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് എന്നീ ഏജൻസികൾ ചേർന്നു തയാറാക്കിയ 'ലോകത്തിലെ ഭക്ഷ്യസുരക്ഷയും പോഷകാഹാര നിലയും' എന്ന റിപ്പോർട്ടിലാണ് ഈ വിവരങ്ങളുള്ളത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് പട്ടിണി അനുഭവിക്കുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം നേരിയ കുറവുണ്ടായിട്ടുണ്ട്.

2024-നേക്കാൾ 1.4 കോടി ആളുകളും 2022-ലെ ഏറ്റവും ഉയർന്ന നിരക്കിനേക്കാൾ 4.3 കോടി ആളുകളും കുറവാണ് 2025-ൽ പട്ടിണി നേരിട്ടത്. പ്രത്യേകിച്ച് തെക്കേ അമേരിക്കയിലും തെക്കൻ ഏഷ്യയിലും ഭക്ഷ്യസുരക്ഷയിൽ പുരോഗതിയുണ്ടായി.

എങ്കിലും സാഹചര്യങ്ങൾ ഇപ്പോഴും ആശങ്കാജനകമായി തുടരുകയാണെന്ന് യുഎൻ മുന്നറിയിപ്പ് നൽകുന്നു.

ആഫ്രിക്കയിൽ അഞ്ചിൽ ഒരാൾ വീതം (30.9 കോടി ആളുകൾ) ഇപ്പോഴും പട്ടിണിയിലാണ്. കുട്ടികളിലെ പോഷകാഹാരക്കുറവും സ്ത്രീകളിലെ വിളർച്ചയും ഉയർന്ന നിലയിൽത്തന്നെ തുടരുന്നു. ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, ഇന്ധന-വളം വില വർധനവ്, എൽ നിനോ പോലുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവ നിലവിലെ പുരോഗതിക്കു ഭീഷണിയാകാൻ സാധ്യതയുണ്ട്. അതിനാൽ കർഷകർക്ക് ആവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ ഉറപ്പാക്കാനും കൃഷി-സംഭരണ മേഖലകളിൽ കൂടുതൽ ദീർഘകാല നിക്ഷേപങ്ങൾ നടത്താനും ലോകരാജ്യങ്ങളോട് യുഎൻ ഏജൻസികൾ ആവശ്യപ്പെട്ടു.

# മണിപ്പൂർ കലാപക്കേസുകൾക്ക് അതിവേഗകോടതികൾ വേണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മണിപ്പൂർ കലാപവുമായി ബന്ധപ്പെട്ട കേസുകൾ പ്രതിദിനാടിസ്ഥാനത്തിൽ വാദം കേട്ട് തീർപ്പാക്കാൻ അതിവേഗ കോടതികൾ സ്ഥാപിക്കണമെന്ന് സുപ്രീംകോടതി. അന്വേഷണം വേഗത്തിൽ പൂർത്തിയാക്കണമെന്നും ഇരകൾക്ക് കുറ്റപത്രത്തിന്റെ പകർപ്പ് നൽകണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു. 2023 മെയ് മൂന്നിന് തുടങ്ങിയ കലാപത്തിൽ ഇരുന്നൂറിലേറെപ്പേരാണ് കൊല്ലപ്പെട്ടത്. ഇരകളിൽ പലർക്കും കുറ്റപത്രത്തിന്റെ കോപ്പി ലഭിച്ചിട്ടില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. അന്വേഷണം പൂർത്തിയായി കുറ്റപത്രം ഫയൽ ചെയ്ത കേസുകളുടെ വിവരങ്ങൾ നൽകാൻ സംസ്ഥാന സർക്കാർ, എസ്.ഐ.ടി, സി.ബി.ഐ എന്നിവയ്ക്കുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യാ ഭാട്ടിയോട് കോടതി ആവശ്യപ്പെട്ടു. അന്വേഷണം പൂർത്തിയാവാത്ത കേസുകളുടെ വിവരവും വേണം. പ്രതിദിനാടിസ്ഥാനത്തിൽ വാദം കേൾക്കാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ചും കോടതി സർക്കാരിന്റെ മറുപടി തേടി.

# ഇന്ത്യയിലെ ഏറ്റവും ഉയർന്ന മൂന്നാമത്തെ മഴ ഗുജറാത്തിൽ

അഹമ്മദാബാദ്: ഗുജറാത്തിലെ ഉമർഗാമിൽ (വൽസദ്) ജൂലൈ 23-ന് വ്യാഴാഴ്ച പുലർച്ചെമുതൽ 24 മണിക്കൂറിൽ പെയ്തത് 1064 മില്ലിമീറ്റർ മഴ. കാലാവസ്ഥാനിരീക്ഷണ വകുപ്പിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ രേഖപ്പെടുത്തിയതിൽ ഏറ്റവും ഉയർന്ന മൂന്നാമത്തെ ദൈനംദിന മഴയാണ്. വൽസാദ് ജില്ലയിലും സമീപപ്രദേശങ്ങളിലും അതിതീവ്രമഴയാണു രേഖപ്പെടുത്തിയത്. ഉമർഗാമിൽ അസാധാരണ മഴയാണു രേഖപ്പെടുത്തിയത്.

മേഘാലയയിലെ സോഹ്റയി (ചിറാപുഞ്ചി) ലാണ് ഇന്ത്യയിൽ രേഖപ്പെടുത്തിയതിൽ ഇതുവരെയുള്ള ഏറ്റവും ഉയർന്ന മഴ പെയ്തിട്ടുള്ളത്. 1995 ജൂൺ 16-ന് സോഹ്റയിൽ 1563 മില്ലിമീറ്റർ മഴയാണു രേഖപ്പെടുത്തിയത്. ലക്ഷദ്വീപിലെ അമിനി ദ്വീപാണ് രണ്ടാം സ്ഥാനത്തുള്ളത്. 2004 മേയ് ആറിന് അവിടെ 1168.5 മില്ലിമീറ്റർ മഴയാണു പെയ്തത്. ഇതിനുതൊട്ടുതാഴെയാണ് ഇപ്പോൾ ഉമർഗാം ഇടം നേടിയിരിക്കുന്നത്. സ്വതന്ത്ര ഇന്ത്യയിൽ ഏറ്റവുമധികം റിക്കാർഡ് മഴയുടെ പട്ടികയിൽ ഏഴുതവണയാണ് ചിറാപുഞ്ചി ഇടം നേടിയിട്ടുള്ളത്. 1956, 1974, 1995, 2005 വർഷങ്ങളിൽ ഇവിടെ റിക്കാർഡ് മഴ രേഖപ്പെടുത്തിയിരുന്നു.

# ദക്ഷിണകൊറിയൻ ദമ്പതികളുടെ വിവാഹമോചനം; നഷ്ടപരിഹാരം 6230 കോടി രൂപ

സോൾ: 'നൂറ്റാണ്ടിലെ വിവാഹമോചന'മെന്ന് ദക്ഷിണകൊറിയൻ മാധ്യമങ്ങൾ വിശേഷിപ്പിച്ച കേസിൽ നഷ്ടപരിഹാരം 94,400 കോടി വോൺ (6230 കോടി രൂപയോളം).

പ്രമുഖ ദക്ഷിണകൊറിയൻ ടെക് വ്യവസായക്കമ്പനിയായ എസ്.കെ. ഗ്രൂപ്പിന്റെ ചെയർമാനും ശതകോടീശ്വരനുമായ ചേ തെയ് വോണും മുൻഭാര്യ റോ സോ യോങ്ങും തമ്മിലുള്ള വിവാഹമോചനക്കേസിലാണ് വിധി. സോൾ ഹൈക്കോടതിയിലാണ് റോ സോ യോങ്ങിന് ചേ ഞെട്ടിക്കുന്ന തുക നഷ്ടപരിഹാരം നൽകണമെന്ന് ജൂലൈ 24-ന് വിധിച്ചത്. മുൻ ദക്ഷിണകൊറിയൻ പ്രസിഡന്റ് റോ തേവൂവിന്റെ മകളായ യോങ്, സോൾ ആർട്ട് മ്യൂസിയത്തിന്റെ ഡയറക്ടറാണ്.

1988-ലാണ് ചേയും യോങ്ങും വിവാഹിതരായത്. ഇരുവർക്കും മൂന്ന് മക്കളുമുണ്ട്. തനിക്ക് മറ്റൊരു സ്ത്രീയുമായി അതിലൊരു കുട്ടിയുണ്ടെന്നും വെളിപ്പെടുത്തിയതിനുപിന്നാലെ 2017-ലാണ് ചേ വിവാഹമോചനക്കേസ് ഫയൽചെയ്യുന്നത്.

കഴിഞ്ഞവർഷം കേസിൽ സോൾ ഹൈക്കോടതി 1.38 വോൺ നഷ്ടപരിഹാരവും 200 കോടി വോൺ ജീവനാംശവും വിധിച്ചിരുന്നു. റോ തേ വൂ പ്രസിഡന്റായിരുന്ന കാലത്ത് രഹസ്യമായി സമ്പാദിച്ചെന്നാരോപിക്കുന്ന 3,000 കോടി വോൺ എസ്.കെ. ഗ്രൂപ്പിന്റെ വളർച്ചയ്ക്ക് സഹായകമായെന്ന വാദം അംഗീകരിച്ചായിരുന്നു അത്. എന്നാൽ, ആ വിധി റദ്ദാക്കിയ സുപ്രീംകോടതി കേസ് വീണ്ടും പരിഗണിക്കാൻ ഹൈക്കോടതിയോട് ഉത്തരവിടുകയായിരുന്നു.

സമീപമാസങ്ങളിലായി ചേയുടെ ആസ്തിയിൽ വൻകുതിപ്പാണുണ്ടായത്. ആഗോളതലത്തിൽ എ.ഐ. രംഗത്തുണ്ടായ കുതിപ്പിനെത്തുടർന്ന് എസ്.കെ. ഗ്രൂപ്പിനുകീഴിലെ സെമികണ്ടക്ടർ സ്ഥാപനമായ എസ്.കെ. ഹൈനിക്സിന്റെ ഓഹരിയിൽ വലിയ വളർച്ചയുണ്ടായി.

# നീറ്റ് പരീക്ഷയുടെ സുതാര്യത ഉറപ്പാക്കണം: സുപ്രീംകോടതി

ന്യൂഡൽഹി: പരീക്ഷാ ക്രമക്കേടുകളും ചോദ്യപേപ്പർ ചോർച്ചയും തടഞ്ഞ് മെഡിക്കൽ പ്രവേശനപരീക്ഷയായ നീറ്റിന്റെ സുതാര്യത ഉറപ്പാക്കാൻ സമഗ്രമായ നടപടികൾ സ്വീകരിക്കണമെന്നു കേന്ദ്രസർക്കാരിനോട് സുപ്രീംകോടതി നിർദേശം. താത്കാലിക പരിഹാരങ്ങൾക്കപ്പുറം വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാൻ ദീർഘകാല സുരക്ഷാ മുൻകരുകലുകളും ഘടനാപരമായ മാറ്റങ്ങളും ആവശ്യമാണെന്നും ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അലോക് അരാധെ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. വിഷയം സർക്കാർ ഗൗരവമായി കാണുന്നുണ്ടെന്നും അച്ചടിശാല മുതൽ വിദ്യാർത്ഥികളുടെ കൈയിൽ ചോദ്യപേപ്പർ എത്തുന്നതുവരെ എല്ലാ ഘട്ടങ്ങളും സുരക്ഷിതമാക്കാൻ നടപടികൾ പുരോഗമിക്കുന്നതായും കേന്ദ്രസർക്കാരിനുവേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ അറിയിച്ചു. എൻടിഎ നവീകരിക്കാൻ സുപ്രീംകോടതി നിർദേശപ്രകാരം നേരത്തേ നിയോഗിച്ച രാധാകൃഷ്ണൻ കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ പൂർണമായും അംഗീകരിച്ചതായി അദ്ദേഹം അറിയിച്ചു.

ഭാവിയിൽ ചോദ്യപേപ്പർ ചോർച്ച തടയാനുള്ള കൃത്യമായ നിർദേശങ്ങൾ, പരീക്ഷ കംപ്യൂട്ടർ അധിഷ്ഠിത രീതിയിലേക്കു മാറ്റാനുള്ള സാധ്യതകൾ, സൈബർ സുരക്ഷ എന്നിവ വ്യക്തമാക്കിക്കൊണ്ട് വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ കേന്ദ്രത്തോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥിതിഗതികൾ പൂർണമായും നിരീക്ഷിക്കുമെന്നും ബെഞ്ച് അറിയിച്ചു.

# എൻടിഎയിൽ 47 പേരെ പിരിച്ചുവിട്ടു

ന്യൂഡൽഹി: ധർമേന്ദ്ര പ്രധാന്റെ രാജിക്കായി മുറവിളിയുയരുമ്പോഴും ദേശീയ പരീക്ഷാ ഏജൻസിയിൽ (എൻടിഎ) അഴിച്ചുപണി നടത്തി തടിതപ്പാൻ കേന്ദ്രസർക്കാർ. 47 ഉദ്യോഗസ്ഥരെയാണ് ജൂലൈ 24-ന് പിരിച്ചുവിട്ടത്. കരാർ, ഡപ്യൂട്ടേഷൻ ജീവനക്കാരാണ് എൻടിഎയിൽ ഭൂരിഭാഗവും. പിരിച്ചുവിട്ടവരിൽ ചിലർക്കെതിരെ ക്രിമിനൽ നടപടികൾവരെ സ്വീകരിക്കാൻ ഒരുങ്ങുന്നതായും വിവരമുണ്ട്. നീറ്റ് പരീക്ഷാ ക്രമക്കേടിൽ എൻടിഎ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്നു പരോക്ഷമായി സമ്മതിക്കുന്നതിനു തുല്യമാണിതെന്നാണ് വിലയിരുത്തൽ.

കൂട്ടപ്പിരിച്ചുവിടലിനു തൊട്ടുപിന്നാലെ നാല് ജനറൽ മാനേജർമാരെയും 16 യങ് പ്രൊഫഷണലുകളെയും നിയമിക്കുന്നതിനായി പരസ്യവും പ്രസിദ്ധീകരിച്ചു. കരാർ അടിസ്ഥാനത്തിലാണ് നിയമനം. എൻടിഎയുടെ കീഴിലുള്ള 10 വിഭാഗങ്ങളിലേക്കും കൂടുതൽ നിയമനവും നടത്തും. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി വിനീത് ജോഷിയെ പഞ്ചായത്ത് രാജ് മന്ത്രാലയത്തിലേക്കു സ്ഥലം മാറ്റിയതിനു തൊട്ടുപിന്നാലെയാണ് കൂട്ടപ്പിരിച്ചുവിടൽ.

എൻടിഎയുടെ പ്രവർത്തനം ഇതുപോലെ തുടരാനാകില്ലെന്നു സുപ്രീംകോടതി വിമർശനം ഉന്നയിച്ചിരുന്നു.

# സമസ്ത ജനറൽ സെക്രട്ടറി കെ. ആലിക്കുട്ടി മുസല്യാർ അന്തരിച്ചു



മലപ്പുറം: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറിയും പ്രമുഖ പണ്ഡിതനുമായ കെ. ആലിക്കുട്ടി മുസല്യാർ (81) അന്തരിച്ചു. സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് വൈസ് പ്രസിഡന്റ്, സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്, കേരള ഹജ് കമ്മിറ്റി മുൻ ചെയർമാൻ, കേന്ദ്ര ഹജ് കമ്മിറ്റി മുൻ വൈസ് ചെയർമാൻ, പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിയ്യ പ്രിൻസിപ്പൽ എന്നീ പദവികളും വഹിച്ചു.

2016-ൽ ആണ് അദ്ദേഹം സമസ്തയുടെ അഞ്ചാമത്തെ ജനറൽ സെക്രട്ടറിയായത്. ഓൾ ഇന്ത്യ മുസ്ലിം വ്യക്തിനിയമ ബോർഡിൽ 2008 മുതൽ അംഗമാണ്. ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (ഇഫ്ളു) സിലബസ് രൂപീകരണ സമിതിയിലും മുസ്ലിം വേൾഡ് ലീഗ് ഫിഖ്ഹ് കൗൺസിലിലും അംഗമായിരുന്നു. 1945-ൽ മലപ്പുറം ഇരുമ്പുഴി തെക്കുംമുറിയിൽ തിരൂർക്കാട് കുന്നത്ത് മൂസ ഹാജിയുടെയും ഇയ്യാത്തുട്ടി മാടമ്പിയുടെയും മകനായാണു ജനനം. ഭാര്യമാർ: ഫാത്തിമ ഇരുമ്പുഴി, നഫീസ അരീക്കോട്. മക്കൾ: മൂസ ഫൈസി, ഖദീജ, സൈനബ, മൈമൂന, മറിയം, ഹഫ്സത്ത്, അബൂബക്കർ. മരുമക്കൾ: സക്കിയ, സലാം ഫൈസി, സലാം ദാരിമി, അബ്ദുറഹിമാൻ ദാരിമി, ളിയാഉദ്ദീൻ ഫൈസി, ഹബീബുല്ല ഫൈസി പള്ളിപ്പുറം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.86 |
| യൂറോ | 109.34 |
| സ്റ്റെർലിംഗ്പൗണ്ട് | 127.83 |
| സ്വിസ് ഫ്രാങ്ക് | 117.74 |
| സിംഗപ്പൂർ ഡോളർ | 74.37 |
| കനേഡിയൻ ഡോളർ | 68.01 |
| ഒമാൻ റിയാൽ | 249.31 |
| ബഹ്റൈൻ ദിനാർ | 254.86 |
| സൗദി റിയാൽ | 25.58 |
| യു.എ.ഇ. ദിർഹം | 26.20 |
| കുവൈത്ത് ദിനാർ | 309.01 |

# കേന്ദ്ര മോട്ടോർ വാഹനചട്ടം പരിഷ്കരിച്ച് ഗതാഗത മന്ത്രാലയം

ന്യൂഡൽഹി: ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ അടയ്ക്കാത്തവർക്ക് ഇനി വാഹന, ഡ്രൈവിങ് ലൈസൻസ് സേവനങ്ങൾ തടസ്സപ്പെടും. കേന്ദ്ര മോട്ടോർ വാഹന ചട്ടം (1989) പരിഷ്കരിച്ച് ഗതാഗത മന്ത്രാലയം പുറത്തിറക്കിയ കരട് വിജ്ഞാപനത്തിലാണ് പുതിയ ചട്ടം കൂട്ടിച്ചേർത്തത്.

പിഴ അടയ്ക്കാത്ത വാഹനങ്ങളെ പരിവഹൻ പോർട്ടലിൽ 'നോട്ട് ടു ബിട്രാൻസാക്റ്റഡ്' എന്നു രേഖപ്പെടുത്താനാണ് നിർദേശം. ഇതോടെ വാഹനത്തിന്റെ പുക പരിശോധന, രജിസ്ട്രേഷൻ പുതുക്കൽ, ഉടമയുടെ ഡ്രൈവിങ് ലൈസൻസ് പുതുക്കൽ തുടങ്ങിയ അപേക്ഷകൾ അധികൃതർ പരിഗണിക്കില്ല. പിഴ പൂർണമായും അടച്ചാൽ മാത്രമേ സേവനങ്ങൾ ലഭ്യമാകൂ.

കുടിശികയുള്ള കാര്യം വാഹന ഉടമയ്ക്ക് ഇ-മെയിൽ/എസ്എംഎസ് വഴി ലഭിക്കും. പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിനകം ട്രാഫിക് പിഴകൾ തീർപ്പാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും കരടിൽ നിർദേശിക്കുന്നു.



# Chavara Matrimony.com

Connecting Hearts since 1996




**Fr. Anil Philip CMI**, Director | **Johnson C Abraham**, Executive Director

## Groom

Syrian Catholic,30,163cm,Pharm.D, Diploma in Chemical Laboratory Analysis,Working as Chemical Laboratory Technician in Canada. Residing Canada with Work permit. Looking for a Gentle, loyal, kind, loving and God fearing partner preferably in Canada. . **ChavaraMatrimony ID: CM1248184. Ph. +1 73273 77817.**

Knanaya Catholic,27,152 cm,B.Tech Civil Engg., 2PG Certificates. working as an Environmental Lab Technician in Canada. Native of Kottayam, Work Permit in Canada. Looking for Professionally Qualified preferably working Abroad. **ChavaraMatrimony ID: CM1252978. Ph. +1 73273 77817.**

Marthomite,28,161cm,B.Sc Nursing, Working as Registered Nurse in USA. Native of Pathanamthitta, Residing at USA, PR holder. Looking for qualified and employed Partner. **ChavaraMatrimony ID: CM1239749. Ph. +1 73273 77817.**

Syrian Catholic,27,160cm, Higher Secondary.,Working as a Cashier in USA.Native of Kottayam, settled in USA.Looking for a suitable Partner. **ChavaraMatrimony ID: CM1242367. Ph. +1 73273 77817.**

Syrian Catholic,26,152cm,MA Health Industry Administration,Working as Privacy & Compliance in Healthcare in Canada. Looking for educated and employed life partner preferebaly in USAvor Canada. **ChavaraMatrimony ID: CM1242711. Ph. +1 73273 77817.**


Syrian Catholic,27,164cm, MBA, Physician Assistant(PA-C),Working as a, Physician Assistant Govt. USA. Looking for Educated, family oriented with clean manners, religious and sincere behavior. Prefer persons from New York and nearby states or willing to relocate. **ChavaraMatrimony ID: CM1022248. Ph. +1 73273 77817.**

Syrian Catholic,27,153cm,B.Pharm, M.Sc.Working as a Pharmacist in Australia. Native of Kottayam, settled in Australia. Seeking a partner who is a Catholic, God-fearing, and commit ted to a Christ-centered marriage. Preferably of Indian origin, raised in a Western country, or and open to settling in Australia. **ChavaraMatrimony ID: CM1126005. Ph. +1 73273 77817.**

Knanaya Catholic,24,157 cm, BSW student in USA. Upper middle class Family, US born Malayalee.Looking for a suitable Partner. **ChavaraMatrimony ID: CM1225331. Ph. +1 73273 77817.**

Syrian Catholic,25,175cm, Bachelor's in Liberal Arts, Working as a Teacher in USA. Upper middle class family settled in USA. Looking for a educated and employed partner. **ChavaraMatrimony ID: CM1256322. Ph. +1 73273 77817.**

Syrian Catholic,32,157cm, B.Sc Nursing,Working as Mental Health Nurse- UK. Native of Kottayam. Looking for employed partner preferably in UK. **ChavaraMatrimony ID: CM1259067. Ph. +1 73273 77817**




## Bride

Syrian Catholic,29,170cm, Bachelors in Applied Science, Working with American Airlines in USA. Upper middle class Family, Born and brought up in Catholic faith. Based in USA and US citizen. Native of Kottayam. Looking for God fearing and willing to move to USA. **ChavaraMatrimony ID: CM1250150. Ph. +1 73273 77817**

Syrian Catholic,36,170cm,B.Tech Civil Engg.,Working as a Quality Lead in Canada with Work permit. Native of Thrissur. Looking for a Suitable partner preferably in Canada, New Zealand, Switzerland, USA. **Chavaramatrimony ID: CM1251437. Ph. +1 73273 77817**

Syrian Catholic,27,180cm,B.Tech Mech.Engg.,Quality Engg.Mgnt., Working as Assistant Team Leader in Canada. Upper Middle class Family,Native of Thrissur, residing at Canada with Work permit. Looking for a Suitable life Partner. . **Chavaramatrimony ID: CM1250149. Ph. +1 73273 77817**

Syrian Catholic,26,178cm,BBA Finance, Working as Tax Regional Support Lead in USA. Native of Kottayam, settled in USA. Looking for Educated and employed life partner. **Chavaramatrimony ID: CM1250805. Ph. +1 73273 77817**

Syrian Catholic,28,183cm,B.Tech Mech.Engg.,Masters in Aerospace Engg., CPL, Working as Piolt in Canada. Upper middle class family, settled in Canada. . Looking for Educated partner. **Chavaramatrimony ID: CM1251313. Ph. +1 73273 77817**

Latin Catholic,28,168cm,Diploma in Auromotive Engg.,Working as a Screening Officer in Canadian Air Transport Security Authority. Native of Cochin. Looking for a Suitable Partner. **Chavaramatrimony ID: CM1176647. Ph. +1 73273 77817**

Syrian Catholic,28,178cm, B.Tech Mech.Engg., Working as Data Analyst in USA. Upper middle class Family, Native of Kasaragod. We hope to find a partner who can build a loving and peaceful life. should be willing to relocate and live in the USA after marriage. **Chavaramatrimony ID: CM1223238. Ph. +1 73273 77817**

Syrian Catholic,26,171cm,MBA, Working as Team Lead in UK. Upper middle class family,Native of Kottayam. Looking for Educated and Employed partner in USA only. **Chavaramatrimony ID: CM1245492. Ph. +1 73273 77817**

Syrian Catholic,32,172cm,B.Sc IT, Working as Business Analyst in USA. Upper Middle class family, settled in USA. Looking for a God fearing, loving and caring partner settled in USA. **Chavaramatrimony ID: CM1253534. Ph. +1 73273 77817**

Syrian Catholic,26,168cm,B.Tech CS, Doing M.Tech Cyber Security, Working as an Analyst in Australia. Upper middle class Family, Native of Karnataka. Looking for a caring companion who believes in building a loving, peaceful, and God-centred family. **Chavaramatrimony ID: CM1253589. Ph. +1 73273 77817**

**Chavara Family Welfare Centre**

സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു

H.O Chavara Cultural Centre, Kochi

99617 44444 | 0484 40 80 333 | 1800 103 4080

32 Branches in Kerala, Bangalore, Chennai, Mumbai, Delhi & USA

1000, Woodbridge Center Drive, Woodbridge, New Jersey, NJ 07095, USA

**NEW JERSEY, USA: +1 732 737 7817**

Call us — Ms. Simmy Elizabeth, USA Coordinator — **+91 93499 10776**

Scan QR Code to Register Your Profile

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

# SEEKING BRIDEGROOM CONTD.....

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# നിര്യാതരായി

## വി.പി. ഏബ്രഹാം

**കളമ്പൂർ:** ഗവ. സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ വൈപ്പേൽ വി.പി. ഏബ്രഹാം (90) അന്തരിച്ചു. ഭാര്യ കൊങ്ങാണ്ടൂർ വഴിയമ്പലത്തിങ്കൽ അന്നമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: സാജു (എസ്ബിഐ റിട്ട, ഉദ്യോഗസ്ഥൻ), സാബു (യുഎസ്), സാം (കൊച്ചിൻ പോർട്ട് ട്രസ്റ്റ്), സാനു, സൈന (ഇരുവരും റിട്ട. അദ്ധ്യാപകർ). മരുമക്കൾ: കൈപ്പുഴകണ്ണാലയിൽ ഷാന്റി (റിട്ട. അദ്ധ്യാപിക), കടപ്ലാമറ്റം മണ്ണത്തുമാക്കിയിൽ ജാൻസി (യുഎസ്), എറണാകുളം ആനിമൂട്ടിൽ ബിന്ദു, ഉഴവൂർ താഴത്തുകണ്ടത്തിൽ റൂബി (കാനഡ), ചുള്ളിയോട് പള്ളിപ്പുറത്ത് പരേതനായ ഫ്രാൻസിസ്.

**എസ്.എൻ.പുരം:** മുനിസിപ്പാലിറ്റി റിട്ട. ഉദ്യോഗസ്ഥൻ കൊച്ചുമാളിയേക്കൽ ടി.എൻ. വിജയൻ (84) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവി കരിപ്പാപ്പറമ്പിൽ പ്രഫ. ജോസഫ് മൈക്കിൾ (95) അന്തരിച്ചു.

## ജോർജ് വർക്കി

**മായനാട്:** വിമുക്തഭടനും എജി ഓഫീസ് റിട്ട. ഉദ്യോഗസ്ഥനുമായ ജോർജ് വർക്കി മുണ്ടയ്ക്കൽ (86) അന്തരിച്ചു. ഭാര്യ മേരി (റിട്ട. ഹെഡ് നേഴ്സ് കോഴിക്കോട് മെഡിക്കൽ കോളജ്). മക്കൾ: ഫെലിക്സ്, സീമ (ഇരുവരും യുഎസ്).

**നെടുങ്കുന്നം:** തേജോ എൻജിനീയറിങ് മുൻ ചെയർമാൻ കുമ്പുളുവേലിൽ ( പെകാവിൽ) കെ.ജെ. ജോസഫ് (95) ചെന്നൈയിൽ അന്തരിച്ചു.

**ദൈവംപടി:** കിഴക്കേ ചെത്തിപ്പുഴ കെ.സി. സെബാസ്റ്റ്യൻ (ബേബിച്ചൻ-77) അന്തരിച്ചു.

**പുതുപ്പള്ളി:** എംആർഎഫ് മുൻ ജീവനക്കാരൻ വെട്ടത്തുകവല മുളവനാൽ എം.വി. വേണുഗോപാലൻ നായർ (69) അന്തരിച്ചു.

**ഇത്തിത്താനം:** വിമുക്തഭടൻ കോച്ചേരിൽ വീട്ടിൽ കെ.ജെ. തോമസ് (92) അന്തരിച്ചു.

**പാക്കിൽ:** അങ്കശേരിൽ പുത്തൻപുരയ്ക്കൽ പി.ടി. മർക്കോസ് (91) അന്തരിച്ചു.

## ജോൺസൺ പി. ഏബ്രഹാം

**സൗത്ത് പാമ്പാടി:** പറമ്പുകാട്ടിൽ വീട്ടിൽ ജോൺസൺ പി. ഏബ്രഹാം (74) അന്തരിച്ചു. ന്യൂഡൽഹി ഓക്സ്ഫഡ് ഐബിഎച്ച് പബ്ലീഷിങ് കമ്പനി ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ കുഞ്ഞുമോൾ ജോൺസൺ (കേന്ദ്ര മന്ത്രാലയം റിട്ട. ഉദ്യോഗസ്ഥ). മക്കൾ: ഡോണി ജോൺസൺ (ന്യൂജേഴ്സി), എബി ജോൺസൺ (ന്യൂഡൽഹി). മരുമക്കൾ: പുന്നൂസ് പുള്ളോലിക്കൽ (കങ്ങഴ), ടിനി (മാങ്ങാനം).

## ലില്ലിക്കുട്ടി മാത്യൂസ്

**മല്ലപ്പള്ളി:** തുണ്ടിയംകുളത്ത് ലില്ലിക്കുട്ടി മാത്യു (94) അന്തരിച്ചു. ഭർത്താവ് പരേതനായ ടി.എം. മാത്യൂസ് (കല്ലൂപ്പാറ പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട്). മക്കൾ: മോഹൻ (റിട്ട. എസ്ബിഐ മാനേജർ), ലൈല, റോയ് (യുഎസ്), രാജൻ (കുവൈറ്റ്), റെജി (യുഎസ്). മരുമക്കൾ: തിരുവല്ല കുരിശുമൂട്ടിൽ സോമി, അയിരൂർ പഞ്ഞിക്കാട്ടിൽ ബാബു, അടൂർ നെല്ലിമൂട്ടിൽ ബിനു (യുഎസ്), അഞ്ചൽ വയലുമണ്ണിൽ ലൗവ്സി (കുവൈറ്റ്), കായംകുളം കുറ്റിക്കാട്ട് സിബു കോട്ടേജിൽ സിലി (യുഎസ്).

**കൊല്ലം:** പ്രമുഖ വ്യവസായിയും അസോസിയേറ്റ് ഇൻഡസ്ട്രിയൽ എൻജിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ് ഗ്രൂപ്പിന്റെ മാനേജിങ് ഡയറക്ടർ ജവഹർ ജംഗ്ഷൻ ആശാവിഹാറിൽ പി.എ. സക്കറിയ (85) അന്തരിച്ചു.

**ചോഴിയക്കാട്:** കുറ്റൂർ ഇടശ്ശേരിയത്ത് പരേതനായ സണ്ണി ജോസഫിന്റെയും ജോളി ജോസഫിന്റെയും മകൻ ജുബിൻ ജോസഫ് (31) അന്തരിച്ചു.

**പഴയിടം:** ചേനപ്പാടി വടക്കേ തകടിയേൽ വി.സി. ജോസഫ് (പുളിക്കൽ അപ്പച്ചൻ-83) അന്തരിച്ചു.

**മാലം:** തുരുത്തിപ്പറമ്പിലായ കുളപ്പുറത്ത് ബിൻസി ബിനോയി (50) അന്തരിച്ചു.

**കുമളി:** റിട്ട. ഡപ്യൂട്ടി തഹസിൽദാർ അട്ടപ്പള്ളം തകിടിപ്പുറത്ത് ടി.സി. ചെറിയാൻ (70) അന്തരിച്ചു.

**കൊല്ലാട്:** കറുകയിൽ റിനി പയസ് (44) അന്തരിച്ചു.

## സാറാമ്മ ഏബ്രഹാം

**മല്ലപ്പള്ളി വെസ്റ്റ്:** പരിയാരം എം.ടി. എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക മാറ്റാട്ടിക്കൽ സാറാമ്മ ഏബ്രഹാം (91) അന്തരിച്ചു. കോഴഞ്ചേരി കീഴുകര ചാലുകുന്നേൽ കുടുംബാംഗമാണ്. ഭർത്താവ് എം.എൻ. നൈനാൻ. മക്കൾ: നൈനാൻ വത്സൻ (റിട്ട. ബിഎസ്എൻഎൽ), നെൽസൻ (യുഎസ്), സൂസൻ, സോഫി. മരുമക്കൾ: മേരിക്കുട്ടി വത്സൻ, വിനീത നെൽസൻ (യുഎസ്), കുഴിക്കാല മുക്കൂട്ടിൽ തോമസ് എം. മാത്യു, അടൂർ ഓലിക്കൽ ബഥേലിൽ തോമസ് വർഗീസ്.

**തിരുവാങ്കുളം:** വൈഎംസിഎ കേരള റീജിയൻ ട്രഷററും കൊച്ചി റീജനൽ പാസ്പോർട്ട് ഓഫീസ് റിട്ട.സൂപ്രണ്ടുമായിരുന്ന ചെട്ടിയാട്ട് മറ്റക്കുഴി സി.ഐ. ചാക്കോ (83) അന്തരിച്ചു.

**തൊടുപുഴ:** മുട്ടം പഞ്ചായത്ത് എൽപി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക നടുക്കണ്ടം തോട്ടുങ്കൽ പറമ്പിൽ കെ.സി. മേരി (83) അന്തരിച്ചു.

**പുതുപ്പരിയാരം:** പേടിക്കാട്ടുകുന്നേൽ വർഗീസ് ജോസഫ് (ഷാജിമോൻ-58) അന്തരിച്ചു.

**കടനാട്:** കാരിശ്ശേരിൽ ഫ്രാൻസിസ് കുര്യാക്കോസ് (കുന്നേത്താഴെ ഫ്രാഞ്ചി പാപ്പൻ-79) അന്തരിച്ചു.

## ഡോ. ടി.കെ. ജോസ്

**ചാലക്കുടി:** കേരളത്തിന്റെ ക്ഷീര മേഖലയിലും മൃഗസംരക്ഷണ രംഗത്തും വിപ്ലവകരമായ മാറ്റങ്ങൾക്ക് അടിത്തറയിട്ട പ്രമുഖ വെറ്ററിനറി വിദഗ്ദ്ധനും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മുൻ ഡയറക്ടറും കേരള ഫീഡ്സ് ലിമിറ്റഡിന്റെ സ്ഥാപക എംഡിയുമായ കാരൂർ തോട്ടാപ്പിള്ളി ഡോ. ടി.കെ. ജോസ് (85) അന്തരിച്ചു. ഭാര്യ തങ്കമ്മ. മക്കൾ: ജെയ്ബി, ഡോ. ജെയ്ഷി (യുഎസ്). മരുമക്കൾ: നിമ്മി മൊയലൻ, ബോബി ജോസഫ് പുത്തൻവീട്ടിൽ.

**പെരുന്ന:** എൻഎസ്എസ് എച്ച്എസ് റിട്ട. അദ്ധ്യാപിക പെരുന്ന ശ്രീനിലയത്തിൽ രാധാമണി ദേവി (കൊച്ചോമന-90) അന്തരിച്ചു.

**തോക്കുപാറ:** പള്ളിവാസൽ പഞ്ചായത്ത് റിട്ട. സെക്രട്ടറി കൈവിളങ്ങാട്ട് കെ.വി. ആന്റണി (80) അന്തരിച്ചു.

**ആലക്കോട്:** വിളക്കന്നൂർ ക്രിസ്തുരാജ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനിടെ ദിവ്യകാരുണ്യ അത്ഭുതം സംഭവിച്ച തലശ്ശേരി അതിരൂപതാംഗം ഫാ. തോമസ് പതിക്കൽ (73) അന്തരിച്ചു.

**കൊട്ടാരക്കര:** വാളകം അമ്പലക്കര കളീലഴികത്ത് വീട്ടിൽ സാലി സൈമൺ (66) ഡൽഹിയിൽ അന്തരിച്ചു.

**മണർകാട്:** പാടത്തുമാപ്പിള കുടുംബാംഗമായ കിഴക്കേകാലായിൽ പി.കെ. ചാണ്ടി (ജോയി പാലക്കൽ-85) അന്തരിച്ചു.

## തോമസ് സി. ജോസഫ്

**മുട്ടാർ:** ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് റിട്ട. പ്രിൻസിപ്പൽ സെക്രട്ടറി ചിറയിൽപറമ്പിൽ തോമസ് സി. ജോസഫ് (തോമാച്ചൻ-72) അന്തരിച്ചു. മുട്ടാർ സർവീസ് സഹകരണസംഘം ബോർഡംഗം, കേരള കോൺഗ്രസ് മുട്ടാർ മണ്ഡലം പ്രസിഡണ്ട്, ചാസ് മുട്ടാർ യൂണിറ്റ് സെക്രട്ടറി, സ്മാർട്ട് മുട്ടാർ പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ വെളിയനാട് പഞ്ചാരയിൽ ഷാജി തോമസ്. മക്കൾ: ജോസഫ് തോമസ് (മൗറീഷ്യസ്), മീരാ തോമസ് (യുഎസ്), മാത്യു തോമസ് (ഓസ്ട്രേലിയ). മരുമക്കൾ: അഞ്ജന ജോസഫ് ഞാവള്ളി പഴയിടം (തൊടുപുഴ), കൊച്ചി അടിപുഴ പ്രശാന്ത് മാത്യു (യുഎസ്), ജെസി മാത്യു മാമൂട്ടിൽ (തലവടി).

## ശോശാമ്മ ജോർജ്



**മാവേലിക്കര:** വിദ്യാഭ്യാസ വകുപ്പ് റിട്ട. സീനിയർ സൂപ്രണ്ട് പത്തിച്ചിറ മാമൂട്ടിൽ ശോശാമ്മ ജോർജ് (94) അന്തരിച്ചു. തിരുവല്ല വലിയ പുതുശ്ശേരിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.സി. ജോർജ്. മക്കൾ: സൂസൻ രാജു വർഗീസ് (ന്യൂയോർക്ക്), പ്രഫ. ഡോ. ജേക്കബ് ജോർജ് (റിട്ട. പ്രഫ. മൗണ്ട് താബോർ ട്രെയിനിങ് കോളജ് പത്തനാപുരം), വർഗീസ് ജോർജ്. മരുമക്കൾ: ഫാ. ഡോ. രാജു വർഗീസ് കുളങ്ങര (ന്യൂയോർക്ക്), ഡോ. ബീന ജോൺ (അടൂർ), ഷീന ആനി വർഗീസ് (പുതുപ്പള്ളി).

**തൊമ്മൻകുത്ത്:** തോട്ടത്തുമ്യാലിൽ തൊമ്മൻ മത്തായി (100) അന്തരിച്ചു.

**ചങ്ങനാശേരി:** കൊടിനാട്ടുംകുന്ന് കടുക്കാമൂട്ടിൽ ഏലിയാമ്മ വർഗീസ് (91) അന്തരിച്ചു.

**ചങ്ങനാശേരി:** കൂനന്താനത്ത് പുത്തൻപുരയ്ക്കൽ റോസമ്മ കുര്യൻ (94) അന്തരിച്ചു.

**മണർകാട്:** കാഞ്ഞിരത്തുംമൂട്ടിൽ റിട്ട. ഹെഡ്മിസ്ട്രസ് ഇ.കെ. സൂസമ്മ (86) അന്തരിച്ചു.

**വാകത്താനം:** കരപ്പാറ വെട്ടിയിൽ കെ.പി. പുന്നൂസ് (അച്ചൻകുഞ്ഞ്-78) അന്തരിച്ചു.

**തലയോലപ്പറമ്പ്:** പുവക്കോട്ടിൽ പി.വി. സണ്ണി (60) അന്തരിച്ചു.

**അതിരമ്പുഴ:** മാറാമ്പിൽ തടത്തിൽ സന്തോഷ് കുര്യൻ (46) അന്തരിച്ചു.

## പി.എം. ജോർജ്

**ഇടയപ്പാറ:** വിമുക്തഭടൻ പള്ളിവാതുക്കൽ പി.എം. ജോർജ് (84) അന്തരിച്ചു. ഭാര്യ സാറാമ്മ ജോർജ് പൊട്ടുകുളം. മക്കൾ: ജോൺ മാത്യു (യുഎസ്), ജോജി പി. മാത്യു (പ്രഫസർ കെബിസി). മരുമക്കൾ: ഹെതർ (യുഎസ്), ജോത്സന ലെങ്ക.

## ജോർജ് ചെറിയാൻ

**വയലത്തല:** എൽആൻഡ്ടി മുൻ ഉദ്യോഗസ്ഥൻ ചാക്കപ്പാലം നടുവിലേമുറിയിൽ ജോർജ് ചെറിയാൻ (88) അന്തരിച്ചു. ഭാര്യ. വയലത്തല ഓലിക്കൽ എത്സി ജോർജ്. മക്കൾ: ബിന്നി ജോർജ് (ദുബായ്), എബി ജോർജ് (യുഎസ്). മരുമക്കൾ: എബി ബിന്നി (വാകത്താനം).

**കോട്ടയം:** ഈരയിൽകടവ് ഉള്ളാപ്പള്ളിൽ ജെൻസൺ ജോസഫ് അമ്പൂരാൻ (58) അന്തരിച്ചു.

**കോലഞ്ചേരി:** പാലയ്ക്കാമറ്റം കുന്നത്ത് പുതുവാൽ കെ.പി. മാത്യു (84) അന്തരിച്ചു.

**ചിങ്ങവനം:** ക്നാനായ യാക്കോബായ സഭയിലെ മുതിർന്ന വൈദികൻ ഫാ. പി.ടി. മാത്യു പയ്യനാട്ട് (80) അന്തരിച്ചു.

## ജയമോൾ ഫിലിപ്പ്

**റാന്നി:** ഐത്തല താമരപ്പള്ളിൽ (പരുത്തിക്കാട്) ജയമോൾ ഫിലിപ്പ് (77) അന്തരിച്ചു. വെളിയനാട് വലിയപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ റിട്ട. പ്രഫ. ടി.പി. ഫിലിപ്പ്. മക്കൾ: ജെനി ജേക്കബ്, ജിക്കു ഫിലിപ്പ് (ഇരുവരും യുഎസ്), അനീഷ രൂപക് (ദുബായ്). മരുമക്കൾ: ഇടവഴിക്കൽ ജിജി, കല്ലംപറമ്പിൽ തങ്കം (ഇരുവരും (യുഎസ്), കേളചന്ദ്ര രൂപക് (ദുബായ്).

**ചാങ്ങോടി:** മുണ്ടുകോട്ട കോട്ടപ്പുഴയ്ക്കൽ ലൈജു സെബാസ്റ്റ്യൻ (57) അന്തരിച്ചു.

**ആർപ്പൂക്കര:** പിണഞ്ചിറക്കുഴി വലിയവെളിച്ചം വർഗീസിന്റെയും ലൈലയുടെയും മകൾ ഡിലു സാറ വർഗീസ് (32) അന്തരിച്ചു.

**കൂടല്ലൂർ:** ഇഞ്ചിപ്പറമ്പിൽ പനച്ചിക്കൽ ഏലിയാമ്മ ചെറിയാൻ (90) അന്തരിച്ചു.

## പ്രഫ. മാത്യു എം. മാളിയേക്കൽ

**തൊടുപുഴ:** ന്യൂമാൻ കോളജ് റിട്ട. പ്രഫസർ മാത്യു എം. മാളിയേക്കൽ (83) അന്തരിച്ചു. ഭാര്യ മുട്ടം പള്ളിവാതുക്കൽ പരേതയായ കുഞ്ഞമ്മ. മക്കൾ: ഡോ. സാനി (കുവൈറ്റ്), സനീഷ് (യുഎസ്), ജിം. മരുമക്കൾ: മിക്കി ഏബ്രഹാം പുലിക്കുന്നേൽ, ഡോൺ പാരിഷ് (യുഎസ്), അനു മാത്യു വെള്ളാത്തോട്ടം.

**തൃശൂർ:** നെന്മാറ എൻഎസ്എസ് കോളജ് റിട്ട. പ്രഫസർ പരേതനായ ഡോ. വി.എസ്. വാരിയരുടെയും ചേർപ്പ് സിഎൻഎൻ സ്കൂൾ റിട്ട. അദ്ധ്യാപിക അമ്മിണി വാരിയരുടെയും മകൻ പൂത്തോൾ സൗഭാഗ്യയിൽ രഘു വാരിയർ (57) അന്തരിച്ചു.

**ചാഞ്ഞോടി:** കൈനിക്കര കെ.എം. കുര്യാക്കോസ് (അപ്പച്ചൻ-82) അന്തരിച്ചു.

## മാർഗരറ്റ് സെബാസ്റ്റ്യൻ

മരുതോങ്കര: മംഗലശ്ശേരിയിൽ മാർഗരറ്റ് സെബാസ്റ്റ്യൻ (കുഞ്ഞമ്മ-77) അന്തരിച്ചു. കാഞ്ഞിരപ്പള്ളി ഇലവുങ്കൽ കുടുംബാംഗമാണ്. ഭർത്താവ് എം.സി. സെബാസ്റ്റ്യൻ. മക്കൾ: ബിനു സെബാസ്റ്റ്യൻ (യുഎസ്), ബിന്ദു സെബാസ്റ്റ്യൻ (ഡൽഹി), ബീന സോയപ്പൻ, ബിനി ജോയപ്പൻ (ഇരുവരും കോഴിക്കോട്). മരുമക്കൾ: സോണിയ ബിനു (യുഎസ്), രശ്മി ബിന്ദു (ഡൽഹി), സോയപ്പൻ സെബാസ്റ്റ്യൻ (കോഴിക്കോട്), ജോയപ്പൻ സെബാസ്റ്റ്യൻ (ദുബായ്).

**എസ്.എച്ച്. മൗണ്ട്:** മുളകുമറ്റത്തിൽ എം.സി. ചെറിയാൻ (എംജിഎം ചെറിയാൻ-88) അന്തരിച്ചു.

**പൊൻകുന്നം:** ആനക്കയം പന്തിരുവേലിൽ ഏലിയാമ്മ മാത്യു (96) അന്തരിച്ചു.

**തിരുവല്ല:** പൊടിയാടി കല്ലുങ്കൽ പുളിന്താനത്ത് തുണ്ടിയിൽ ഓമന (70) അന്തരിച്ചു.

**പാമ്പാടി:** വട്ടുകളം കുറ്റിക്കാട്ട് ഏലിയാമ്മ പീറ്റർ (86) അന്തരിച്ചു.

**ചെറുവള്ളി:** മാടത്താനിക്കുന്നേൽ അന്നമ്മ തോമസ് (ലില്ലിക്കുട്ടി-78) അന്തരിച്ചു.

## ചെറിയാൻ ഫിലിപ്പോസ് അന്തരിച്ചു



**ഡാളസ്:** ഡാളസ് സെ. തോമസ് ഓർത്തഡോക്സ് ചർച്ച് സ്ഥാപകാംഗങ്ങളിൽ ഒരാളായ ചെറിയാൻ ഫിലിപ്പോസ് (87) അന്തരിച്ചു. പത്തനംതിട്ട പെരുമ്പെട്ടി പനങ്ങാവില ചിറത്തലക്കൽ കുടുംബാംഗമാണ്. ഭാര്യ അന്ന ഫിലിപ്പോസ്. സംസ്കാരം ജൂലൈ 31-ന് വെള്ളിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ (Rolling Oaks Funeral Home, 400 Freeport Pkwy, Coppell, Tx 75019) ശുശ്രൂഷകൾക്കു ശേഷം റോളിങ് ഓക്സ് സെമിത്തേരിയിൽ നടക്കും.

## അന്നമ്മ തോമസ് അന്തരിച്ചു



**ബാംഗ്ലൂർ:** പ്രശസ്ത കൺവൻഷൻ പ്രഭാഷകനും ഐപിസി ഹെബ്രോൺ സഭയുടെ (ഒക്കലഹോമ) സീനിയർ പാസ്റ്ററും ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭ മിഡ് വെസ്റ്റ് റീജിയൻ പ്രസിഡണ്ടുമായ പാസ്റ്റർ ഷിബു തോമസിന്റെ മാതാവും പാസ്റ്റർ ടി.സി. തോമസിന്റെ ഭാര്യയുമായ അന്നമ്മ തോമസ് (79) ബെംഗ്ളൂരുവിൽ അന്തരിച്ചു. മക്കൾ: ഷേർലി ഏണസ്റ്റ് (ബാംഗ്ലൂർ), പാസ്റ്റർ ഷിബു തോമസ് (ഒക്കലഹോമ), ഷിജു തോമസ് (ബാംഗ്ലൂർ). മരുമക്കൾ: പാസ്റ്റർ ഏണസ്റ്റ് വി. ജോർജ് (സീനിയർ പാസ്റ്റർ, ഗാർഡൻ സിറ്റി ഇന്റർനാഷണൽ വർഷിപ്പ് സെന്റർ ബാംഗ്ലൂർ), രേഷ്മ ഷിബു (ഒക്കലഹോമ), റെറ്റി ഷിജു (ബാംഗ്ലൂർ).

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**
**USA: +1 630 728 7956**
**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

***Favors Received***



*Inserted by: Firm Believer, Dallas*

***Favors Received***



*Inserted by: Firm Believer, Dallas*

# LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

# വീടും സ്ഥലവും വില്പനയ്ക്ക്

തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Mob: 91 999 544 8337**

***Favors Received***



*Inserted by: Firm Believer, Chicago*

***Favors Received***



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**




# പൃഥ്വിരാജ് ചിത്രം ഖലീഫ ഉടൻ വരുന്നു

പൃഥ്വിരാജ് സുകുമാരൻ നായകനായെത്തുന്ന വൈശാഖ് ചിത്രം ഖലീഫ പ്രേക്ഷകർ വൻ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ഓഗസ്റ്റ് 20-ന് ഈ വർഷത്തെ ഓണം റിലീസായി എത്തുന്ന ചിത്രത്തിലെ പ്രണയ ഗാനം അസലായവളേ... അണിയറ പ്രവർത്തകർ പുറത്തുവിട്ടു. ഗാനം ഇപ്പോൾ സോഷ്യൽ മീഡിയകളിൽ വൈറലാണ്.

ഒരുപിടി ഹിറ്റ് ഗാനങ്ങൾ പ്രേക്ഷകർക്ക് സമ്മാനിച്ച ജേക്സ് ബിജോയ്-സിദ് ശ്രീറാം കൂട്ടുകെട്ടിൽ പിറന്ന ഈ ഗാനത്തിന് മുത്തുവാണ് വരികൾ ഒരുക്കിയത്. ഗാനം സിദ് ശ്രീറാമും മഖ്ബൂൽ മൻസൂറും ചേർന്നാണ് ആലപിച്ചത്. മലയാളികളെ ഒന്നടങ്കം ആവേശത്തിലാഴ്ത്തിയ നരിവേട്ടയിലെ മിന്നൽവളയും ഇഷ്ഖിലെ പറയുവാൻ എന്ന ഗാനവും ഇന്നും പ്രേക്ഷകരുടെ പ്ലേലിസ്റ്റിൽ മുൻനിരയിലാണ്. ഈ കൂട്ടത്തിലേക്ക് ഖലീഫയിലെ പുതിയ ഗാനംകൂടി സ്ഥാനം പിടിച്ചിരിക്കുകയാണ്.

ദുബായിൽ ചിത്രീകരണം പൂർത്തിയാക്കിയ ഖലീഫ രണ്ട് ഭാഗങ്ങളായാണ് റിലീസ് ചെയ്യുന്നത്. മാമ്പറയ്ക്കൽ ആമിർ അലി എന്ന കഥാപാത്രമായി പൃഥ്വിരാജ് എത്തുമ്പോൾ മാമ്പറയ്ക്കൽ അഹമ്മദ് അലിയായി മലയാളത്തിന്റെ ഇതിഹാസം മോഹൻലാലാണ് അതിഥി വേഷത്തിൽ എത്തുന്നത്. മാളവിക ശർമയാണ് ചിത്രത്തിലെ നായിക. താരത്തിന്റെ ആദ്യ മലയാള സിനിമ കൂടിയാണ് ഖലീഫ. ജിനു എബ്രഹാമിന്റേതാണ് തിരക്കഥ.

ജിനു ഇന്നോവേഷൻസിന്റെ ബാനറിൽ ജിനു വി. എബ്രഹാമാണ് ചിത്രം നിർമിക്കുന്നത്. സൂരജ് കുമാർ, ശ്രീലാൽ സുരപാണി, സിജോ സെബാസ്റ്റ്യൻ എന്നിവരാണ് സഹനിർമാതാക്കൾ. ജോമോൻ ടി. ജോണാണ് ഛായാഗ്രാഹകൻ. ചമൻ ചാക്കോയുടെതാണ് ചിത്രസംയോജനം.

പ്രൊഡക്ഷൻ ഡിസൈനർ-മോഹൻദാസ്, ആക്ഷൻ ഡയറക്ടേഴ്സ്-ചേതൻ ഡിസൂസ, യാനിക് ബെൻ - ഫോണിക്സ് പ്രഭു, കോ ഡയറക്ടർ-സുരേഷ് ദിവാകർ, കലാസംവിധാനം-വിശ്വനാഥ് അരവിന്ദ്, വസ്ത്രാലങ്കാരം-മഷർ ഹംസ, മേക്കപ്പ്-അമൽ ചന്ദ്രൻ, അഡീഷണൽ മ്യൂസിക്-ജോബിൻ സുലൈം, ഫൈനൽ മിക്സ്-എം. ആർ. രാജാകൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ-റെനി ദിവാകർ, വിനോഷ് കൈമൾ.




# 'വിസിറ്റർ' ചിത്രീകരണം തുടങ്ങി

ഉർവശി, നവ്യാ നമ്പ്യാർ, ധ്യാൻ ശ്രീനിവാസൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാഹുൽ മുരളീധരൻ സംവിധാനം ചെയ്യുന്ന വിസിറ്റർ എന്ന ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമവും എറണാകുളം ചാവറ കൾച്ചറൽ സെന്റർ ഹാളിൽ നടത്തി. ജനപ്രിയ നായകൻ ദിലീപ് ഭദ്രദീപം തെളിച്ച് ചടങ്ങിന് തുടക്കം കുറിച്ചു. ദിലീപ് ചിത്രത്തിന്റെ സ്വിച്ച് ഓൺ കർമം നിർവഹിച്ചപ്പോൾ പ്രശസ്ത നിർമാതാവ് ലിസ്റ്റിൻ സ്റ്റീഫൻ ആദ്യ ക്ലാപ്പടിച്ചു. ചിത്രത്തിന്റെ




മോഷൻ ടൈറ്റിൽ പോസ്റ്റർ പ്രശസ്ത നടൻ അജു വർഗീസ് റിലീസ് ചെയ്തു. മേജർ രവി, നവ്യ നമ്പ്യാർ, അജു വർഗീസ്, ഭഗത് മാനുവൽ, ഡോ. റോണി, സന്ദീപ് സേൻ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

റിലീസായ നിഗൂഢതയും ത്രില്ലിംഗും നിറഞ്ഞ ഈ ഹൊറർ ചിത്രത്തിന്റെ പോസ്റ്റർ ഇതിനോടകം തന്നെ പ്രേക്ഷകശ്രദ്ധ നേടിക്കഴിഞ്ഞു. ഔറിക ഫിലിംസിന്റെ ബാനറിൽ അബ്ദുൾ ഗഫൂർ നിർമിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ, സംഭാഷണം നീതു മാത്യു എഴുതുന്നു.

ഇഎംകെ ഛായാഗ്രഹണം നിർവഹിക്കുന്നു. മനു മഞ്ജിത് എഴുതിയ വരികൾക്ക് അരുൺ മുരളീധരൻ സംഗീതം പകരുന്നു. എഡിറ്റിംഗ്-നിധിൻ രാജ് അറോൾ, കോ-പ്രൊഡ്യൂസേഴ്സ്-അനൂപ് ഹോർമിസ്, അനിൽ തമാലം, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-സുകുമാർ തെക്കേപ്പാട്ട്, മേക്കപ്പ്-റോണക്സ് സേവ്യർ, ആർട്ട്-അസീസ് കരുവാരക്കുണ്ട്, സൗണ്ട് ഡിസൈൻ-ജയദേവൻ ചക്കാടത്ത്, കോസ്റ്റ്യൂം-സുജിത്ത് മട്ടന്നൂർ, പ്രൊഡക്ഷൻ കൺട്രോളർ-സജീവ് ചന്തിരൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അനിൽ ഏബ്രഹാം.

# 'കരിമ്പടം' വീഡിയോ ഗാനം റിലീസായി

അനസ് സൈനുദ്ദീൻ, തീർഥ ഹരിദേവ്, ജെസൻ ജോസഫ്, അനീഷ് പൊന്നപ്പൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അംലാദ് ജലീൽ സംവിധാനം ചെയ്യുന്ന കരിമ്പടം എന്ന ചിത്രത്തിലെ വീഡിയോ ഗാനം റിലീസായി.

അനസ് സൈനുദ്ദീൻ രചിച്ച് സംഗീതം നല്കി മധു ബാലകൃഷ്ണൻ ആലപിച്ച 'തനുവിലിനി എന്നും തണുപ്പല്ലേ...' എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.

സുനിൽ സി.പി, വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ കല ആയൂർ, അജയൻ അഞ്ചൽ, ശരിക സ്റ്റാലിൻ, ജീവൻ നവോദയ, സനോജ് നടയിൽ, ജിബിൻ ജോയ്, അനീഷ് വി. ശിവദാസ്, ഷിബിന അമീർജാൻ, അമ്മവീട്ടിൽ രാജേഷ്, ബിന്ദു ചന്ദ്ര, സാവിത്രിചേത്തല്ലൂർ, രതീഷ് മീനക്കൽ, ശ്രീകുമാർ മാടവൂർ, സജീന കൊല്ലം, രമ്യ മനോജ്, അഡ്വ. അനിൽകുമാർ, സാബു തിരുമല, റിജാസ് കൊല്ലം, ആർ.കെ. രാജ, അബ്ദുൾ ഖാദർ, ബിനു ബി. ചന്ദ്രൻ, ഗോപകുമാർ അടൂർ, ശ്രീലക്ഷ്മി, കാശിനാഥ് ചന്ദ്രൻ ആർ, എൻ.കെ.ആർ. മൗലി, സിദ്ധൻ, അനന്തു തേവന്നൂർ, സന്തോഷ് കൊട്ടുക്കൽ, ദിലീപ് ആയൂർ, രശ്മി ഹരി തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

ഈ ചിത്രത്തിന്റെ കഥ തിരക്കഥ, സംഭാഷണം-അനസ് സൈനുദ്ദീൻ എഴുതുന്നു. ശ്രീജിത്ത് മനോഹരൻ ഛായാഗ്രഹണം നിർവഹിക്കുന്നു. അനസ് സൈനുദ്ദീൻ, ആര്യ അമ്പാട്ട് എന്നിവർ എഴുതിയ വരികൾക്ക് അനസ് സൈനുദ്ദീൻ, നിഖിൽ മാധവ് എന്നിവർ സംഗീതം പകരുന്നു. കല, മേക്കപ്പ്-ഉ




ണ്ണികൃഷ്ണൻ കല, വസ്ത്രാലങ്കാരം-ജേഷ്മ ഷിനോജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അൽ അമീൻ ഷാജഹാൻ, എഡിറ്റർ-സൂരജ് പ്രഭ, ബിജിഎം-ശ്രാവൺ കലൈ, സൗണ്ട് ഡിസൈൻ-കരുൺ പ്രസാദ്, നവാസ് മജീദ്, കളറിസ്റ്റ്-സുരേഷ് സി, സൗണ്ട് മിക്സ്-രാജേഷ്, പബ്ലിസിറ്റി ഡിസൈൻ-ആരോമൽ ചന്ദ്രൻ, മാർക്കറ്റിംഗ് ആൻഡ് കമ്യൂണിക്കേഷൻ-ഗോവിന്ദ് പ്രഭാകർ, വിഎഫ്എക്സ്-അജയ് ക്രൂസ്.




# 'മോഹനവള്ളി' ഷൂട്ടിംഗ് ആരംഭിച്ചു

അസീസ് നെടുമങ്ങാട് കേന്ദ്ര കഥാപാത്രമായും ബിന്ദു പണിക്കർ, ബൈജു സന്തോഷ്, അബിൻ ബിനോ എന്നിവർ പ്രധാന വേഷത്തിലും എത്തുന്ന മോഹനവള്ളി എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് കൊച്ചിയിൽ ആരംഭിച്ചു. ജെ സ്റ്റുഡിയോസും എടുഎ മൂവി പ്രമോഷൻസും ചേർന്ന് നിർമിക്കുന്ന ചിത്രം പുതുമുഖ സംവിധായകനായ ഉമേഷ് എസ്. നായർ സംവിധാനം ചെയ്യുന്നു. രാഹുൽ കല്യാൺ തിരക്കഥ ഒരുക്കുന്ന ചിത്രത്തിന്റെ സംഗീതം ഒരുക്കുന്നത് അർക്കാഡോ.

കൊച്ചി ഇടപ്പള്ളി അഞ്ചുമന ക്ഷേത്രത്തിൽ നടന്ന പൂജാ ചടങ്ങുകളോടെ ചിത്രത്തിന്റെ ആരംഭം കുറിച്ചു. സംവിധായകൻ ലിയോ തദേവൂസ് ചിത്രത്തിന്റെ ടൈറ്റിൽ പ്രകാശനം നിർവഹിച്ചു. പ്രശസ്ത സംവിധായകൻ സഞ്ജീവ് ശിവൻ സ്വിച്ചോൺ കർമം നിർവഹിച്ചു. ശ്രീകാന്ത് മുരളി ഫസ്റ്റ് ക്ലാപ്പ് നൽകി. സിനിമാ രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്ത ചടങ്ങിന് ശേഷം അസീസ് നെടുമങ്ങാടിന്റെ ആദ്യ ഷോട്ട് പൂർത്തിയായി.


നാട്ടിൻപുറത്തുകാരനായ പ്രേമദാസനും അമ്മ ശാരദാമ്മയും നേർച്ച നടത്താൻ പളനിയിലേക്ക് ഒരു തീർഥയാത്ര പോകുന്നു. ആ യാത്രയിൽ മോഹിച്ചു പിടിച്ച വള്ളിയുമായി പ്രേമദാസനും അമ്മയും കേരളത്തിലേക്ക് തിരിച്ചെത്തുന്നു... മോഹനവള്ളിയുമായി... പിന്നീട് ഇവരുടെ ജീവിതത്തിൽ നടക്കുന്ന കാര്യങ്ങൾ ഹാസ്യ രൂപേണ അവതരിപ്പിക്കുകയാണ് ചിത്രത്തിലൂടെ. കോമഡി ഹൊറർ മൂഡിലാണ് ചിത്രം ഒരുങ്ങുന്നത്.

രക്ഷണ ഇന്ദുചൂഡൻ, സെന്തിൽ കൃഷ്ണ, ഭഗത് മനുവൽ, മൊട്ട രാജേന്ദ്രൻ, ശ്രീജ രവി, വിജയ് മുത്തു, തുഷാരപിള്ള, ശശാങ്കൻ മയ്യനാട് എന്നിവരും ചിത്രത്തിൽ അഭിനയിക്കുന്നു. ഛായാഗ്രഹണം-സുധീർ സുരേന്ദ്രൻ, എഡിറ്റിംഗ്-സുനേഷ് സെബാസ്റ്റ്യൻ, കലാ സംവിധാനം - മകേഷ് മോഹനൻ, മേക്കപ്പ്-സിജേഷ് കൊണ്ടോട്ടി, കോസ്റ്റ്യൂം-അരവിന്ദ് കെ. ആർ, സൗണ്ട് മിക്സിംഗ്-എം.ആർ. രാജാകൃഷ്ണൻ, സൗണ്ട് ഡിസൈൻ-ആശിഷ് ജോസ് ഇല്ലിക്കൽ, പ്രൊഡക്ഷൻ കൺട്രോളർ-ശശി പൊതുവാൾ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ്-കമലാക്ഷൻ പയ്യന്നൂർ, അനിൽ അൻസാദ്, സ്റ്റിൽസ്-വിഷ്ണു ആർ. ഗോവിന്ദ്, ഡിസൈൻസ്-യെല്ലോടൂത്ത്സ്, മാർക്കറ്റിംഗ്-ഒപ്ര.




പാലക്കാട്, കൊല്ലങ്കോട്, പൊള്ളാച്ചി, പഴനി എന്നിവിടങ്ങളിലായി ഒറ്റ ഷെഡ്യൂളിൽ ചിത്രീകരണം പൂർത്തിയാക്കും.

# 'രാമർകൂത്ത്' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറക്കി




ശ്രീരാമ ചരിതം ആടിയും പാടിയും അവതരിപ്പിക്കുന്ന അട്ടപ്പാടിയിലെ മൺമറയുന്ന ഗോത്ര പൈതൃത കലാരൂപമായ രാമർകൂത്ത് ആസ്പദമാക്കി വിജീഷ് മണി സംവിധാനം ചെയ്യുന്ന ഡോക്യുഫിക്ഷൻ മൂവിയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, പത്മശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി, മൗനയോഗി സ്വാമി ഹരി നാരായണന് നൽകി പ്രകാശനം നിർവഹിച്ചു. അനശ്വര ചാരിറ്റബിൾ ട്രസ്റ്റ് നിർമിച്ച് ചിത്രീകരണം പൂർത്തിയായ ചിത്രത്തിൽ രാമർകൂത്ത് കലാകാരനായ പൊന്നൻ രങ്കന്റെ നേതൃത്വത്തിൽ കാരമട ജയൻ, വിനോദ് ഊത്തുകുഴി, മരുതൻ തുടങ്ങിയവരോടൊപ്പം അട്ടപ്പാടിയിലെ കലാകാരൻമാരും അണിനിരക്കുന്നു. ഛായാഗ്രഹണം-ഭവി ഭാസ്ക്കർ, എഡിറ്റിംഗ്-ബി. ലെനിൻ, സൗണ്ട് ഡിസൈനർ-ഗണേഷ് മാരാർ, കലാസംവിധാനം-ശ്രീരാഗ് കർമ, മേക്കപ്പ്-ശശി കാട്ടകമ്പാൽ, സഹസംവിധാനം-ശരത്ത് ബാബു, പ്രൊഡക്ഷൻ മാനേജർ-കെ.ബി, രാമദാസ് അട്ടപ്പാടി, സജീവൻ നമ്പിയത്ത്.

# 'പൊടിപൂരം' ചിത്രീകരണം ഡിസംബറിൽ

അഭിമന്യു ഷമ്മി തിലകൻ, ബിബിൻ ജോർജ്, രേണു സൗന്ദർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ നിവിൻ ദാമോദരൻ സംവിധാനം ചെയ്യുന്ന പുതിയ സിനിമയാണ് പൊടിപൂരം.


ഇന്ദ്രജിത്ത് ജഗജിത്ത്, ചിരാഗ് ജാനി, ഷാജു ശ്രീധർ, ശ്രീജിത്ത് രവി, സുധീർ സുകുമാരൻ, അങ്കിത് മാധവ്, നന്ദൻ ഉണ്ണി, അബിൻ ബിനോ, എൻ.എം. ബാദുഷ, അൻസജ് ഗോപി, സ്വപ്ന പിള്ള തുടങ്ങിയവർക്കൊപ്പം പുതുമുഖങ്ങളും അഭിനയിക്കുന്നു.

ത്രികാൽ സ്റ്റുഡിയോസിന്റെ ബാനറിൽ പി. ശിവപ്രസാദ്, അമീർ കൊച്ചിൻ, നിവിൻ ഡി എന്നിവർ ചേർന്ന് നിർമിക്കുന്ന ആക്ഷൻ കോമഡി ചിത്രത്തിന്റെ ഛായാഗ്രഹണം രവിചന്ദ്രൻ നിർവഹിക്കുന്നു. പ്രശസ്ത ഹൊറർ നോവലെഴുത്തുകാരനായ അനുരാഗ് ഗോപിനാഥ് തിരക്കഥയും സംഭാഷണവുമെഴുതുന്നു. അൻസാജ് ഗോപി എഴുതിയ വരികൾക്ക് ഫോർ മ്യൂസിക് സംഗീതം പകരുന്നു. സഹ നിർമാണം-ബോണി അസനാർ, അഭിമന്യു കൃഷ്ണൻ, എഡിറ്റർ-ജിത്ത് ജോഷി, പ്രൊഡക്ഷൻ കൺട്രോളർ-ഇക്ബാൽ പാനായിക്കുളം, പ്രൊഡക്ഷൻ ഡിസൈനർ-ശ്യാം കാർത്തികേയൻ, വസ്ത്രാലങ്കാരം-സൂര്യ ശേഖർ, മേക്കപ്പ്-ജിതേഷ് പൊയ്യ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-കെ.ജെ. വിനയൻ, പ്രോജക്ട് കോ-ഓർഡിനേഷൻ-ഹരീഷ് എ.വി, ടെക്നിക്കൽ സപ്പോർട്ട്-സ്റ്റീഫൻ വള്ളിയറ (ടെക് ഫിലിം), ഫിനാൻസ് കൺട്രോളർ-സുജിത്ത് സുധാകർ, സൗണ്ട് ഡിസൈൻ-ഹരി നാരായണൻ, സൗണ്ട് മിക്സിംഗ്-അജിത് എ. ജോർജ്, സ്റ്റുഡിയോ-ഹൈ സ്റ്റുഡിയോസ്, ഡിജിറ്റൽ മാർക്കറ്റിഗ്-ബി.സി. ക്രീയേറ്റീവ്സ്, പ്രൊമോഷൻ കൺസൾട്ടന്റ് - മനു കെ. തങ്കച്ചൻ, സ്റ്റിൽസ്-ജസ്റ്റിൻ ജയിംസ്, പബ്ലിസിറ്റി ഡിസൈൻ-റോസ് മേരി ലില്ലു, മാജിക് മൊമെന്റ്സ്, വിതരണം-ഫസ്റ്റ് ക്ലാസ് ഫിലിംസ് ത്രൂ ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ്. പ്രാരംഭ നടപടികൾ പൂർത്തിയാകുന്ന ഈ സിനിമയുടെ ചിത്രീകരണം ഡിസംബറിൽ ആരംഭിക്കും.



# സാരാനാഥിന് പൈതൃക പദവി

ന്യൂഡൽഹി: യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംനേടി സാരാനാഥിലെ ബുദ്ധമത തീർത്ഥാടനകേന്ദ്രം. ബുദ്ധന് ബോധോദയമുണ്ടായ ശേഷം ആദ്യം ധർമപ്രഭാഷണം നടത്തിയ സ്ഥലമാണ് ഉത്തർപ്രദേശിലെ സാരാനാഥ്. ലോക പൈതൃക പട്ടിയിൽ ഇടംപിടിക്കുന്ന ഇന്ത്യയിൽ നിന്നുള്ള 45-ാമത്തെ സ്ഥലമാണിത്. ബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട നാല്



തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ സാരാനാഥിലേക്ക് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് സന്ദർശകർ എത്താറുണ്ട്. 1998-ൽ പൈതൃക പദവിയുടെ സാദ്ധ്യതാ പട്ടികയിൽ ഇടംനേടിയ സാരാനാഥിന് 28 വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷമാണ് യുനെസ്കോ പൈതൃക പദവി നല്കുന്നത്.

ബിസി മൂന്നാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടതെന്നു കരുതപ്പെടുന്ന സ്തൂപങ്ങൾ, ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ, അശോകസ്തംഭം തുടങ്ങിയ പുരാതന അവശിഷ്ടങ്ങൾ അടങ്ങിയതാണ് സാരാനാഥ്. അശോക ചക്രവർത്തി സ്ഥാപിച്ച ഈ സ്തംഭത്തിലെ സിംഹ ശിരസ്സുകളാണ് ഇന്ത്യയുടെ ദേശീയ ചിഹ്നത്തിൽ ഇടംപിടിച്ചത്. സ്തൂപത്തിൽ ആലേഖനം ചെയ്തിരിക്കുന്ന 24 ആരക്കാലുള്ള ചക്രം ഇന്ത്യയുടെ ദേശീയപതാകയിലും ഇടംനേടി.

# കേരളത്തിൽ 24 എൻഡിപിഎസ് കോടതികൾ വരുന്നു

കൊല്ലം: കേരളത്തിൽ ലഹരിക്കേസുകളിൽ പെട്ടെന്നു വിചാരണ നടത്തി കുറ്റവാളികളെ ശിക്ഷിക്കാൻ 24 നർകോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (എൻഡിപിഎസ്) സ്പെഷൽ കോടതികൾ കൂടി സ്ഥാപിക്കാൻ ആഭ്യന്തരവകുപ്പിന്റെ നടപടി. നിലവിൽ തൊടുപുഴയിലും വടകരയിലും മഞ്ചേരിയിലുമായി മൂന്ന് എൻഡിപിഎസ് പ്രത്യേക കോടതികളാണുള്ളത്. എല്ലാ ജില്ലകളിലും ഉള്ള അബ്കാരി കോടതികൾ, എൻഡിപിഎസ് പ്രത്യേക കോടതികളാക്കി മാറ്റുന്നതിനുള്ള ശിപാർശ പോലീസ് ആസ്ഥാനത്തുനിന്ന് ഈയാഴ്ച ആഭ്യന്തരവകുപ്പിനു കൈമാറും. ഈയിടെ ചേർന്ന ഉന്നത പോലീസുദ്യോഗസ്ഥരുടെ യോഗത്തിൽ ഈ തീരുമാനമെടുത്തിരുന്നു. ഇതുകൂടാതെ 10 എൻഡിപിഎസ് കോടതികൾ കേരളത്തിന് അനുവദിക്കുമെന്ന് കേന്ദ്രസർക്കാരും ആഭ്യന്തരവകുപ്പിനെ അറിയിച്ചു. 2023-ലെ കണക്കുപ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ എൻഡിപിഎസ് കേസുകൾ രജിസ്റ്റർ ചെയ്തത് കേരളത്തിലാണ്.

സ്പിരിറ്റും ചാരായവും പിടിക്കുന്ന കേസുകൾ നിലവിൽ ഇല്ല. സർക്കാർ വിൽക്കുന്ന മദ്യംതന്നെ അധികം കൈവശം വെച്ച കേസുകളാണ് കൂടുതലും. അതുകൊണ്ട് 14 ജില്ലകളിലെയും അബ്കാരി കോടതികൾ എൻഡിപിഎസ് പ്രത്യേക കോടതിയാക്കാനാണ് പോലീസ് നിർദേശം. അധികം പണച്ചെലവ് വരുന്നുമില്ല. തിരുവനന്തപുരം, കൊച്ചി, കൊല്ലം, ഫാസ്റ്റ് ട്രാക്ക് കോടതികൾക്ക് ഹൈക്കോടതി നിർദേശപ്രകാരം എൻഡിപിഎസ് പദവികൂടി നൽകിയിരുന്നെങ്കിലും മറ്റു കേസുകൾക്കൊപ്പമാണ് ലഹരിക്കേസ് പരിഗണിക്കുക.

# അജിത്കുമാർ നിയമനടപടിക്ക്

തിരുവനന്തപുരം: ആലപ്പുഴയിലെ 'രക്ഷാപ്രവർത്തനം' കേസ് അട്ടിമറിക്കാൻ ശ്രമിച്ചതിന്റെ പേരിൽ സസ്പെൻഡ് ചെയ്തതിനെതിരെ എം.ആർ. അജിത്കുമാർ നിയമനടപടിക്ക്. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുമെന്നാണു സൂചന. കേസിൽ താൻ ഇടപെട്ടിട്ടില്ലെന്നും നിരപരാധിയാണെന്നുമുള്ള നിലപാടിൽ ഉറച്ചുനിൽക്കുകയാണ് അദ്ദേഹം. ഈ മാസം 31-നു ഡിജിപി റാങ്കിലേക്കു ലഭിക്കാനിരുന്ന സ്ഥാനക്കയറ്റം സസ്പെൻഷനിലായതോടെ നഷ്ടമായതും ട്രൈബ്യൂണലിൽ അദ്ദേഹം ചൂണ്ടിക്കാട്ടും. കേസന്വേഷിച്ച ഉദ്യോഗസ്ഥരെ തിരുവനന്തപുരത്തെ ഓഫീസിലേക്കു വിളിച്ചുവരുത്തി അന്വേഷണം അട്ടിമറിച്ചുവെന്ന് പറയപ്പെടുന്നസമയത്ത് താൻ വയനാട്ടിലായിരുന്നു എന്നാണ് അദ്ദേഹത്തിന്റെവാദം. തനിക്കെതിരായ പ്രത്യേക അന്വേഷണസംഘത്തിന്റെ കണ്ടെത്തലുകൾ അടിസ്ഥാനരഹിതമാണെന്നും അധികാരപരിധിക്കു പുറത്തുള്ള കാര്യങ്ങളാണ് എ.പി. ഷൗക്കത്തലിയുടെ നേതൃത്വത്തിലുള്ള എസ്ഐടി അന്വേഷിച്ചതെന്നും സംസ്ഥാന പോലീസ്മേധാവിക്കു നൽകിയ വിശദീകരണത്തിൽ അജിത്കുമാർ കുറ്റപ്പെടുത്തിയിരുന്നു. അതേസമയം കേസിൽ അജിത്കുമാർ അന്യായമായി ഇടപെട്ടതിന്റെ വ്യക്തമായതെളിവുകൾ ലഭിച്ചിട്ടുണ്ടെന്നാണ് പോലീസിന്റെയും ആഭ്യന്തരവകുപ്പിന്റെയും നിലപാട്.

# പ്രതിരോധ മേഖലയിൽ ഇന്ത്യ വിശ്വസ്ത പങ്കാളിയെന്ന്

ന്യൂഡൽഹി: ആഗോളതലത്തിൽ വിശ്വസ്ത പ്രതിരോധ പങ്കാളിയായി ഇന്ത്യ വളർന്നുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രക്ഷേപണമായ മൻ കി ബാത്തിലൂടെ കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയായിരുന്നു പ്രധാനമന്ത്രി. പ്രതിരോധ ഉത്പാദനത്തിലും കയറ്റുമതിയിലും ഇന്ത്യ മുന്നേറുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയിൽ നിന്ന് ബ്രഹ്മോസ്, അസ്ത്ര മിസൈലുകൾ വാങ്ങുന്നതിന് ഇന്തോനേഷ്യയുമായി ഉണ്ടാക്കിയ കരാറും അദ്ദേഹം ഓർമ്മിപ്പിച്ചു.പിനാക ലോംഗ് റേഞ്ച് ഗൈഡഡ് റോക്കറ്റിന്റെയും കുഷ മിസൈലുകളുടെയും പരീക്ഷണം വിജയകരമാക്കിയ ഡിആർഡിഒയുടെ നേട്ടങ്ങളും അദ്ദേഹം എടുത്തുകാട്ടി. 75 ശതമാനത്തിലധികം തദ്ദേശീയമായി വികസിപ്പിച്ച ആധുനിക യുദ്ധക്കപ്പൽ ഐഎൻഎസ് മഹേശ്വരി നാവികസേനയുടെ ഭാഗമാക്കിയത് വലിയ നേട്ടമാണ്. സ്വകാര്യ മേഖല വികസിപ്പിച്ചെടുത്ത ഇന്ത്യയിലെ ആദ്യ റോക്കറ്റായ വിക്രം-1 ന്റെ വിജയകരമായ വിക്ഷേപണം രാജ്യത്തെ ഓരോ പൗരനും അഭിമാനിക്കാവുന്നനേട്ടമാണെന്നും അദ്ദേഹം വ്യക്തമാക്കി.

# ആൻഡി ബേർനാം ബ്രിട്ടീഷ് പ്രധാനമന്ത്രി



ലണ്ടൻ: ബ്രിട്ടീഷ് പ്രധാനമന്ത്രിയായി ലേബർ പാർട്ടി നേതാവ് ആൻഡി ബേർനാം ചുമതലയേറ്റു. രാജ്യത്ത് പുതിയ രാഷ്ട്രീയ, സാമ്പത്തിക മാതൃക സൃഷ്ടിക്കുമെന്ന് പ്രധാനമന്ത്രി എന്ന നിലയിൽ തന്റെ ആദ്യപ്രസംഗത്തിൽ ബേർനാം പറഞ്ഞു. കഴിഞ്ഞ 40 വർഷത്തിനിടയിലെ ഏറ്റവും വലിയ മാറ്റങ്ങൾ കൊണ്ടുവരും. രാജ്യത്തിന് ഇതൊരു സർക്യൂട്ട് ഭേദിക്കൽ നിമിഷമാകുമെന്നു താൻ ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. തെരുവുകളിൽ കഴിയേണ്ടിവരുന്നവരുടെ (റഫ് സ്ലീപ്പിംഗ്) പ്രശ്നം അവസാനിപ്പിക്കുകയാണ് തന്റെ പ്രഥമ പരിഗണനയെന്ന് പറഞ്ഞ ബേർനാം കൂടുതൽ വീടുകൾ നിർമ്മിക്കുമെന്നും പ്രഖ്യാപിച്ചു. ജനങ്ങളെ നന്നായി ജീവിക്കാൻ ഞങ്ങൾ സഹായിക്കും. ജനങ്ങളുടെ ആരോഗ്യത്തിലും വിജയത്തിലും നിക്ഷേപം നടത്തും. ആ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും ബേർനാം പറഞ്ഞു.

നേരത്തെ ബെക്കിങ്ഹാം കൊട്ടാരത്തിൽ ചാൾസ് മൂന്നാമൻ രാജാവിനെ സന്ദർശിച്ച ബേർനാമിനെ സർക്കാർ രൂപീകരിക്കാൻ ഔദ്യോഗികമായി ക്ഷണിച്ചു. തുടർന്നായിരുന്നു അധികാരമേൽക്കൽ ചടങ്ങുകൾ. കീയർ സ്റ്റാർമർ രാജി വെച്ചതിനു പിന്നാലെയാണ് പുതിയ പ്രധാനമന്ത്രിയെ നിയമിച്ചത്.

ബേർനാമിന് എല്ലാ പിന്തുണയുമുണ്ടാകുമെന്ന് വിടവാങ്ങൽ പ്രസംഗത്തിൽ സ്റ്റാർമർ പറഞ്ഞു. അഭിമാനത്തോടെയാണ് പടിയിറങ്ങുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# യു.കെ. മന്ത്രിസഭാ പദവികളിൽ മൂന്ന് ഇന്ത്യൻ വംശജർ

ലണ്ടൻ: യുകെയിലെ ആൻഡി ബേൺഹാമിന്റെ നേതൃത്വത്തിലുള്ള പുതിയ ലേബർ പാർട്ടി മന്ത്രിസഭയിൽ നിർണായകസ്ഥാനങ്ങളിൽ മൂന്ന് ഇന്ത്യൻ വംശജർ. ബിഹാറിൽ ജനിച്ച കനിഷ്ക നാരായൺ രാജ്യത്തെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മന്ത്രിയായപ്പോൾ ആദ്യമായി എംപിമാരായ സത്വീർ കൗറിനും ഹർപ്രീത് ഉപ്പലിനും മുൻനിര പദവികൾ ലഭിച്ചു.

സത്വീർ കൗർ പാർലമെന്ററി അണ്ടർ സെക്രട്ടറി ഓഫ് സ്റ്റേറ്റ് പദവിയിൽ നിയമിതയായപ്പോൾ അസിസ്റ്റന്റ് വിപ്പായാണ് ഉപ്പലിനു നിയമനം. ഇതിനുപുറമേ കെയർ സ്റ്റാമർ മന്ത്രിസഭയിലുണ്ടായിരുന്ന കൊൽക്കത്തയിൽ വേരുകളുള്ള ലിസാ നന്ദി ബേൺഹാം മന്ത്രിസഭയിലും സ്ഥാനം നിലനിർത്തി. തമിഴ് പാരമ്പര്യമുള്ള ശ്രീലങ്കൻ ഹിന്ദു എം.പി. ഉമാ കുമാരൻ വിദേശകാര്യ ഓഫീസിൽ സഹമന്ത്രിയാണ്.

അതേസമയം, മുൻ സർക്കാരിലുണ്ടായിരുന്ന ഇന്തോ-പസഫിക് മന്ത്രി സീമ മൽഹോത്ര, ആരോഗ്യ സഹമന്ത്രി പ്രീത് കൗർ ഗിൽ എന്നീ ഇന്ത്യൻ വംശജർക്ക് ബേൺഹാം മന്ത്രിസഭയിൽ ഇടംപിടിക്കാനായില്ല. ബിഹാറിലെ മുസഫർപൂരിൽ ജനിച്ച കനിഷ്ക നാരായണൻ 12 വയസുള്ളപ്പോൾ കുടുംബത്തോടൊപ്പം വെയിൽസിലേക്ക് കുടിയേറി. ഈറ്റൺ കോളജ്, ഓക്സ്ഫഡ്, സ്റ്റാൻഫാർഡ് സർവകലാശാലകളിലായിരുന്നു പഠനം. 2024 ജൂലൈയിൽ വെയിൽ ഓഫ് മോർഗനിൽ നിന്നുള്ള ലേബർ എം.പിയായി. കഴിഞ്ഞ സെപ്റ്റംബർ മുതൽ ശാസ്ത്രം, ഇന്നൊവേഷൻ, ടെക്നോളജി വകുപ്പിൽ പാർലമെന്ററി അണ്ടർ സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയി സേവനമനുഷ്ഠിക്കുകയായിരുന്നു. സതാംപ്ടൺ ടെസ്റ്റിലെ ലേബർ എംപിമാരായ സത്വീർ കൗർ 2024 ജൂലൈയിലാണ് ആദ്യമായി പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. പഞ്ചാബിൽ നിന്നുള്ളവരാണ് മാതാപിതാക്കൾ. 2025 സെപ്റ്റംബർ മുതൽ ക്യാബിനറ്റ് ഓഫീസിൽ പാർലമെന്ററി സെക്രട്ടറിയാണ്.

ഹഡേഴ്സ്ഫീൽഡിനെ പ്രതിനിധീകരിക്കുന്ന ഹർപ്രീത് ഉപ്പലിനെ ലേബർ പാർട്ടിയുടെ പാർലമെന്ററി കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും വോട്ടെടുപ്പുകളിലടക്കം എംപിമാരുടെ സാന്നിധ്യം ഉറപ്പിക്കാനുമുള്ള വിപ്പായാണ് നിയമിച്ചിരിക്കുന്നത്.

# പ്രതികളുടെ ആസ്തി കണ്ടുകെട്ടുന്നു

(3-ാം പേജിൽനിന്നും)

ഡയറിയിൽ ഉണ്ടെന്നാണ് ഇഡി വ്യക്തമാക്കുന്നത്. സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച പരിശോധനയിൽ ഈ ഡയറിയിലെ വിവരങ്ങൾ നിർണായകമാണ്. ഡയറിയിലെ ഒന്നു മുതൽ ഒൻപതു വരെയുള്ള പേജുകളിൽ കേസുമായി ബന്ധപ്പെട്ട സുപ്രധാന വിവരങ്ങൾ അടങ്ങിയിട്ടുണ്ടെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. പിടിച്ചെടുത്ത ഐ ഫോൺ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ നിന്ന് സേവന കരാറുകളെക്കുറിച്ചും ഇ-മെയിലുകളെക്കുറിച്ചുമുള്ള വിവരങ്ങൾ ഇഡിക്ക് ലഭിച്ചിട്ടുണ്ട്.

ആസ്തി വിവരം സംബന്ധിച്ച കണ്ടെത്തലുകൾ അടങ്ങുന്ന റിപ്പോർട്ട് കൊച്ചി ഇഡി ഓഫീസ് ഡൽഹിയിലെ അഡ്ജൂഡിക്കേറ്റിംഗ് അഥോറിറ്റിക്ക് സമർപ്പിച്ചു. 2017 ജനുവരി മുതൽ ഒക്ടോബർ വരെയുള്ള പത്ത് മാസത്തിനിടെ ബില്ലുകളോ ഇൻവോയിസുകളോ ഇല്ലാതെ 45 ലക്ഷം രൂപ വീണയുടെ അക്കൗണ്ടിലേക്ക് സിഎംആർഎൽ നല്കിയെന്നാണ് കണ്ടെത്തൽ.


അതേസമയം നല്കാത്ത സേവനത്തിന്റെ ഇൻവോയിസ് ഐ ഫോണിൽ നിർമ്മിച്ചതും വ്യാജ ഐടി സേവനത്തിന്റെ കരാർ ഫോണിൽ കണ്ടെത്തിയതും മാസപ്പടി കേസിൽ വീണയെ കൂടുതൽ കുരുക്കും. ശശിധരൻ കർത്തയുമായുള്ള ഇ-മെയിൽ ഇടപാടുകളും ഐ ഫോൺ വഴിയായിരുന്നു. സേവനങ്ങളെക്കുറിച്ചല്ല പണമിടപാടുകളെക്കുറിച്ചാണ് ചർച്ചയെന്നും ഇഡി വ്യക്തമാക്കുന്നു.

വീണയുടെ പേരിൽ മറ്റൊരു കമ്പനിയും കൂടിയുണ്ടെന്ന് ഇഡി കണ്ടെത്തിയിട്ടുണ്ട്. ലേക്കർ ഇന്ത്യ കോർപ്പിൽ വീണ പങ്കാളിയാണ്. കോഴിക്കോടാണ് കമ്പനി രജിസ്റ്റർ ചെയ്തിരിക്കുന്നത്. പിണറായിയുടെ വീട്ടിലെ പരിശോധനയിലാണ് രേഖകൾ കണ്ടെത്തിയത്.

# മത്സര പരീക്ഷകളുടെ ഘടന പരിഷ്കരിക്കുന്നു

(3-ാം പേജിൽനിന്നും)

2024-ലെ നീറ്റ് ചോദ്യക്കടലാസ് ചോർച്ച വിവാദത്തിനു പിന്നാലെ പൊതുപരീക്ഷകളുടെ സുതാര്യത ഉറപ്പാക്കാൻ ഐഎസ്ആർഒ മുൻ ചെയർമാനും മലയാളിയുമായ ഡോ. കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഏഴംഗ സമിതിയെ നിയോഗിച്ചിരുന്നു. ഇവരുടെ നിർദേശങ്ങളിൽ ഭൂരിഭാഗവും കേന്ദ്രം നടപ്പാക്കിയിരുന്നില്ല. നീറ്റ്-യുജി പരീക്ഷ കംപ്യൂട്ടർ അധിഷ്ഠിതമാക്കുക എന്ന നിർദേശം നിലവിലെ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ അടുത്ത തവണ മുതൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ഇതിനിടെയാണു പുതിയ സമിതിയെ നിയോഗിക്കാനുള്ള തീരുമാനം. മുൻ ഐഎസ്ആർഒ ചെയർമാനും മലയാളിയുമായ എസ്. സോമനാഥ്, ഇന്റലിജൻസ് ബ്യൂറോ മുൻ ഡയറക്ടർ തപൻ ദേക്ക, ഐഐടി മദ്രാസ് ഡയറക്ടർ വി. കാമകോടി, വിദ്യാഭ്യാസ മന്ത്രാലയം മുൻ സെക്രട്ടറി അനിത കർവാൽ, ലോജിസ്റ്റിക്സ് വിദഗ്ധൻ അമിത് ലാൽ മീണ എന്നിവരാണു പുതിയ സമിതിയിലെ മറ്റ് അംഗങ്ങൾ.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# 16-ാമത് കെ.സി.സി.എൻ.എ. കൺവൻഷന് 2026 ഓഗസ്റ്റ് 6 ന് മയാമിയിൽ തിരിതെളിയും

വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ഏറ്റവും വലിയ കുടുംബസംഗമമായ 16-ാമത് കെ.സി.സി. എൻ.എ നാഷണൽ കൺവൻഷന് ഓഗസ്റ്റ് 6 നു തിരിതെളിയും. ഓഗസ്റ്റ് 6 മുതൽ 9 വരെ ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലുള്ള ബ്രോവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ നടക്കുന്ന ഈ മഹാസംഗമത്തിനായുള്ള എല്ലാ പ്രധാന ഒരുക്കങ്ങളും പൂർത്തിയായതായി കൺവൻഷൻ സ്റ്റിയറിംഗ് കമ്മിറ്റി അറിയിച്ചു. ഇനി ലോകമെമ്പാടുമുള്ള ക്നാനായ കുടുംബങ്ങൾ ആവേശത്തോടെയും പ്രതീക്ഷയോടെയും കൺവൻഷൻ ദിനങ്ങളിലേക്ക് കൗണ്ട്ഡൗൺ ആരംഭിച്ചിരിക്കുകയാണ്. KCASF (മയാമി), KCCCF (താമ്പാ) യൂണിറ്റുകളുടെ സംയുക്ത ആതിഥേയത്വത്തിൽ നടക്കുന്ന ഈ കൺവൻഷനിൽ അമേരിക്കയിലെയും കാനഡയിലെയും 27 യൂണിറ്റുകളിൽ നിന്നായി 3,500-ലധികം ക്നാനായ സമുദായാംഗങ്ങൾ പങ്കെടുക്കും. വിശ്വാസവും പാരമ്പര്യവും കുടുംബബന്ധവും സമൂഹത്തിന്റെ ഐക്യവും ആഘോഷിക്കുന്ന വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ ക്നാനായ കുടുംബസംഗമമായി ഇത്തവണത്തെ കൺവൻഷൻ മാറുമെന്ന് സംഘാടകർ അറിയിച്ചു. കൺവൻഷനിലേക്കുള്ള രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയായതായി സംഘാടകർ അറിയിച്ചു. അമേരിക്കയിലെയും കാനഡയിലെയും വിവിധ നഗരങ്ങളിൽ നിന്നായി ലഭിച്ച മികച്ച പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിച്ചതിലും കൂടുതൽ കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത പ്രതിനിധികൾക്കായുള്ള ഹോട്ടൽ താമസം, ഭക്ഷണ ക്രമീകരണം, ഗതാഗതം, സ്വീകരണം, രജിസ്ട്രേഷൻ സംവിധാനം, സുരക്ഷാസംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പ്രധാന ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ട്. സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച 50-ലധികം സബ് കമ്മിറ്റികളുടെ മാസങ്ങളായുള്ള അക്ഷീണ പരിശ്രമത്തിന്റെ ഫലമായാണ് എല്ലാ ഒരുക്കങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞതെന്ന് സംഘാടകർ അറിയിച്ചു. സമുദായ സമ്മേളനങ്ങൾ, വിശുദ്ധ കുർബാന, സാംസ്കാരിക ഘോഷയാത്ര, സെമിനാറുകൾ യുവജന പരിപാടികൾ, കുട്ടികൾക്കായുള്ള പ്രത്യേക സെഷനു കൾ, വനിതാ സമ്മേളനങ്ങൾ, കലാപരിപാടികൾ, കലാമത്സരങ്ങൾ, കായിക മത്സരങ്ങൾ, കുടുംബ സംഗമങ്ങൾ എന്നിവയ്ക്കൊപ്പം കേരളത്തിൽ നിന്നെത്തുന്ന പ്രമുഖ സംഗീത സംഘത്തിന്റെ ലൈവ് മ്യൂസിക്കൽ ഷോയും കൺവൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കും.




വിവിധ യൂണിറ്റുകൾ അവതരിപ്പിക്കുന്ന വൈവിധ്യമാർന്ന എന്റർടൈൻമെന്റ് പരിപാടികൾ കൺവൻഷൻ രാവുകളെ വർണ്ണാഭവും അവിസ്മരണീയവുമാക്കും. ചിക്കാഗോയിലെ പ്രമുഖ DJ ILLEST അവസാന ദിവസത്തെ ബാങ്ക്വറ്റിൽ കൺവൻഷനെ പ്രേത്യേകിച്ച് യുവജനങ്ങളെ ആവേശത്തിന്റെ കൊടുമുടിയിലേക്ക് കൊണ്ടുപോകുവാൻ പെർഫോം ചെയ്യും. 'വിശ്വാസം പാരമ്പര്യം, കുടുംബം' എന്ന ക്നാനായ സമൂഹത്തിന്റെ അടിസ്ഥാനമൂല്യങ്ങളെ കൂടുതൽ ശക്തി പ്പെടുത്തുന്ന ചരിത്രപരമായ ഒരു കുടുംബസംഗമമായിരിക്കും ഇത്തവണത്തേതെന്ന് KCCNA പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ എന്നിവർ അറിയിച്ചു. വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടുംബങ്ങൾക്കൊപ്പം ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള അതിഥികളുടെയും സാന്നിധ്യം കൺവെൻഷന്റെ മാറ്റുകൂട്ടും. KCCNAയുടെ പോഷക സംഘടനകളായ വിമൻസ് ഫോറം, KCYL, KYA, യുവജനവേദി എന്നിവയുടെ നേതൃത്വത്തിൽ എല്ലാ പ്രായ വിഭാഗങ്ങൾക്കും അനുയോജ്യമായ ആത്മീയ, സാമൂഹിക, സാംസ്കാരിക പരിപാടികൾ ഒരുക്കിയിട്ടുണ്ട്. കൺവൻഷൻ വേദിയും അനുബന്ധ സൗകര്യങ്ങളും പൂർണസജ്ജമായ സാഹചര്യത്തിൽ ഇനി ബാക്കിയുള്ളത് 10 ദിവസങ്ങളുടെ കൗണ്ട്ഡൗൺ മാത്രം. വടക്കേ അമേരിക്കയിലെ ക്നാനായ സമൂഹം ഒന്നടങ്കം ഈ മഹാസംഗമത്തെ വരവേൽക്കാനുള്ള ഒരുക്കത്തിലും ആവേശത്തിലുമാണ്. KCCNAയ്ക്ക് നേതൃത്വം നൽകുന്നത് പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ചിക്കാഗോ), ജോയിന്റ് സെക്രട്ടറി സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡന്റ് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്. ഇവർക്കൊപ്പം കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ, ആതിഥേയ യൂണിറ്റ് പ്രസിഡന്റുമാരായ ജയമോൾ മൂശാരിപ്പറമ്പിൽ (താമ്പാ), എബി തെക്കനാട്ട് (മയാമി) എന്നിവരും നൂറുകണ ക്കിന് കമ്മിറ്റി അംഗങ്ങളും സന്നദ്ധപ്രവർത്തകരും മാസങ്ങളായി നടത്തിയ കൂട്ടായ പരിശ്രമമാണ് 16-ാമത് KCCNA നാഷണൽ കൺവൻഷന്റെ വിജയത്തിനുള്ള ശക്തമായ അടിത്തറ. ഇനി വെറും 10 ദിവസങ്ങൾക്കകം വടക്കേ അമേരിക്കൻ ക്നാനായ സമൂഹംവ ചരിത്രത്തിലെ മറ്റൊരു മഹത്തായ കുടുംബസംഗമത്തിന് സാക്ഷ്യം വഹിക്കും.


ബൈജു ആലപ്പാട്ട്, ഡാളസ് (KCCNA P.R.O.)


ജെയിംസ് ഇല്ലിക്കൽ (താമ്പ, ഫ്ളോറിഡ) പ്രസിഡന്റ്


സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്) എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്


വിപിൻ ചാലുങ്കൽ (ചിക്കാഗോ) ജനറൽ സെക്രട്ടറി


ഡോ. സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ) ജോയിന്റ് സെക്രട്ടറി


ജോജോ സിറിയക് തറയിൽ (ഹൂസ്റ്റൺ) ട്രഷറർ


ജേക്കബ് കുസുമാലയം (ന്യൂയോർക്ക്) വൈസ് പ്രസിഡന്റ്


ജെസ്നി കൊട്ടിയാനിക്കൽ (അന്റ്ലാന്റാ) ജോയിന്റ് ട്രഷറർ

## കൺവൻഷൻ ടീം


ജോബി ഊരാളിൽ (കൺവൻഷൻ ചെയർപേഴ്സൺ)


എബി തെക്കനാട്ട് (KCASF പ്രസിഡന്റ്)


ജയമോൾ മൂശാരിപറമ്പിൽ (KCCCF പ്രസിഡന്റ്)


സിബി ചാണശ്ശേരിൽ (കോ-ചെയർപേഴ്സൺ)


അനീഷ് നടക്കുഴയ്ക്കൽ (കോ-ചെയർപേഴ്സൺ യൂത്ത്)


റോജി കണിയാംപറമ്പിൽ


ജോമോൻ ചെമ്മരപ്പള്ളിൽ


സഞ്ജയ് നടുപ്പറമ്പിൽ

(കൺവീനർമാർ)


സോജി പുതുപ്പറമ്പിൽ


മനോജ് താനത്ത്


റ്റോമി വടുതല

(കൺവീനർമാർ)

## റീജിയണൽ വൈസ് പ്രസിഡന്റുമാർ


ഫിലിപ്പ്സ് മാത്യു മാപ്പിളശേരിൽ (ഹൂസ്റ്റൺ)


അരുൺ ജോർജ് പൗവ്വത്തിൽ (മയാമി)


സിൽവസ്റ്റർ സിറിയക്ക് കൊടുന്നിനാംകുന്നേൽ (ഡാളസ്)


ബാബു തൈപ്പറമ്പിൽ (ചിക്കാഗോ)


സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്)


ഗോഡ്വിൻ കൊച്ചുപുരക്കൽ (മിനസോട്ട)


ടോമി ജോസഫ് തെക്കനാട്ട് (വാഷിംഗ്ടൺ)


ജോബിൻ മാനുവൽ മരങ്ങാട്ടിൽ (സാക്രമെന്റോ)


ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ളോറിഡ)


മിന്നു എബ്രഹാം കൊടുന്നിനാംകുന്നേൽ (കാനഡ)


റവ. ഫാ. ബോബൻ വട്ടംപുറത്ത് (സാൻ അന്റോണിയ വികാരി) സ്പിരിച്ച്വൽ ഡയറക്ടർ


ഡാനി പല്ലാട്ടുമഠം (ഡാളസ്) KCWFNA പ്രസിഡന്റ്


ആൽവിൻ പിണർക്കയിൽ (ചിക്കാഗോ) KCYLNA പ്രസിഡന്റ്


പുന്നൂസ് വഞ്ചിപുരയ്ക്കൽ (താമ്പ) KCYNA പ്രസിഡന്റ്

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**